# ഹൈന്ദവത

ബുദ്ധിയുടെയും ശുദ്ധപ്രകൃതിയുടെയും തുലാസിൽ

ഹയ്ഥം ത്വൽഅത്

**ഹൈന്ദവത; ബുദ്ധിയുടെയും ശുദ്ധപ്രകൃതിയുടെയും തുലാസിൽ (ചോദ്യോത്തരങ്ങൾ)**

ഗ്രന്ഥകർത്താവ്

**ഡോ. ഹയ്ഥം ത്വൽഅത്**


شركاء التنفيذ:

المحتوى الإسلامي رواد الترجمة جمعية الربوة دار الإسلام



يتاح طباعة هذا الإصدار ونشره بأي وسيلة مع

الالتزام بالإشارة إلى المصدر وعدم التغيير في النص.



Telephone: +966114454900

ceo@rabwah.sa

P.O.BOX: 29465

RIYADH: 11557

www.islamhouse.com

# ഹൈന്ദവ; ഒരു പഠനം

بسم الله الرحمن الرحيم

## ആമുഖം

الحمد لله رب العالمين، والصلاة والسلام على جميع رسل الله، وبعد:

ബിസ്മില്ലാഹ്. അല്ലാഹുവിന് സർവ്വ സ്തുതികളും. അല്ലാഹുവിന്റെ ദൂതർക്ക് മേൽ സ്വലാതും സലാമും ഉണ്ടാകട്ടെ. അവിടുത്തെ ബന്ധുമിത്രാദികൾക്കും അനുചരന്മാർക്കും അവരെ പിൻപറ്റിയവർക്കും മേലുമുണ്ടാകട്ടെ.

ഹൈന്ദവത എന്നാൽ ഒരു മതമാണെന്ന് ചിലർ പറയും; എന്നാൽ അതൊരു ജീവിതരീതിയാണെന്ന് പറയുന്നതായിരിക്കും കുറച്ചു കൂടി വ്യക്തമായ ഒരു നിർവ്വചനം.

ലോകജനസംഖ്യയിൽ 15 ശതമാനത്തോളം പേർ ഹൈന്ദവ വിശ്വാസികളായുണ്ട്. 1.2 ബില്ല്യണിലധികം ഹിന്ദുക്കളുണ്ട് എന്നതാണ് കൃത്യമായ കണക്ക്.

കാലാന്തരങ്ങളിൽ ഹൈന്ദവതക്ക് അനേകം മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്.

വേദകാലം എന്നറിയപ്പെടുന്ന ഘട്ടത്തിന് ശേഷം ബുദ്ധിപരവും വൈജ്ഞാനികവും പ്രകൃതിപരവുമായ അനേകം ആശയക്കുഴപ്പങ്ങളുടെ നിറഭാരവുമായാണ് ഹൈന്ദവത മുന്നോട്ടു പോയത്. അവയിൽ ചിലതെല്ലാം ഈ ഗ്രന്ഥത്തിൽ നമുക്ക് പഠനവിധേയമാക്കാം.

അതെ! ഹൈന്ദവതയുടെ അടിസ്ഥാന സ്രോതസ്സുകളായി ഗണിക്കപ്പെടുന്ന യഥാർത്ഥ വേദാദ്ധ്യാപനങ്ങളിൽ നിന്ന് ഹൈന്ദവത വലിയ വിദൂരത പ്രാപിച്ചു കഴി

ഞ്ഞിട്ടുണ്ട്. ജനങ്ങളിൽ പലരുടെയും ചിന്തകളും ആചാരങ്ങളും ഭഗവത് ഗീതയിലെ അദ്ധ്യാപനങ്ങളുമാണ് ഇന്ന് ഹൈന്ദവത പിൻപറ്റുന്നതും പ്രചരിപ്പിക്കുന്നതും.

**ഭഗവത് ഗീതയും താന്ത്രിക വിജ്ഞാനവും**

ആധുനിക ഹൈന്ദവതയെ ബുദ്ധിയുടെയും ആധുനിക വിജ്ഞാനങ്ങളുടെയും തർക്കശാസ്ത്രത്തിന്റെയും അടിസ്ഥാന വേദാധ്യാപനങ്ങളുടെയും വെളിച്ചത്തിൽ ഈ ചെറുകൃതിയിൽ പഠനവിധേയമാക്കാമെന്നാണ് ഞാൻ കരുതുന്നത്. വേദങ്ങൾ ഇക്കാലഘട്ടത്തിലും ഹൈന്ദവർക്ക് ലഭ്യമായ രൂപത്തിൽ നിലനിൽക്കുന്നുണ്ട്. യഥാർത്ഥ സത്യത്തിലേക്ക് ഒരു ഹൈന്ദവനെ വഴികാണിക്കാൻ അവന്റെ ഹൃദയത്തിലെ ശുദ്ധപ്രകൃതിയും, ഹൈന്ദവ വേദങ്ങളിൽ നിലകൊള്ളുന്ന സത്യത്തിന്റെ ശേഷിപ്പുകളും മതിയാകുമെന്നാണ് ഞാൻ ഉറച്ചു വിശ്വസിക്കുന്നത്.

വേദങ്ങളെന്നാൽ ഹൈന്ദവരുടെ അടുക്കൽ ഏറ്റവും പരിശുദ്ധമായ ഗ്രന്ഥങ്ങളാണ്.

ശുദ്ധപ്രകൃതിയെന്നാൽ നമ്മുടെ സൃഷ്ടിപ്പിന്റെ ലക്ഷ്യത്തെ കുറിച്ചും, നമ്മുടെ പര്യവസാനം എന്തായിരിക്കുമെന്നതിനെ കുറിച്ചുമുള്ള ഹൃദയത്തിലെ അവസാനിക്കാത്ത ചോദ്യങ്ങളുണ്ടല്ലോ; അതാണ് ശുദ്ധപ്രകൃതി. ഏകനായ സ്രഷ്ടാവിൽ വിശ്വസിക്കാനും, അവന് മാത്രം ആരാധനകൾ സമർപ്പിക്കാനും, അവന്റെ വിധിവിലക്കുകൾ അനുസരിക്കാനുമാണ് ആ ശുദ്ധപ്രകൃതി നമ്മെ ക്ഷണിക്കുക!

ഇനി എന്താണ് യഥാർത്ഥ സത്യം?! വേദങ്ങളിൽ ബാക്കിനിൽക്കുന്ന സത്യത്തിന്റെ അവശേഷിപ്പുകൾ അറിയിക്കുന്ന സന്ദേശമാണത്. ശുദ്ധപ്രകൃതിയുടെ വിളിയാളം! ലോകങ്ങളുടെ രക്ഷിതാവിൽ നിന്ന് വന്നെത്തിയ സന്ദേശം! ഉപനിഷത്തുകളിലെ വാക്യങ്ങളിൽ കണ്ടെത്താൻ കഴിയുന്ന, ഏകനായ ആരാധ്യനെ കുറിച്ച് സംസാരിക്കുന്ന ദൈവിക ബോധനം; അതാണ് യഥാർത്ഥ സത്യം!

ആധുനിക ഹൈന്ദവതയെയും വേദങ്ങളുടെ കാലഘട്ടത്തിലുള്ള ഹൈന്ദവതയെയും ഒരു ലളിത താരതമ്യത്തിന് വിധേയമാക്കാൻ ഈ ചെറുകൃതി സഹായകമാകുമെന്ന് പ്രതീക്ഷിക്കട്ടെ!

കാരണം ഹൈന്ദവത ഏറെ മാറ്റത്തിരുത്തലുകൾക്ക് വിധേയമായിരിക്കുന്നു.

വേദങ്ങളിൽ നിലകൊണ്ട ശുദ്ധവും വ്യക്തവുമായ ഏകദൈവാരാധനയുടെ അദ്ധ്യാപനങ്ങളിൽ നിന്ന് ഏറെ ഹൈന്ദവതയും അതിന്റെ അനുയായികളും അകന്നു പോയിരിക്കുന്നു. സ്രഷ്ടാവും സൃഷ്ടിയും ഒന്നാണെന്ന് വിശ്വസിക്കുന്ന അദ്വൈത സിദ്ധാന്തത്തിലുള്ള വിശ്വാസം ആധുനിക ഹൈന്ദവതയിൽ നിനക്ക് കാണാൻ കഴിയും. അതായത്; സൃഷ്ടി തന്നെയാണ് സ്രഷ്ടാവ് എന്ന വിശ്വാസം. ഈ ചിന്താഗതി യഥാർത്ഥ വേദാദ്ധ്യാപനങ്ങൾക്ക് മാത്രമല്ല എതിരു നിൽക്കുന്നത്; കേവല ബുദ്ധിക്ക് പോലും അനുയോജ്യമല്ല ഈ വിശ്വാസം. എങ്ങനെയാണ് സർവ്വ ലോകങ്ങളുടെ സ്രഷ്ടാവ് എല്ലാ വസ്തുക്കളിലും അലിഞ്ഞു ചേരുക?! ദൈവം നിന്റെയുള്ളിൽ തന്നെയുണ്ട് എങ്കിൽ പിന്നെന്തിനാണ് വ്യത്യസ്ത ആചാരങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും നീ അതേ ദൈവത്തിലേക്ക് സാമീപ്യം തേടാൻ ശ്രമിക്കുന്നത്?!

വളരെ വ്യക്തമായും ബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയാത്ത വിശ്വാസമല്ലേ അത്?!

അതോടൊപ്പം സത്യവും അസത്യവും ഒരിക്കലും സ്ഥായിയല്ല എന്ന നിലപാടിലേക്കും ഈ ചിന്ത മനുഷ്യരെ നയിക്കുന്നു. കാരണം ഈ വിശ്വാസപ്രകാരം വിഗ്രഹങ്ങളെയോ കല്ലിനെയോ ആരാധിക്കുന്ന ഏതു മതവിശ്വാസിയും യഥാർത്ഥ ആരാധ്യനെ തന്നെയാണ് ആരാധിക്കുന്നത് എന്ന് പറയേണ്ടി വരും. കാരണം ദൈവം എല്ലാത്തിലുമുണ്ട് എങ്കിൽ കല്ലിലും വിഗ്രഹത്തിലും ഉണ്ടായിരിക്കണമല്ലോ?!

ശരിയും തെറ്റും ആപേക്ഷികവുമാണെന്ന ഈ ചിന്ത എല്ലാ മൂല്യവും തകർത്തുകളയുമെന്ന് ഈ പുസ്തകത്തിൽ പിന്നീട് നമ്മൾ വ്യക്തമാക്കുന്നതാണ്.

ഇതിനെല്ലാം പുറമെ, ഹൈന്ദവ വേദങ്ങൾ യഥാർത്ഥത്തിൽ ക്ഷണിച്ചത് സൃഷ്ടികളിൽ നിന്ന് വേറിട്ടു നിൽക്കുന്ന ദൈവത്തിൽ വിശ്വസിക്കാനായിരുന്നു. ഈ കാണുന്നതെല്ലാം യഥാർത്ഥ സ്രഷ്ടാവിന്റെ സൃഷ്ടികൾ മാത്രമാണെന്നും, സ്രഷ്ടാവിനെ സൃഷ്ടികൾക്ക് ഉൾക്കൊള്ളുക സാധ്യമല്ലെന്നുമാണ് വേദങ്ങൾ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

## ഹൈന്ദവ; ഒരു പഠനം

ഋഗ്വേദം പറയുന്നു: “ദൈവമേ! സൂര്യനും സർവ്വ ലോകവും; നിന്നെ പൊതിയുക അവക്ക് സാധ്യമല്ല.” [1]

അദ്വൈത സിദ്ധാന്തം അബദ്ധജഡിലമായ വിശ്വാസമാണ് എന്ന് ബോധ്യപ്പെടുത്തുന്ന ഋഗ്വേദത്തിൽ നിന്നുള്ള തെളിവാണ് ഈ പറഞ്ഞത്. ലോകങ്ങളുടെ സ്രഷ്ടാവ് സൃഷ്ടികളിൽ നിന്ന് വേറിട്ടു നിൽക്കുന്നവനാണ് എന്ന് ചുരുക്കം.

ആധുനിക ഹൈന്ദവ വിശ്വാസത്തിന്റെ അടിസ്ഥാനങ്ങളിലൊന്നാണ് പുനർജന്മ വിശ്വാസം. മനുഷ്യരുടെ ആത്മാവുകൾ അവരുടെ മരണശേഷം മറ്റു സൃഷ്ടികളായി പുനർജനിക്കുകയും, ഒരു പുതിയ ജീവിയായി -പുതിയ ചുറ്റുപാടിൽ- വീണ്ടും വന്നെത്തുകയും ചെയ്യുമെന്നാണ് പുനർജന്മ സിദ്ധാന്തം പഠിപ്പിക്കുന്നത്. ഇപ്പോൾ ജീവിച്ചിരിക്കുന്ന എല്ലാ മനുഷ്യർക്കും ഇതിന് മുൻപ് മറ്റൊരു ജീവിതമുണ്ടായിരുന്നു എന്നതും ഇതേ വിശ്വാസത്തിന്റെ ഭാഗമാണ്. യഥാർത്ഥത്തിൽ അനേകം ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്ന ചിന്താഗതിയാണിത്. മുൻപുള്ള ആത്മാവുകളാണ് പുനർജനിക്കുന്നത് എങ്കിൽ എന്തു കൊണ്ടാണ് മുലകുടിപ്രായത്തിലുള്ള കുഞ്ഞുങ്ങൾക്ക് വലിയവരുടെ ബുദ്ധിശേഷിയില്ലാത്തത് എന്ന ചോദ്യം സ്വാഭാവികമായും ഉയരും?! [2]

ആവർത്തിച്ചു കൊണ്ടേയിരിക്കുന്ന പുനർജന്മ സിദ്ധാന്തം ആധുനിക ശാസ്ത്രത്തിനും വിരുദ്ധമാണ്; കാരണം ജീവന് ഒരു ആരംഭമുണ്ട് എന്നും, ഭൂമിക്ക് പോലും ആരംഭമുണ്ടെന്നും സർവാംഗീകൃതമായി സ്ഥിരപ്പെട്ട കാര്യമാണെന്നിരിക്കെ ഈ ചിന്താഗതി ഒരിക്കലും സ്വീകരിക്കുക സാധ്യമല്ല.

പുനർജന്മ സിദ്ധാന്തം ശരിയാണെന്ന് വന്നാൽ ഭൂമിയിലെ ജീവനുള്ള വസ്തുക്കളുടെ എണ്ണം സ്ഥായിയായി നിലനിൽക്കുന്നതാണ് എന്നും പറയേണ്ടി വരും.

---

[1] http://stholistic.com/prayer/hindu/hol_hindu-samsara-and-karma.htm

[2] Cogan, Robert. (1998), Critical Thinking: Step by Step, University Press of America, pp. 202–203.

കാരണം എല്ലാ ജീവികളും പുനർജനിച്ചു കൊണ്ടേയിരിക്കുകയാണല്ലോ?! എന്നാൽ ഒരാളും ഇത്തരമൊരു ചിന്താഗതി ഇക്കാലഘട്ടത്തിൽ പറയുകയേയില്ല.

ഇതെല്ലാം മാറ്റിവെച്ചാൽ തന്നെയും, ഹൈന്ദവ വേദങ്ങൾ പുനർജന്മ സിദ്ധാന്തം പഠിപ്പിക്കുന്നില്ല. ഹൈന്ദവ പണ്ഡിതനായ സത്യകാം വിദ്ധ്യാലങ്കർ പറയുന്നത് നോക്കൂ: "പുനർജന്മ സിദ്ധാന്തം വേദങ്ങൾ പഠിപ്പിച്ചതല്ല. അങ്ങനെ വാദിക്കുന്നവർ അതിന് തെളിവ് കൊണ്ടുവരട്ടെ എന്നാണ് എന്റെ വെല്ലുവിളി." [3]

വിദ്യാലങ്കറിന്റെ വാക്കുകൾക്കുള്ള ഏറ്റവും നല്ല തെളിവുകളിലൊന്ന് ഹൈന്ദവർ തന്നെ കൊണ്ടാടുന്ന, ശ്രാദ്ധം കൂടുക എന്ന പുരാതനമായ ആചാരമാണ്. മരിച്ചവരുടെ ആത്മാവുകൾക്ക് ശാന്തി ലഭിക്കുക എന്നതാണ് ഈ ആചാരത്തിന് പിറകിലെ ലക്ഷ്യം തന്നെ.

മരിച്ചവരുടെ ആത്മാവുകൾക്ക് ശാന്തി ലഭിച്ചു കഴിഞ്ഞാൽ പിന്നെങ്ങനെയാണ് അവർ പുനർജനിക്കുക?!

ആധുനിക ഹൈന്ദവർ 'കർമ്മഫലം' എന്ന ചിന്താഗതിയും സ്വീകരിച്ചതായി കാണാം. തങ്ങളുടെ മുൻകർമ്മങ്ങളുടെ ഫലമായി കൊണ്ടാണ് മനുഷ്യർ ജനിക്കുന്നത് എന്നാണ് ഈ വിശ്വാസഗതിയുടെ ചുരുക്കം. ആരെങ്കിലും മുൻപുള്ള ജീവിതത്തിൽ കുഴപ്പക്കാരനായിരുന്നു എങ്കിൽ അടുത്ത ജന്മത്തിൽ താഴ്ന്ന ജാതിയിലായിരിക്കും അവൻ ജനിക്കുക; അതല്ലെങ്കിൽ അനേകം പ്രയാസങ്ങളോടെയായിരിക്കും അവന്റെ പുതിയ ജന്മം നിശ്ചയിക്കപ്പെട്ടിരിക്കുക; ഇതാണ് കർമ്മഫലം എന്ന വിശ്വാസത്തിന്റെ ആകെത്തുക.

കടുത്ത പ്രയാസങ്ങൾ ബാധിച്ച മനുഷ്യരെ ഹൈന്ദവവിശ്വാസ പ്രകാരം നോക്കിക്കാണേണ്ടത് മുജ്ജന്മത്തിൽ ചെയ്തു കൂട്ടിയ തിന്മകളുടെ ഫലമാണ് അവൻ അനുഭവിക്കുന്നത് എന്ന നിലക്കാണ്. ഈ തലതിരിഞ്ഞ ചിന്താഗതി മനുഷ്യരുടെ ജീവിതം അടിമേൽ കുഴപ്പത്തിലാക്കും എന്നതിൽ സംശയമില്ല. മനുഷ്യസമൂഹ

---

[3] അവാഗമൻ: 104. ദഅ്വതുൽ ഹിന്ദൂസ് ഇലൽ ഇസ്‌ലാം എന്ന ഗ്രന്ഥത്തിൽ നിന്ന് : 99.

ത്തിന് യാതൊരു ഉപകാരവും മുന്നോട്ടു വെക്കാത്ത സിദ്ധാന്തമാണത്. മനുഷ്യർ അനുഭവിക്കുന്ന എല്ലാ ദുരിതങ്ങളും അവൻ മുൻപുള്ള ജീവിതത്തിൽ ചെയ്ത തിന്മകൾക്കുള്ള ശിക്ഷയാണെന്ന് പറയുന്നത് സർവ്വ അതിക്രമങ്ങളോടും പ്രാചീനതകളോടും വിഭാഗീയതകളോടും സന്ധി പ്രഖ്യാപിക്കലാണ്.

എന്നാൽ -ഈ ചോദ്യങ്ങൾക്കെല്ലാം അപ്പുറം- മറ്റൊരു വിഷയമുണ്ട്; കർമ്മഫലം എന്ന ചിന്താഗതി ഹൈന്ദവ വേദങ്ങൾ പഠിപ്പിച്ചിട്ടുണ്ടോ?!

യഥാർത്ഥത്തിൽ വേദങ്ങൾ പറഞ്ഞത് സ്വർഗനരകങ്ങളുണ്ടെന്നാണ്. മനുഷ്യരുടെ പ്രവർത്തനങ്ങളുടെ ഫലമായി ദൈവം അവർക്ക് നൽകുന്ന പ്രതിഫലമാണതെന്നാണ് അവ പഠിപ്പിച്ചത്. അതല്ലാതെ പുതിയ ജന്മങ്ങളെ കുറിച്ചും, മറ്റു ജീവികളായി ജനിക്കുന്നതിനെ കുറിച്ചും വേദങ്ങളിൽ പരാമർശമില്ല.

ഋഗ്വേദം പറയുന്നത് ഇപ്രകാരമാണ്: "സർവ്വ സുഖാനുഗ്രഹങ്ങളുടെയും സന്തോഷങ്ങടെയും കേന്ദ്രത്തിൽ എന്നെ നീ ശാശ്വതവാസിയാക്കേണമേ! മനസ്സുകൾ ആഗ്രഹിക്കുന്നതെല്ലാം നീ നൽകുന്ന ആ കേന്ദ്രത്തിൽ." [4]

ആധുനിക ഹൈന്ദവതയുടെ അടിസ്ഥാനവിശ്വാസങ്ങളിൽ മറ്റൊന്ന്: മോക്ഷം എന്ന പദവി നേടാനുള്ള പരിശ്രമമാണ്. ഇതിലൂടെ പുനർജന്മത്തിൽ നിന്നും ആത്മാവിന്റെ വ്യത്യസ്ത അവതാരങ്ങളിൽ നിന്നും രക്ഷ നേടാനും, ദൈവികസത്തയിൽ അലിഞ്ഞു ചേരാനും സാധിക്കുമെന്നാണ് വിശ്വാസം. യഥാർത്ഥത്തിൽ, പ്രപഞ്ചമെന്ന സത്തയെ പൂർണ്ണമായും ശത്രുവൽക്കരിക്കുക എന്നതിലാണ് ഈ ചിന്താഗതിയുടെ നിലനിൽപ്പ്. ചുരുക്കത്തിൽ, മനുഷ്യന്റെ ഭൗതിക ജീവിതത്തിന്റെ ലക്ഷ്യം തന്നെ ഈ ഭൗതികതയിൽ നിന്ന് പൂർണ്ണമായും രക്ഷപ്പെടലായി മാറുന്നു!

സമൂഹത്തിന് ഈ വിശ്വാസം സമ്മാനിക്കുന്നത് ഭയത്തിന്റെ യാതൊരു കണികയും ബാക്കിയില്ലാത്ത മനുഷ്യരെയായിരിക്കും. എന്തെല്ലാം തെറ്റുകൾ താൻ പ്രവർത്തിച്ചാലും ഏതെങ്കിലുമൊരു ദിനം താൻ പുതിയ ഒരു ജന്മം നേടുകയും, അ

[4] ഋഗ്വേദം: മണ്ഡലം: 9, സൂക്തം: 113, മന്ത്ര: 9-11.

ങ്ങനെ തന്റെ തെറ്റുകളുടെ എല്ലാ പ്രശ്നങ്ങളിൽ നിന്നും മുക്തനാവുകയും ചെയ്യുമെങ്കിൽ എന്തു കൊണ്ട് തെറ്റുകൾ പ്രവർത്തിച്ചു കൂടാ.

അതിക്രമികൾക്കും പാപികൾക്കും അവർക്കായി നിശ്ചയിക്കപ്പെട്ട ഒരിടത്ത് ശിക്ഷകൾ ലഭിക്കുന്നതാണെന്ന വേദാദ്ധ്യാപനങ്ങൾക്ക് വിരുദ്ധമാണ് ഈ വിശ്വാസവും. ഋഗ്വേദം പറയുന്നത്: 'അങ്ങേയറ്റം ആഴമുള്ള ഒരിടമാണ് പാപികൾക്കുള്ളത്' എന്നാണ്. [5]

ആവർത്തിച്ചു കൊണ്ടേയിരിക്കുന്ന പുനർജൻമ വിശ്വാസവും, ഋഗ്വേദം പഠിപ്പിക്കുന്ന ഈ പറയപ്പെടുന്ന സ്ഥലവും തമ്മിൽ എന്തു മാത്രം അന്തരമുണ്ട്?!

ആധുനിക ഹൈന്ദവതയും ശാസ്ത്രവും തമ്മിൽ ഏറ്റുമുട്ടുന്ന ഏറ്റവും പ്രസിദ്ധമായ വിഷയം: പ്രപഞ്ചത്തിന്റെ ഉൽപ്പത്തിയെ കുറിച്ചുള്ള വിശ്വാസത്തിലാണ്. പ്രപഞ്ചം നശിക്കുകയും, ശേഷം ഇതു പോലെ വീണ്ടും രൂപപ്പെടുകയും, അങ്ങനെ അവസാനമില്ലാതെ തുടർന്നു കൊണ്ടേയിരിക്കുകയും ചെയ്യുമെന്നതാണ് ഇപ്പോൾ ഹൈന്ദവ വിശ്വാസം പഠിപ്പിച്ചു കൊണ്ടിരിക്കുന്നത്. ഇത് ആധുനിക ശാസ്ത്രത്തിന് കടകവിരുദ്ധമായി നിലകൊള്ളുന്ന വൈജ്ഞാനിക അബദ്ധമാണ്.

പ്രപഞ്ചത്തിന് ആരംഭമുണ്ടെന്നും, അതിന് മുൻപ് മറ്റു പ്രപഞ്ചങ്ങൾ ഉണ്ടായിരുന്നില്ലെന്നതും ആധുനിക ശാസ്ത്രത്തിന്റെ മുൻപിൽ അറിയപ്പെട്ട കാര്യമാണ്.

ശാസ്ത്രീയ വീക്ഷണത്തിൽ, പ്രപഞ്ചം മുൻമാതൃകയില്ലാതെ നിർമ്മിക്കപ്പെട്ടതാണ്.

യഥാർത്ഥത്തിൽ വേദങ്ങളിലെ പാഠം അതിനോട് യോജിക്കുന്നതുമാണ്. പൊടുന്നനെ രൂപം കൊണ്ട ഭൗതിക ജീവിതത്തെ കുറിച്ചും, അതിന് ശേഷം വരാനിരിക്കുന്ന പാരത്രിക ജീവിതത്തെ കുറിച്ചും വേദങ്ങൾ പറയുന്നുണ്ട്. എന്നാൽ പിൽക്കാലഘട്ടത്തിൽ ഹിന്ദു മതത്തിലേക്ക് കൂട്ടിച്ചേർക്കപ്പെട്ട പുരാണങ്ങളിലെ പ്രത്യയ

[5] ഋഗ്വേദം: മണ്ഡലം: 4, സൂക്തം: 5, മന്ത്ര: 5.

ശാസ്ത്രങ്ങളിലാണ് പ്രപഞ്ചത്തിന്റെ ആവർത്തനവും അനശ്വരതയുമെല്ലാം പ്രകടമാകുന്നത്.

ആധുനിക ഹൈന്ദവത വേദങ്ങളോടും ആധുനിക ശാസ്ത്രത്തോടും എതിരായിരിക്കുന്നു. വേദങ്ങളിൽ പറയപ്പെട്ട സത്യങ്ങളിലേക്ക് ക്ഷണിച്ച ഇസ്‌ലാമിനും എതിരെ അത് നിലകൊള്ളുന്നു.

മുസ്‌ലിമീങ്ങളുടെ വിശ്വാസം പ്രപഞ്ചം മുൻമാതൃകയില്ലാതെ സൃഷ്ടിക്കപ്പെട്ടു എന്നതാണ്. വിശുദ്ധ ഖുർആനിലൂടെ അല്ലാഹു വിവരിച്ച കാര്യമാണത്. അല്ലാഹു പറയുന്നു: "ആകാശഭൂമികളെ മുൻമാതൃകയില്ലാതെ സൃഷ്ടിച്ചനാണ് അല്ലാഹു. അവനൊരു കാര്യം വിധിച്ചാൽ അതിനോട് 'ഉണ്ടാകൂ' എന്ന് പറയുന്നതോടെ അതുണ്ടാകും."
(ബഖറ: 117)

പ്രപഞ്ചം മുൻമാതൃകയില്ലാതെ നിർമ്മിക്കപ്പെട്ടതാണെന്നാണ് ഇസ്‌ലാമിക വീക്ഷണം.

ആധുനിക ശാസ്ത്രവും ഇതേ കാര്യം തന്നെയാണ് ഇന്ന് പറഞ്ഞു കൊണ്ടിരിക്കുന്നത്. എന്നാൽ 1400 വർഷങ്ങൾക്ക് മുൻപ് ആടിനെ മേച്ചിരുന്ന ഒരു മനുഷ്യൻ തന്റെ നാവിലൂടെ അതേ കാര്യം വിവരിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ദൂതനും, അവന്റെ ദാസനും, ഇസ്‌ലാമിന്റെ പ്രവാചകനുമായ മുഹമ്മദ് നബി -ﷺ- യാണത്.

ഹൈന്ദവത നേരിടുന്ന അനേകം ആശയക്കുഴപ്പങ്ങളെ കുറിച്ച് ഞാൻ ഈ പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. പ്രസ്തുത വിഷയങ്ങളിലെല്ലാം ഇസ്‌ലാമിന്റെ വീക്ഷണമെന്താണെന്നും ഞാൻ ഓർമ്മപ്പെടുത്തിയിട്ടുണ്ട്. പ്രപഞ്ചം, ജീവിതം, മരണശേഷമുള്ള രക്ഷയും ശിക്ഷയും, സൃഷ്ടിപ്പിന്റെ പിറകിലെ ലക്ഷ്യം... ഈ വിഷയങ്ങളിലെല്ലാം വേദങ്ങളിൽ ബാക്കി നിൽക്കുന്ന സത്യത്തിന്റെ അംശങ്ങളും, മനുഷ്യന്റെ ശുദ്ധപ്രകൃതിയും ഒരു പോലെ യോജിക്കുന്ന ഇസ്‌ലാമിക അദ്ധ്യാപനങ്ങൾ നിങ്ങൾക്ക് ഇവിടെ വായിക്കാം.

# ഹൈന്ദവ; ഒരു പഠനം

മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട ചില ചോദ്യങ്ങൾക്ക് ഏറ്റവും കൃത്യവും സൂക്ഷ്മവും ശക്തവുമായ ഉത്തരങ്ങൾ ഇസ്‌ലാം എങ്ങനെയാണ് നൽകിയതെന്ന് ഞാൻ വിവരിച്ചിരിക്കുന്നു. നാമെങ്ങനെ ജീവിക്കണം? എന്തിനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്? അതിന്റെ പിറകിലെ അർത്ഥമെന്താണ്? ഇങ്ങനെയുള്ള ചോദ്യങ്ങൾക്കെല്ലാം മനുഷ്യന്റെ ശുദ്ധപ്രകൃതിയോടും ബുദ്ധിയോടും വൈജ്ഞാനിക ചിന്തയോടും യോജിക്കുന്ന ഉത്തരം ഇസ്‌ലാം മാത്രമേ നൽകിയിട്ടുള്ളൂ.

അതോടൊപ്പം എന്തു കൊണ്ട് ഇസ്‌ലാം മാത്രമാണ് ശരി എന്നതിനുള്ള തെളിവുകളും ഈ പുസ്തകം മുന്നോട്ടു വെക്കുന്നു. ഇസ്‌ലാമിനെ കുറിച്ചും അല്ലാഹുവിന്റെ ദൂതനായ മുഹമ്മദ് നബി -ﷺ- യെ കുറിച്ചും വേദങ്ങളിൽ വന്ന പ്രവചനങ്ങളും നിങ്ങൾക്ക് വായിക്കാം.

ഇസ്‌ലാം ഭൂമിയിലെ മറ്റു മതങ്ങളെ പോലെ, കേവലം ഏതോ ഒരു മതമല്ല. മറിച്ച്, സർവ്വ പ്രവാചകന്മാരെയും അല്ലാഹു നിയോഗിച്ചയച്ച മതമാണത്. എല്ലാ ദൈവദൂതന്മാരും ജനങ്ങളെ ഏകദൈവാരാധനയിലേക്ക് ക്ഷണിക്കുന്നതിനായാണ് നിയോഗിക്കപ്പെട്ടത്. പരിശുദ്ധമായ ഈ വിശ്വാസം ഇസ്‌ലാമിലല്ലാതെ മറ്റൊരു മതത്തിലും കാണുക സാധ്യമല്ല. മറ്റെല്ലാ മതങ്ങളിലും കൂടിയോ കുറഞ്ഞോ ബഹുദൈവാരാധനയുടെ സാന്നിധ്യം കണ്ടെത്താൻ കഴിയും.

അല്ലാഹു മനുഷ്യരിൽ നിന്ന് സ്വീകരിക്കുന്ന ഒരേയൊരു മതം ഇസ്‌ലാം മാത്രമാണ്. അല്ലാഹു പറയുന്നു: “ആരെങ്കിലും ഇസ്‌ലാമല്ലാത്ത മറ്റു വല്ലതിനെയും മതമായി ആഗ്രഹിച്ചാൽ അവനിൽ നിന്ന് അത് സ്വീകരിക്കപ്പെടുന്നതല്ല. അന്ത്യനാളിൽ അവൻ നഷ്ടക്കാരിൽ ഉൾപ്പെടുന്നതാണ്.” (ആലു ഇംറാൻ: 85)

എല്ലാ ദൈവദൂതന്മാരുടെ പക്കലും നിയോഗിച്ചയക്കപ്പെട്ട മതമാണ് ഇസ്‌ലാം.

ഇസ്‌ലാമിന്റെ ഏറ്റവും പ്രകടമായ അടയാളം: അതിന്റെ പരിശുദ്ധമായ ഏകദൈവാരാധനയും, സ്രഷ്ടാവായ അല്ലാഹുവിന് മാത്രമുള്ള കീഴ്വണക്കവുമാണ്. ലോകങ്ങളുടെ സ്രഷ്ടാവിനെ ഏതെങ്കിലും വിഗ്രഹത്തിലോ നിർമ്മിതിയിലോ കുടിവെക്കുക എന്ന ചിന്ത ഇസ്‌ലാം പൂർണ്ണമായും നിരാകരിക്കുന്നു.

## ഹൈന്ദവ; ഒരു പഠനം

എങ്ങനെയാണ് ഒരാൾ മുസ്‌ലിമാകേണ്ടത്? ഇസ്‌ലാമിന്റെ അർത്ഥവും അനിവാര്യതയും എന്താണ്? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കും പുസ്തകത്തിന്റെ അവസാനത്തിൽ മറുപടി നൽകിയിട്ടുണ്ട്.

അല്ലാഹുവിന്റെ അനുഗ്രഹത്തോടെ നമുക്ക് പുസ്തകത്തിലൂടെയുള്ള യാത്ര ആരംഭിക്കാം.

# ഹൈന്ദവ; ഒരു പഠനം

## 1- എന്താണ് ഹൈന്ദവത?

ഹൈന്ദവത എന്നാൽ ഒരു മതമാണ്. 'ഒരു ജീവിതരീതി' എന്ന് വിശേഷിപ്പിക്കുന്നതായിരിക്കും മതം എന്ന പ്രയോഗത്തേക്കാൾ കൂടുതൽ ശരി. വ്യത്യസ്തങ്ങളായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ആരാധനകളും പവിത്രമായി പരിഗണിക്കപ്പെടുന്ന ഗ്രന്ഥങ്ങളും പ്രപഞ്ചത്തെ കുറിച്ചും അസ്തിത്വത്തെ കുറിച്ചുമുള്ള ചിന്താധാരകളുമെല്ലാം ഉൾക്കൊള്ളുന്നതാണ് ഹൈന്ദവത. [6]

അനേകം നൂറ്റാണ്ടുകളെടുത്തും, വ്യത്യസ്തങ്ങളായ ചിന്താധാരകളുടെ സമന്വയത്തിലൂടെയുമാണ് ഹൈന്ദവത രൂപപ്പെട്ടത്. വ്യത്യസ്തങ്ങളും -ചിലപ്പോഴെല്ലാം വിപരീതങ്ങളുമായ- ചിന്താധാരകളിലൂടെ ഈ യാത്ര കടന്നു പോയിട്ടുണ്ട്. ആധുനിക ഹൈന്ദവത ഇവയിൽ ഒന്നിനോടും യാതൊരു അനിഷ്ടവും വെച്ചു പുലർത്തുന്നില്ല എന്നതാണ് സത്യം. ഏതെങ്കിലും ഒരു നിശ്ചിതമായ വിശ്വാസമോ ഒരേയൊരു പ്രാമാണിക സ്രോതസ്സോ അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കാനുള്ള ഒരു വ്യക്തമായ പ്രമാണമോ അവിടെയില്ല.

ഹൈന്ദവരുടെ പക്കൽ ഏറ്റവും പരിശുദ്ധമെന്ന് വിശേഷിപ്പിക്കപ്പെടുന്നത് വേദങ്ങളാണെങ്കിലും ആധുനിക ഹൈന്ദവർ അത്ഭുതകരമായ രൂപത്തിൽ വേദങ്ങളിലെ അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നത് കാണാൻ കഴിയും. വേദങ്ങളുടെ ആദ്യകാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന വിശ്വാസങ്ങളോട് യാതൊരു ബന്ധവും പുലർത്താത്ത അനേകം ചിന്താധാരകളുടെയും വിശ്വാസങ്ങളുടെയും സമാഹാരമായി ഹൈന്ദവ വിശ്വാസികൾ ഇക്കാലഘട്ടത്തിൽ മാറിയിട്ടുണ്ട്.

സർവ്വ കഷ്ടതകളിൽ നിന്നുമുള്ള മോക്ഷമാണ് ഹൈന്ദവതയുടെ ലക്ഷ്യം എന്ന് പൊതുവെ പറയാം. എന്നാൽ ഹൈന്ദവ വിശ്വാസപ്രകാരം ഇതെങ്ങനെ നേടിയെടുക്കാൻ സാധിക്കും?! അതിൽ വേദാദ്ധ്യാപനങ്ങളോട് ആധുനിക ഹൈന്ദവർ എ

[6] The Study of Hinduism - Arvind Sharma.

ത്ര മാത്രം യോജിപ്പും വിയോജിപ്പും വെച്ചു പുലർത്തുന്നുണ്ട്. ഇത് വഴിയെ വിവരിക്കാം. [7]

## 2- ഹൈന്ദവതയുടെ വളർച്ച എപ്രകാരമായിരുന്നു?

ഹൈന്ദവതയെന്നാൽ ഇന്ത്യയാണ്. അവിടെയുള്ള ആചാരങ്ങളുടെയും ചരിത്രത്തിന്റെയും സാംസ്കാരിക കൈമാറ്റങ്ങളുടെയും തലമുറകളായി കൈമാറിവന്ന വിശ്വാസങ്ങളുടെയും കൂട്ടമാണ് ഹൈന്ദവതയെന്നാൽ.

ഇന്ത്യയിൽ മാത്രമാണ് ഹൈന്ദവത കാര്യമായും കാണപ്പെടുന്നത്. 95 % ഹിന്ദുക്കളും ഇന്ത്യയിലാണുള്ളത്. [8]

ആദ്യകാല വേദാദ്ധ്യാപനങ്ങളിലായിരുന്നു ഹൈന്ദവത വളർന്നു വന്നത് എങ്കിലും പിൽക്കാലഘട്ടത്തിൽ -നൂറ്റാണ്ടുകൾ പിന്നിടുന്നതിന് അനുസരിച്ച്- വ്യത്യസ്ത ഫിലോസഫികളും ചിന്താധാരകളും ഗ്രന്ഥങ്ങളും വീക്ഷണങ്ങളും ഹൈന്ദവതയിൽ സ്വാധീനം നേടി. വേദങ്ങളുടെ കാലം പിന്നിട്ടതിന് ശേഷം ആചാര്യന്മാരുടെയും താന്ത്രിമാരുടെയും ഭഗവദ്ഗീതയുടെയും അദ്ധ്യാപനങ്ങളാണ് ഹിന്ദു മതം പിൻപറ്റാൻ തീരുമാനിച്ചത്.

1500 bc യോടടുത്ത കാലം മുതൽ 500 ad വരെയുള്ള കാലഘട്ടത്തിൽ ഇത്തരം അനേകം ചിന്താധാരകളും ഫിലോസഫികളും വേദപഠനത്തിന് മുകളിൽ പ്രതിഷ്ഠിക്കപ്പെട്ടു. ഇന്ന് ഹിന്ദു മതത്തിന്റെ പ്രകടരൂപമായി ഈ ചിന്താധാരകളെയും ഫിലോസഫികളെയും മാത്രമേ കാണാൻ സാധിക്കുകയുള്ളൂ.

## 3- എന്താണ് ഹിന്ദു മത വിശ്വാസം?

---

[7] Hinduism: Beliefs and Practices - Jeaneane D. Fowler.

[8] http://www.pewforum.org/files/2012/12/globalReligion-tables.pd.

## ഹൈന്ദവ; ഒരു പഠനം

ആധുനിക ഹിന്ദു മതം വലിയൊരു കൂട്ടം ദൈവങ്ങളിൽ വിശ്വസിക്കുന്നു. യഥാർത്ഥത്തിൽ എണ്ണമില്ലാത്ത ദൈവങ്ങൾ ഹിന്ദു മതത്തിലുണ്ട്. എന്നാൽ ഇതെല്ലാമുണ്ടെങ്കിലും ഏകനായ ഒരു ദൈവത്തെ കുറിച്ചുള്ള വിശ്വാസവും അവരിലുണ്ട്.

സർവ്വതിന്റെയും സ്രഷ്ടാവായ ദൈവം എല്ലാ ദൈവപ്രതിരൂപങ്ങളിലും അവതരിക്കുന്നു എന്നതാണ് അവരുടെ വിശ്വാസം.

ഏകനായ ഒരു ദൈവമുണ്ടെന്നും, തങ്ങൾ ആരാധിക്കുന്ന വിഗ്രഹങ്ങളും രൂപങ്ങളും ഈ ദൈവത്തിന്റെയും രൂപം മാത്രമാണെന്നും, അവയൊന്നുമല്ല യഥാർത്ഥ ദൈവമെന്നുമുള്ള ഹൈന്ദവരുടെ വിശ്വാസം വിഗ്രഹപൂജയല്ല എന്ന് ചിലരെങ്കിലും തെറ്റിദ്ധരിക്കാൻ സാധ്യതയുണ്ട്.

എന്നാൽ അതൊരിക്കലും ശരിയല്ല. മറിച്ച്, വലിയ അബദ്ധമാണത്. ഏകനായ ദൈവത്തിന്റെ പ്രതിരൂപം മാത്രമാണ് വിഗ്രഹങ്ങളും രൂപങ്ങളും എന്ന വിഗ്രഹാരാധനയുടെ അടിസ്ഥാന വിശ്വാസം തന്നെയാണ് യഥാർത്ഥത്തിൽ പ്രവാചകന്മാരുടെയും ദൈവദൂതന്മാരുടെയും ആദർശത്തിന് കടകവിരുദ്ധമായ തും. യഥാർത്ഥത്തിൽ ഹൈന്ദവ വേദങ്ങളുടെ അദ്ധ്യാപനങ്ങൾക്ക് പോലും വിരുദ്ധമാണ് ഈ ചിന്താഗതി.

ദൈവദൂതന്മാർക്ക് എതിരു നിൽക്കുകയും, വേദഗ്രന്ഥങ്ങളുടെ ആദർശത്തിന് വിരുദ്ധം പ്രവർത്തിക്കുകയും ചെയ്ത എല്ലാ ബഹുദൈവാരാധകരും ഏകനായ ഒരു സ്രഷ്ടാവുണ്ട് എന്ന വിശ്വാസമുള്ളവരായിരുന്നു. അതോടൊപ്പം, ദൈവത്തിന്റെ പ്രതിരൂപമായി അവർ വിഗ്രഹങ്ങളെ പ്രതിഷ്ഠിക്കുകയും ചെയ്തു. അതിനാൽ ഏകനായ ഒരു സ്രഷ്ടാവ് -അല്ലാഹു- ഉണ്ട് എന്ന വിശ്വാസം ഉള്ളതു കൊണ്ട് മാത്രം -വിഗ്രഹങ്ങൾ സ്വീകരിക്കുന്ന ഒരു വ്യക്തി- യഥാർത്ഥ ആരാധ്യനെ നിഷേധിക്കുന്നവനോ, ദൈവദൂതന്മാരെ തള്ളിപ്പറഞ്ഞവനോ, വേദഗ്രന്ഥങ്ങളെ നിരസിച്ചവനോ ആകാതിരിക്കുന്നില്ല.

വിഗ്രഹങ്ങളെ സ്വീകരിക്കുകയോ, അവയോട് സാമീപ്യം തേടുകയോ, അവയെ ആദരിക്കുകയോ ചെയ്യരുതെന്ന് ഹൈന്ദവവേദങ്ങൾ തന്നെ വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്.

## ഹൈന്ദവ; ഒരു പഠനം

'ഏകനായ സ്രഷ്ടാവിന് പുറമെ നിർമ്മിത വസ്തുക്കളെ ആരാധിക്കുന്നവൻ അന്ധകാരങ്ങളിൽ മുങ്ങിപ്പോവുകയും, കാലങ്ങളോളം നരകശിക്ഷ ആസ്വദിക്കുകയും ചെയ്യുന്നതാണ്." - വേദങ്ങളുടെ അദ്ധ്യാപനം ഇപ്രകാരമാണ്. [9]

ഹിന്ദുമതത്തെ പൊതിഞ്ഞിരിക്കുന്ന വിഗ്രഹങ്ങളെ ആരാധിക്കുന്നവരെ കുറിച്ച് വേദം പഠിപ്പിക്കുന്നത് അവൻ നരകത്തിൽ ശാശ്വതനായിരിക്കുമെന്നാണ്.

വേദങ്ങൾ തന്നെ പഠിപ്പിക്കുന്നു: "സർവ്വതിന്റെയും ഉടമസ്ഥനും, അദൃശ്യങ്ങൾ അറിയുന്നവനുമാണവൻ (ദൈവം); മറ്റൊരു ദൈവത്തിന്റെയും സഹായം അവന് ആവശ്യമില്ല. മനുഷ്യനാൽ ആരാധിക്കപ്പെടാൻ അർഹതയുള്ള ഏകദൈവം. എന്നാൽ അവന് പുറമെ വ്യത്യസ്ത ദൈവങ്ങളെ സ്വീകരിക്കുന്നവർ; അവർ തന്നെയാണ് ദൗർഭാഗ്യവാന്മാർ. ഭീതിപ്പെടുത്തുന്ന ഗുരുതരമായ വിപത്തുകൾ അവർ നേരിടേണ്ടി വരുന്നതാണ്." [10]

എന്തിനധികം! ഭഗവദ് ഗീതയിൽ വന്ന ഒരു വാചകം ഇപ്രകാരമാണ്: "വ്യത്യസ്ത ദൈവങ്ങളെ ആരാധിക്കുന്നവന് അവയെ ലഭിക്കും. മരിച്ചവരെ ആരാധിക്കുന്നവന് അത് ലഭിക്കും. ദുർമൂർത്തിയെ ആരാധിക്കുന്നവന് അതിനെയും ലഭിക്കും. എന്നെ മാത്രം ആരാധിക്കുന്നവൻ എന്നെ കണ്ടെത്തും." [11]

ഏകസ്രഷ്ടാവായ അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്നും ഇക്കാണുന്ന വിഗ്രഹങ്ങളെ ഉപേക്ഷിക്കണം എന്നും പഠിപ്പിക്കുന്ന ഇതു പോലുള്ള അനേകം ഉദ്ധരണികൾ വേറെയും കാണാം. ദയാനന്ദ സരസ്വതി ഇത്രവരെ പറഞ്ഞു: "കല്ലുകളാലും മറ്റും നിർമ്മിക്കപ്പെടുന്ന വിഗ്രഹങ്ങളെ ആരാധിക്കണമെന്ന് അറിയിക്കുന്ന ഒരു വാക്ക് പോലും വേദങ്ങളിൽ കാണുക സാധ്യമല്ല."

---

9 യജുർവേദം: സൂക്തം: 40, മന്ത്രം: 9.

10 ഋഗ്വേദം: മണ്ഡലം: 1, സൂക്തം: 7, മന്ത്ര: 9.

11 ഭഗവത് ഗീത: 9-25.

## ഹൈന്ദവ; ഒരു പഠനം

വേദങ്ങളിൽ പഠിപ്പിക്കപ്പെട്ട ഏകദൈവാരാധനയുടെ പാഠങ്ങൾ ഹൈന്ദവർ ഉപേക്ഷിച്ചത് വളരെ പിൽക്കാലഘട്ടത്തിൽ കടന്നു വന്ന പിഴച്ച അദ്ധ്യാപനങ്ങളുടെ വരവോടെയാണ്.

മുഹമ്മദ് നബി -ﷺ- ക്ക് മേൽ ലോകസ്രഷ്ടാവായ അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥമായ ഖുർആനും ഇതേ കാര്യം പഠിപ്പിച്ചിട്ടുണ്ട്. തങ്ങൾ ഏകനായ ഒരു സ്രഷ്ടാവിൽ വിശ്വസിക്കുന്നുണ്ട് എന്ന് ജൽപ്പിക്കുന്ന ബഹുദൈവാരാധകർ വിഗ്രഹങ്ങളെ സ്വീകരിച്ചതോടെ ആ സ്രഷ്ടാവിനെ നിഷേധിക്കുന്നവരായി തീർന്നു എന്നാണ് ഖുർആനും പഠിപ്പിച്ചത്.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞതു നോക്കൂ: ''ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചതാരാണെന്ന് നീ അവരോട് (ബിംബാരാധകരോട്) ചോദിച്ചാൽ തീർച്ചയായും അവർ പറയും; 'പ്രതാപിയും സർവ്വജ്ഞനുമായിട്ടുള്ളവനാണ് (അല്ലാഹുവാകുന്നു) അവ സൃഷ്ടിച്ചത് എന്ന്'.'' (സുമർ: 38)

അല്ലാഹു പറയുന്നു: "അവരെ ആരാണ് സൃഷ്ടിച്ചതെന്ന് നീ അവരോട് ചോദിച്ചാൽ അവർ പറയും, തീർച്ചയായും അല്ലാഹു തന്നെ എന്ന്." (സുഖ്റുഫ്: 87)

ചുരുക്കത്തിൽ, വിഗ്രഹങ്ങളെ സ്വീകരിക്കുന്നതോടെ ഒരാൾ ലോകങ്ങളുടെ സ്രഷ്ടാവിനെ നിഷേധിച്ചവനായി തീരുന്നു എന്നതിൽ ഖുർആനും വേദങ്ങളും ഒരുമിക്കുന്നുണ്ട്.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: "നിങ്ങൾ അല്ലാഹുവിന് പുറമെ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും കള്ളം കെട്ടിയുണ്ടാക്കുകയുമാണ് ചെയ്യുന്നത് . അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നത് ആരെയാണോ അവർ നിങ്ങൾക്കുള്ള ഉപജീവനം ഉടമപ്പെടുത്തുന്നില്ല. അതിനാൽ നിങ്ങൾ അല്ലാഹുവിങ്കൽ ഉപജീവനം തേടുകയും അവനെ മാത്രം ആരാധിക്കുകയും അവനോട് നന്ദികാണിക്കുകയും ചെയ്യുക. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്." (അൻകബൂത്: 17)

അതിനാൽ അല്ലാഹുവിന്റെ പക്കൽ നിന്ന് ഉപജീവനം അന്വേഷിക്കുക. അവനെ മാത്രം ആരാധിക്കുകയും ചെയ്യുക. നാമെല്ലാം അവനിലേക്ക് തന്നെയാണ് മടങ്ങിപ്പോകുന്നത്.

ബഹുദൈവാരാധനയുടെ സർവ്വ രൂപങ്ങളും ഉപേക്ഷിക്കുകയും, പരിശുദ്ധമായ ഏകദൈവാരാധനയിൽ നിലകൊള്ളുകയും ചെയ്യുന്ന ഒരേയൊരു മതം ഇസ്‌ലാം മാത്രമാണ്.

അതിനാൽ ഇസ്‌ലാമിനെ കുറിച്ച് വ്യക്തമായ ഉൾക്കാഴ്ചയോടെയും, എല്ലാ മുൻധാരണകളും മാറ്റിവെച്ചു കൊണ്ടും പഠിക്കാൻ ഓരോ ഹിന്ദുവും തയ്യാറാകേണ്ടതുണ്ട്. ഇസ്‌ലാം പഠിപ്പിക്കുന്ന ഏകദൈവാരാധനയുടെ അദ്ധ്യാപനം തന്റെ ശുദ്ധ പ്രകൃതിക്കും, ഹൈന്ദവർ പുണ്യഗ്രന്ഥങ്ങളായി കരുതുന്ന വേദങ്ങളോടും യോജിക്കുന്നുണ്ടോ എന്ന് അവൻ പരിശോധിക്കേണ്ടതുണ്ട്.

യഥാർത്ഥത്തിൽ, ഭൂമിയിൽ വന്നെത്തിയ സർവ്വ ദൈവദൂതന്മാരും മനുഷ്യരെ ക്ഷണിച്ചത് സർവ്വ പ്രപഞ്ചത്തിന്റെയും സ്രഷ്ടാവായ, ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്ന കാര്യത്തിലേക്കാണ്. എല്ലാ വിഗ്രഹങ്ങളെയും ഉപേക്ഷിക്കുകയും, ദൈവദൂതന്മാർ കൊണ്ടു വന്ന ആദർശത്തിന് കീഴൊതുങ്ങുകയും, പ്രവാചകശൃംഖലയിലെ അവസാനത്തെ കണ്ണിയായ മുഹമ്മദ് നബി -ﷺ- കൊണ്ടു വന്ന മതത്തിൽ വിശ്വസിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ ഇക്കാര്യം നേടിയെടുക്കാൻ കഴിയൂ.

## 4- ഏകനായ സ്രഷ്ടാവിനെ വ്യത്യസ്തങ്ങളായ വിഗ്രഹങ്ങളിലൂടെ രൂപപ്പെടുത്തുക എന്ന ചിന്താഗതി എങ്ങനെയാണ് ഹിന്ദുമതത്തിൽ ഉടലെടുത്തത്?!

ദൈവത്തിന് വ്യത്യസ്ത വിശേഷണങ്ങൾ ഉണ്ടെന്നു വന്നാൽ വ്യത്യസ്ത ദൈവങ്ങളുണ്ടെന്ന് വരും; ഈ ചിന്തയാണ് വേദകാലഘട്ടത്തിന് ശേഷം ആധുനിക ഹൈന്ദവത നേരിട്ട ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന്.

## ഹൈന്ദവ; ഒരു പഠനം

ദൈവത്തിന്റെ ഓരോ വിശേഷണങ്ങൾക്കും അനുയോജ്യമായ ഓരോ വിഗ്രഹ ങ്ങളെ സങ്കൽപ്പിക്കുന്നതിലേക്കാണ് ഈ ചിന്താഗതി നയിച്ചത്.

ചുരുക്കത്തിൽ, ദൈവമെന്നാൽ ഹൈന്ദവ വിശ്വാസപ്രകാരം മൂന്നായിത്തീർന്നു.

ബ്രഹ്മാവ്: പ്രപഞ്ചം സൃഷ്ടിച്ചത് ബ്രഹ്മാവാണ്.

വിഷ്ണു: പ്രപഞ്ചത്തെ സംരക്ഷിക്കുന്നത് വിഷ്ണുവാണ്.

ശിവൻ: സംഹാരശക്തി ശിവന്റെ കയ്യിലാണ്. [12]

കേവല ബുദ്ധിക്കും മനുഷ്യ പ്രകൃതിക്കുമെല്ലാം എതിരായ ചിന്താഗതിയാണ് യ ഥാർത്ഥത്തിൽ ഇക്കാര്യം. വേദങ്ങളിലുള്ള ആശയത്തോടും അത് യോജിക്കുന്നില്ല. വ്യത്യസ്ത വിശേഷണങ്ങൾ ഉണ്ടെങ്കിൽ വ്യത്യസ്ത അസ്തിത്വമുണ്ടാകണമെന്ന നി ർബന്ധമില്ല തന്നെ.

ഉദാഹരണത്തിന് ഒരേ മനുഷ്യന് തന്നെ ബുദ്ധിമാനും ശക്തനും സാഹിത്യകാ രനുമാകുന്നതിൽ യാതൊരു കുഴപ്പവുമില്ല.

ഈ വിശേഷണങ്ങളെല്ലാം ഉണ്ടാകുന്നതിന് അനുസരിച്ച് വ്യക്തിയുടെ എണ്ണം കൂടുകയില്ലല്ലോ?!

ബുദ്ധിമാൻ എന്ന വിശേഷണമുള്ള അതേ മനുഷ്യന് തന്നെ സാഹിത്യകാരൻ എന്ന വിശേഷണവും ചേരും.

മനുഷ്യന്റെ കാര്യം ഇതാണെങ്കിൽ ലോകങ്ങളുടെ സ്രഷ്ടാവായ അല്ലാഹുവിന് എല്ലാ നിലക്കും പരിപൂർണ്ണമായ ഉദാഹരണമുണ്ട്.

[12] The Encyclopedia of Eastern Philosophy and Religion: 397.

ഇതേ യാഥാർത്ഥ്യം വേദങ്ങളും ഓർമ്മപ്പെടുത്തുന്നുണ്ട്. ഋഗ്വേദത്തിലെ ഒരു വരി ഇപ്രകാരമാണ്: "ഇന്ദ്രൻ, മിത്രാ, വരുണാ, അഗ്നി; വ്യത്യസ്ത നാമങ്ങൾ അവനുണ്ട് . ബുദ്ധിമാന്മാർ ഏകനായ ദൈവത്തെ വ്യത്യസ്ത നാമങ്ങളിൽ സ്മരിക്കുന്നു." [13]

അല്ലാഹുവിന്റെ നാമങ്ങളെ കുറിച്ചും വിശേഷണങ്ങളെ കുറിച്ചും വിവരിക്കുന്ന അനേകം വരികൾ വേദങ്ങളിൽ വേറെയുമുണ്ട്.

ഒരേ അസ്തിത്വത്തിൽ തന്നെ വ്യത്യസ്ത നാമങ്ങളും വിശേഷണങ്ങളും നില കൊള്ളാം എന്ന് ചുരുക്കം.

ആദ്യകാല വേദങ്ങളിൽ പറയപ്പെട്ട ഇതേ കാര്യം ഇസ്ലാമിക വിശ്വാസത്തിലും പഠിപ്പിക്കുന്നുണ്ട്. ഇസ്ലാം പഠിപ്പിക്കുന്ന സർവ്വരുടെയും സ്രഷ്ടാവായ അല്ലാഹുവിനും അത്യുത്തമമായ അനേകം നാമങ്ങളും മഹോന്നതമായ അനേകം വിശേഷണങ്ങളുമുണ്ട്. അല്ലാഹു പറയുന്നു: "നിങ്ങളുടെ ആരാധ്യൻ ഏക ആരാധ്യൻ മാത്രമാകുന്നു. അവനല്ലാതെ ആരാധനക്ക് അർഹതയുള്ള യാതൊരുവനുമില്ല. അവൻ സർവ്വ വിശാലമായ കാരുണ്യമുള്ള റഹ്മാനും, അങ്ങേയറ്റം കരുണ ചൊരിയുന്ന റഹീമുമാകുന്നു." (ബഖറ: 163)

അല്ലാഹുവിന്റെ നാമങ്ങളാണ് റഹ്മാൻ എന്നതും റഹീം എന്നതും.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: "അവനാകുന്നു അല്ലാഹു. അവനല്ലാതെ ആരാധനക്കർഹനായി മറ്റൊരു ആരാധ്യനും ഇല്ല. രാജാധികാരമുള്ളവനും (മലിക്) പരമപരിശുദ്ധനും (ഖുദ്ദൂസ്) എല്ലാ ന്യൂനതകളിൽ നിന്നും മുക്തനും (സലാം) അഭയം നൽകുന്നവനും (മുഅ്മിൻ) മേൽനോട്ടം വഹിക്കുന്നവനും (മുഹയ്മിൻ) സർവ്വപ്രതാപിയും (അസീസ്) പരിപൂർണ്ണ അധീശത്വമുള്ളവനും (ജബ്ബാർ) അങ്ങേയറ്റം മഹത്വമുള്ളവനും (മുതകബ്ബിർ) ആകുന്നു അവൻ (അല്ലാഹു). അവർ തങ്ങളുടെ ആരാധനയിൽ പങ്ക് ചേർക്കുന്നവരിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ!" (ഹശ്ർ: 23)

---

[13] ഋഗ്വേദം: മണ്ഡലം: 1, സൂക്തം: 164, മന്ത്ര: 46.

ഈ പറയപ്പെട്ട വ്യത്യസ്ത നാമങ്ങളും വിശേഷണങ്ങളുമെല്ലാം ഏകനായ അല്ലാഹുവിൽ തന്നെയുള്ളതാണ്.

ഏകനായ ആരാധ്യന്റെ വിശേഷണങ്ങളെ വ്യത്യസ്തങ്ങളായ വിഗ്രഹങ്ങളിൽ പ്രതിഷ്ഠിച്ചു വെക്കുന്നത് കൊണ്ടുള്ള പ്രശ്നങ്ങൾ വേറെയുമുണ്ട്. ഈ വിഗ്രഹപൂജ പ്രപഞ്ചത്തിന് സമാധാനമോ ശാന്തിയോ കൊണ്ടുവരില്ല എന്നതാണത്.

അത് കൊണ്ടാണ് എല്ലാ നിലക്കുള്ള വിഗ്രഹാരാധനാപരമായ വിശ്വാസങ്ങളെയും വിശുദ്ധ ഖുർആൻ നഖശിഖാന്തം എതിർക്കുന്നത്. അല്ലാഹുവിനോടൊപ്പം വ്യത്യസ്ത ആരാധ്യവസ്തുക്കളെ സ്വീകരിക്കുന്നത് സർവ്വ പ്രപഞ്ചത്തിന്റെയും സമാധാനത്തെ തകിടം മറിക്കും. "ആകാശഭൂമികളിൽ അല്ലാഹുവല്ലാത്ത വല്ല ആരാധ്യന്മാരും ഉണ്ടായിരുന്നെങ്കിൽ അത് രണ്ടും തകരാറാകുമായിരുന്നു. അതിനാൽ സിംഹാസനത്തിന്റെ നാഥനായ അല്ലാഹു, അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം തീർത്തും പരിശുദ്ധനാകുന്നു!" (അമ്പിയാഅ്: 22)

ഏകനായ സ്രഷ്ടാവിനോടൊപ്പം മറ്റു ദൈവങ്ങളുണ്ടായിരുന്നെങ്കിൽ ആകാശഭൂമികളെല്ലാം തകിടം മറിഞ്ഞേനേ എന്നു ചുരുക്കം.

"സത്യം അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റിയിരുന്നെങ്കിൽ ആകാശങ്ങളും ഭൂമിയും അവയിലുള്ളവരുമെല്ലാം കുഴപ്പത്തിലാകുമായിരുന്നു. അല്ല, അവർക്കുള്ള ഉൽബോധനവും കൊണ്ടാണ് നാം അവരുടെ അടുത്ത് ചെന്നിരിക്കുന്നത്. എന്നിട്ട് അവർ തങ്ങൾക്കുള്ള ഉൽബോധനത്തിൽ നിന്ന് തിരിഞ്ഞുകളയുകയാകുന്നു." (മുഅ്മിനൂൻ: 71)

## 5- സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തെ ഹൈന്ദവർ എങ്ങനെയാണ് നോക്കിക്കാണുന്നത്?

ബഹുഭൂരിപക്ഷം ഹൈന്ദവരും അദ്വൈതസിദ്ധാന്തമാണ് തങ്ങളുടെ വിശ്വാസമായി സ്വീകരിച്ചിരിക്കുന്നത്. സ്രഷ്ടാവും സൃഷ്ടിയും ഈ വിശ്വാസത്തിൽ ഒന്ന് തന്നെയാണ്. സ്രഷ്ടാവ് തന്റെ സൃഷ്ടികളിൽ അലിഞ്ഞു ചേരുകയും, അങ്ങനെ സ്രഷ്ടാവും

സൃഷ്ടിയും ഒന്നായിത്തീരുകയും ചെയ്യുമെന്നാണ് ഈ വിശ്വാസത്തിന്റെ രത്നച്ചുരുക്കം. [14]

ശാസ്ത്രത്തിന്റെയും ബുദ്ധിയുടെയും ചിന്തയുടെയും വേദങ്ങളുടെ തന്നെയും പ്രാഥമിക പാഠങ്ങൾക്ക് വിരുദ്ധമാണ് ഈ ചിന്താഗതി.

അദ്വൈത സിദ്ധാന്തം മുന്നോട്ടു വെക്കുന്ന അനേകം പ്രശ്നങ്ങളുണ്ട്. അതിൽ ചിലത് താഴെ പറയട്ടെ.

ഒന്ന്: ദൈവം എല്ലാ വസ്തുക്കളിലും അവതരിക്കുമെന്നാണെങ്കിൽ സ്രഷ്ടാവിൽ വിലയം പ്രാപിക്കുക എന്ന ലക്ഷ്യത്തോടെ ഹൈന്ദവർ നിർവ്വഹിക്കുന്ന ആചാരങ്ങളുടെ അവസ്ഥയെന്താണ്? മോക്ഷം എന്ന വിശ്വാസത്തിന് പിന്നെന്ത് അടിത്തറയാണുള്ളത്?!

നിന്റെ ഉള്ളിൽ തന്നെയുള്ള ഒരു കാര്യത്തിലേക്ക് നിനക്കെങ്ങനെയാണ് എത്തിച്ചേരാൻ സാധിക്കുക...? നീ അവനിലും അവൻ നിന്നിലും അലിഞ്ഞു ചേർന്നിരിക്കുന്നെങ്കിൽ പിന്നെ എങ്ങനെ അവനിലേക്ക് എത്തിച്ചേരും?!

രണ്ട്: തിന്മകളും തെറ്റുകളുമെല്ലാം അദ്വൈത സിദ്ധാന്ത പ്രകാരം പ്രപഞ്ച സ്രഷ്ടാവ് തന്നെയാണ്. കാരണം എല്ലാ വസ്തുവും ദൈവം തന്നെയാണ്. അങ്ങനെയെങ്കിൽ മോഷണവും കൊലപാതകവും വ്യഭിചാരവുമെല്ലാം ദൈവമാകണം; കാരണം അവൻ സർവ്വവ്യാപിയാണല്ലോ?! ഇങ്ങനെയാണ് കാര്യമെങ്കിൽ പിന്നെന്തിന് തിന്മകളിൽ നിന്നും തെറ്റുകളിൽ നിന്നും മോചനം തേടുന്നത്?!

കാര്യം ഇങ്ങനെയാണെങ്കിൽ പിന്നെന്തിന് ദേഹേഛകളിൽ നിന്നും ഭൗതിക പ്രലോഭനങ്ങളിൽ നിന്നും അകലാൻ ശ്രമിക്കണം?!

തിന്മയും അദ്വൈതത്തിന്റെ പരിധിയിൽ തന്നെയല്ലേ?!

---

[14] Encyclopedia of Hinduism / Constance Jones, James D. Ryan: 315.

## ഹൈന്ദവ; ഒരു പഠനം

പ്രപഞ്ചം മുഴുവൻ യഥാർത്ഥത്തിൽ ദൈവം തന്നെയല്ലേ?!

യഥാർത്ഥത്തിൽ ഈ ചിന്താഗതി സ്വീകരിക്കുന്നതോടെ നന്മ ചെയ്യാനുള്ള പരിശ്രമത്തിന് യാതൊരു അർത്ഥവുമില്ലാതായിത്തീരും.

എന്നാൽ -ഇതെല്ലാമാണെങ്കിലും- നന്മ ചെയ്യാൻ ശ്രമിക്കണമെന്നും, അതാണ് മനുഷ്യന്റെ നിർബന്ധ ബാധ്യതയെന്നും ഏവർക്കും അറിയുകയും ചെയ്യാം; ശരിയല്ലേ?!

യഥാർത്ഥത്തിൽ, നന്മ ചെയ്യണം എന്ന മനസ്സിന്റെ ഈ ചിന്ത ശുദ്ധപ്രകൃതിയുടെ ഭാഗമാണ്. അദ്വൈത സിദ്ധാന്തത്തിന്റെ പിഴവ് ബോധ്യപ്പെടുത്തുന്ന നേർക്കുനേരെയുള്ള, മനുഷ്യപ്രകൃതത്തിൽ തന്നെ രൂഢമൂലമായ തെളിവാണ് ഈ പറഞ്ഞത്.

മൂന്ന്: ധർമ്മവും അധർമ്മവും സ്ഥായിയല്ല എന്ന ചിന്തയിലേക്ക് അദ്വൈതസിദ്ധാന്തം മനുഷ്യരെ നയിക്കുന്നു. കാരണം ഈ വിശ്വാസപ്രകാരം വിഗ്രഹങ്ങളെയോ കല്ലിനെയോ ആരാധിക്കുന്ന ഏതു മതവിശ്വാസിയും യഥാർത്ഥ ആരാധ്യനെ തന്നെയാണ് ആരാധിക്കുന്നത് എന്ന് പറയേണ്ടി വരും. കാരണം ദൈവം എല്ലാത്തിലുമുണ്ട് എങ്കിൽ കല്ലിലും വിഗ്രഹത്തിലും ഉണ്ടായിരിക്കണമല്ലോ?!

സ്ഥായിയല്ലാത്ത ധാർമ്മികത എല്ലാ നന്മകളെയും സംസ്കാരങ്ങളെയും നശിപ്പിച്ചു കളയും. കാരണം, അതോടെ ഏതു കാര്യവും നന്മയും ശരിയുമായിത്തീരും.

ഇത്രയും പറഞ്ഞതിനോടൊപ്പം മറ്റൊരു കാര്യം കൂടി ചേർത്തു വായിക്കുക; പ്രപഞ്ചം എവിടെ നിന്നു വന്നു എന്ന ചോദ്യത്തിന് അദ്വൈത സിദ്ധാന്തം യാതൊരു ഉത്തരവും നൽകുന്നില്ല.

കാരണം സ്രഷ്ടാവിന്റെ അസ്തിത്വം തന്നെയാണ് സൃഷ്ടിയുടേതും എന്ന ചിന്ത തീർത്തും ബുദ്ധിക്ക് യോജിക്കുകയില്ല. കാരണം ഒരു വസ്തു അതേ വസ്തുവിൽ തന്നെ ഉണ്ടായി എന്നു പറയുന്നതിലേക്കാണ് ഈ ചിന്ത കൊണ്ടെത്തിക്കുക.

അതാകട്ടെ, വിചിത്രമായ വൈരുദ്ധ്യവും തീർത്തും ബുദ്ധിപരമായി അസാധ്യവും.

എങ്ങനെയാണ് ഒരു വസ്തു അതേ വസ്തുവിന്റെ രൂപീകരണത്തിന് കാരണ മായിത്തീരുക; കാരണം പുതുതായി നിർമ്മിക്കപ്പെട്ട വസ്തു തന്നെയാണല്ലോ മു ൻപുണ്ടായിരുന്നത്?!

നാല്: പ്രപഞ്ചത്തിലുള്ള സർവ്വതും അനാഥിയല്ലെന്ന് ശാസ്ത്രീയമായി സ്ഥിര പ്പെട്ട കാര്യമാണ്. ഇക്കാര്യം ബുദ്ധിയുള്ള ഏവരും അംഗീകരിക്കുന്ന വസ്തുതയു മാണ്.

പ്രപഞ്ചത്തിലെ സർവ്വതും; അതിലെ ഊർജ്ജവും പദാർത്ഥങ്ങളും സ്ഥലവും സമയവുമെല്ലാം തുടക്കമുള്ളതാണ്.

പ്രപഞ്ചത്തിന് ആരംഭമുണ്ട് എന്ന ഈ വസ്തുത എണ്ണമില്ലാത്ത തെളിവുകളാൽ സ്ഥിരപ്പെട്ട കാര്യമാണ്. ശാസ്ത്രത്തിന്റെ ഭാഷയിൽ പ്രപഞ്ചമെന്ന ഒരു കാര്യമേ ഉ ണ്ടായിരുന്നില്ലെന്നും, പിന്നീട് അത് ഉടലെടുക്കുകയാണ് ചെയ്തത് എന്നും പറയാം.

പ്രപഞ്ചമേ ഇല്ലാതിരുന്ന ഒരു കാര്യമാണെങ്കിൽ പിന്നെങ്ങനെ അദ്വൈതം - ദൈവവും പ്രപഞ്ചവും ഒന്നായിരുന്നു- എന്ന് നാം പറയും?!

അദ്വൈത സിദ്ധാന്തം ശരിയായിരുന്നു എങ്കിൽ പ്രപഞ്ചം അനാഥിയാണെന്നോ , ഏറ്റവും ചുരുങ്ങിയത് പദാർത്ഥങ്ങൾ അനാഥിയാണെന്നോ പറയേണ്ടി വരും.

എന്നാൽ വിചിത്രമെന്ന് പറയട്ടെ, ആധുനിക ഹൈന്ദവർ ഭൗതിക പ്രപഞ്ചം അ നാഥിയായുള്ളതാണെന്ന വാദമാണ് ഇപ്പോഴും പറഞ്ഞു കൊണ്ടിരിക്കുന്നത്. കാ രണം, അദ്വൈത സിദ്ധാന്തത്തിന് അതല്ലെങ്കിൽ യാതൊരു നിലനിൽപ്പും ഉണ്ടാവു കയില്ല.

സ്വാമി വിവേകാനന്ദൻ പറയുന്നത് നോക്കൂ: " സ്ഥലവും സമയവുമായി യാതൊ രു ബന്ധവുമില്ല. ഒരു സ്ഥലവും ഒരിക്കലും പുതിയതല്ല." [15]

---

[15] Hinduism, Wiwekanand, p61-63.

## ഹൈന്ദവ; ഒരു പഠനം

യഥാർത്ഥത്തിൽ പ്രപഞ്ചം അനാഥിയാണെന്ന വാദം പറയാൻ ആധുനിക ഹൈന്ദവർ നിർബന്ധിതരായതാണ്; കാരണം അദ്വൈത സിദ്ധാന്തത്തോട് അതില്ലാതെ യോജിച്ചു പോവുക സാധ്യമല്ല.

എന്നാൽ അദ്വൈത സിദ്ധാന്തത്തിന്റെ പിറകെ പോവുകയും, അതിൽ വിശ്വസിക്കുകയും ചെയ്തിരുന്നില്ലെങ്കിൽ ഈ പ്രശ്നമൊന്നും ഉണ്ടാവുകയേയില്ലായിരുന്നു. പക്ഷേ, പിശാച് മനുഷ്യനെ വഴി തെറ്റിക്കാൻ എല്ലാ മാർഗങ്ങളിലും പതിയിരിക്കുന്നു. പ്രവാചകന്മാരുടെ മാർഗത്തിൽ നിന്ന് മനുഷ്യരെ വഴിതെറ്റിക്കാനായി സാധ്യമാകുന്ന സന്ദർഭങ്ങളെല്ലാം അവൻ ഉപയോഗപ്പെടുത്തുന്നു.

മുഹമ്മദ് നബി -ﷺ- യുടെ വചനങ്ങളിലൊന്ന് ഇപ്രകാരമാണ്: "അല്ലാഹു പറഞ്ഞിരിക്കുന്നു: "ഞാൻ എന്റെ ദാസന്മാരെ മുഴുവൻ സൃഷ്ടിച്ചത് ഋജുമനസ്കരായി കൊണ്ടാണ്. പിശാചുക്കൾ അവരെ സമീപിക്കുകയും, അവരുടെ യഥാർത്ഥ മതത്തിൽ നിന്ന് അവരെ തെറ്റിച്ചു കളയുകയും ചെയ്തു. ഞാൻ അവർക്ക് അനുവദിച്ചു നൽകിയത് പിശാചുക്കൾ അനുവദനീയമാക്കുകയും, യാതൊരു തെളിവുമില്ലാതെ എന്നിൽ പങ്കുചേർക്കാൻ അവരോട് അക്കൂട്ടർ കൽപ്പിക്കുകയും ചെയ്തു." [16]

എല്ലാ മനുഷ്യരും ലോകങ്ങളുടെ സ്രഷ്ടാവായ അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന അടിത്തറയിൽ നിലകൊണ്ടവരായിരുന്നു. എന്നാൽ പിശാചുക്കൾ അവരിലേക്ക് വന്നെത്തുകയും, നിഷേധ ചിന്താഗതികളിലേക്ക് അവരെ വലിച്ചിഴക്കുകയും ചെയ്തു.

മുഹമ്മദ് നബി -ﷺ- പറഞ്ഞതു പോലെ: "തീർച്ചയായും പിശാച് മനുഷ്യന്റെ മാർഗങ്ങളിൽ (അവനെ പിഴപ്പിക്കാനായി) കാത്തിരിക്കുന്നു." [17]

---

[16] സ്വഹീഹ് മുസ്ലിം: 2865.

[17] സുനനുന്നസാഈ: 3134.

## ഹൈന്ദവ; ഒരു പഠനം

മനുഷ്യനെ വഴിതെറ്റിക്കാൻ ഏതു മാർഗവും സ്വീകരിക്കാൻ പിശാച് തയ്യാറാണ്. എന്നാൽ ദൈവദൂതന്മാർ അറിയിച്ചു തന്ന ഏകദൈവാരാധനയുടെയും അനുസരണത്തിന്റെയും മാർഗം സ്വീകരിക്കുക എന്നതല്ലാതെ രക്ഷപ്പെടാൻ ഒരു വഴിയുമില്ല.

വേദങ്ങളും പ്രപഞ്ചത്തിന്റെ ആരംഭത്തെ കുറിച്ച് സൂചന നൽകിയിട്ടുണ്ട്. ലോകങ്ങളുടെ സ്രഷ്ടാവായ അല്ലാഹു സൃഷ്ടികൾക്ക് മുൻപുള്ളവനാണ്. അവനൊരിക്കലും തന്റെ സൃഷ്ടികളിൽ അവതരിക്കുകയോ അലിഞ്ഞു ചേരുകയോ ഇല്ല.

ഹൈന്ദവർ എങ്ങനെ അദ്വൈത സിദ്ധാന്തത്തിലേക്ക് എത്തിച്ചേർന്നു എന്ന് വേദങ്ങൾ വായിക്കുന്ന ഏതൊരാളും അത്ഭുതപ്പെട്ടു പോകും.

ഋഗ്വേദം പറയുന്നു: "ദൈവമേ! സൂര്യനും സർവ്വ ലോകവും; നിന്നെ പൊതിയുക അവക്ക് സാധ്യമല്ല." [18]

അദ്വൈത സിദ്ധാന്തം അബദ്ധജഢിലമായ വിശ്വാസമാണ് എന്ന് ബോധ്യപ്പെടുത്തുന്ന ഋഗ്വേദത്തിൽ നിന്നുള്ള തെളിവാണ് ഈ പറഞ്ഞത്. ലോകങ്ങളുടെ സ്രഷ്ടാവ് സൃഷ്ടികളിൽ നിന്ന് വേറിട്ടു നിൽക്കുന്നവനാണ്; സൂര്യനും ചന്ദ്രനും ഒരിക്കലും ദൈവങ്ങളല്ല എന്നും ഈ വാചകം അറിയിക്കുന്നു.

ഋഗ്വേദം തന്നെ പറയുന്നു: "ആകാശഭൂമികളുടെ സ്രഷ്ടാവാകുന്നു രാപ്പകലുകളെ സൃഷ്ടിച്ചത്. പ്രപഞ്ചത്തിന്റെയും അതിലുള്ള സർവ്വതിന്റെയും ഉടമസ്ഥൻ അവനാകുന്നു. സൂര്യനെയും ചന്ദ്രനെയും ഭൂമിയെയും ആകാശത്തെയും അവനാണ് സൃഷ്ടിച്ചത്." [19]

ഇതിനേക്കാൾ വ്യക്തമായി അദ്വൈത സിദ്ധാന്തത്തിന്റെ നിരർത്ഥകതയും പ്രപഞ്ചം അനാഥിയാണെന്ന ചിന്തയും എങ്ങനെയാണ് ഖണ്ഡിക്കുക?!

---

[18] ഋഗ്വേദം: മണ്ഡലം: 1, സൂക്തം: 10, മന്ത്ര: 8.

[19] ഋഗ്വേദം: മണ്ഡലം: 10, സൂക്തം:19, മന്ത്ര 2-3.

## ഹൈന്ദവ; ഒരു പഠനം

യജുർവേദം പറയുന്നത് നോക്കൂ: "ദൈവം; അവന് മുൻപ് യാതൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല. അവനാണ് നമ്മുടെ സ്രഷ്ടാവും ഉടമസ്ഥനും. സർവ്വതിനെയും അവൻ അറിയുന്നു." [20]

അല്ലാഹുവിന് മുൻപ് യാതൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല; അവനാണ് ആദ്യമേ ഉള്ളവൻ. പ്രപഞ്ചം അവന്റെ സൃഷ്ടിപ്പ് മാത്രമാണ്. അല്ലാഹു അതിനെ സൃഷ്ടിച്ചപ്പോഴാണ് അത് ഉടലെടുത്തത്. അതൊരിക്കലും അനാഥിയല്ല. "മഹാനായ ദൈവം ആകാശത്തിന്റെയും ഭൂമിയുടെയും ഉടമസ്ഥനത്രെ." [21]

ഈ യാഥാർത്ഥ്യം വിശുദ്ധ ഖുർആൻ മനോഹരമായി വിവരിച്ചിട്ടുണ്ട്. ലോകങ്ങളുടെ സ്രഷ്ടാവ് അവന്റെ ദൂതനായ മുഹമ്മദ് നബി -ﷺ- ക്ക് 1400 വർഷം മുൻപ് നൽകിയ സന്ദേശമായ ഖുർആൻ സ്രഷ്ടാവും സൃഷ്ടിയും വേറെവേറെയാണെന്നും, സ്രഷ്ടാവ് അവന്റെ സിംഹാസനത്തിൽ ആരോഹിതനാണെന്നും, സ്രഷ്ടാവ് സൃഷ്ടികളിലോ സൃഷ്ടികൾ സ്രഷ്ടാവിലോ അലിഞ്ഞു ചേരില്ലെന്നും ബോധ്യപ്പെടുത്തിയിട്ടുണ്ട്.

അല്ലാഹു പറയുന്നു: "ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും ആറു ദിവസങ്ങളിൽ സൃഷ്ടിച്ചവനാകുന്നു അല്ലാഹു. പിന്നീട് അവൻ സിംഹാസനാരോഹിതനായി. അവന്നു പുറമെ നിങ്ങൾക്ക് യാതൊരു രക്ഷാധികാരിയും ശുപാർശകനുമില്ല. എന്നിരിക്കെ നിങ്ങൾ ആലോചിച്ച് ഗ്രഹിക്കുന്നില്ലേ?" (സജ്ദഃ: 4)

എല്ലാ ദൈവദൂതന്മാരുടെയും വിശ്വാസത്തിന്റെ അടിത്തറയും, അവരുടെ മതത്തിന്റെയും മതനിയമങ്ങളുടെയും അടിസ്ഥാനവും ലോകങ്ങളുടെ സ്രഷ്ടാവിന്റെ - അല്ലാഹുവിന്റെ- ഏകത്വം അംഗീകരിക്കുക എന്നതായിരുന്നു. സ്രഷ്ടാവ് സൃഷ്ടികളിൽ നിന്ന് വേറിട്ടു നിൽക്കുന്നു എന്ന് അവരെല്ലാം പഠിപ്പിച്ചിട്ടുണ്ട്.

---

[20] യജുർവേദം: സൂക്തം: 32, മന്ത്രം: 13.

[21] ഋഗ്വേദം: മണ്ഡലം: 1, സൂക്തം: 100, മന്ത്ര: 1.

അഞ്ച്: വളരെ പ്രധാനപ്പെട്ട ഒരു ചോദ്യത്തിന് യാതൊരു ഉത്തരവും നൽകാൻ അദ്വൈത സിദ്ധാന്തത്തിന് സാധിക്കുകയില്ല. ഈ പ്രപഞ്ചം എവിടെ നിന്ന് വന്നു എന്ന ചോദ്യമാണത്.

അദ്വൈത ചിന്ത പ്രകാരം എങ്ങനെയാണ് പ്രപഞ്ചം രൂപപ്പെട്ടത്?

അദ്വൈത വാദം ആദ്യമായി അവതരിപ്പിച്ചത് ആരാണ് ?

അതിനുള്ള തെളിവെന്താണ്?

എത്രയോ ചോദ്യങ്ങളും ആശയക്കുഴപ്പങ്ങളും... ശാസ്ത്രത്തിനും മനുഷ്യ ബുദ്ധിക്കും വേദങ്ങൾക്കും ദൈവദൂതന്മാരുടെ അദ്ധ്യാപനങ്ങൾക്കും കടകവിരുദ്ധമാണ് ഈ ചിന്താഗതി എന്ന് ഇതെല്ലാം അറിയിക്കുന്നു.

## 6- ഹൈന്ദവത ജീവിതത്തെയും മരണത്തെയും എങ്ങനെയാണ് നോക്കിക്കാണുന്നത്?

പുനർജന്മ സിദ്ധാന്തമാണ് ആധുനിക ഹൈന്ദവ വിശ്വാസത്തിന്റെ പ്രധാന അടിത്തറകളിലൊന്ന്. ഒരിക്കലും അവസാനിക്കാത്ത കണ്ണികളായി മനുഷ്യർ വീണ്ടും വീണ്ടും പുനർജനിച്ചു കൊണ്ടേയിരിക്കുമെന്ന് ഈ വിശ്വാസം പഠിപ്പിക്കുന്നു. ഹൈന്ദവ വീക്ഷണ പ്രകാരം നമ്മൾ ഒരു വളയത്തിൽ ചുറ്റുന്നതു പോലെ ജനിച്ചു കൊണ്ടേയിരിക്കുന്നു. എല്ലാ കുഞ്ഞുങ്ങളും മുൻപൊരിക്കൽ ഈ പ്രപഞ്ചത്തിൽ ഉണ്ടായിരുന്നു; അവയുടെ ആത്മാവ് -മരണശേഷം ഭാവിയിൽ മറ്റൊരു ജീവിയിൽ ഉടലെടുക്കും. ഇതിങ്ങനെ തുടർന്നു കൊണ്ടേയിരിക്കും. 'സംസാർ' എന്ന പേരിൽ ഹിന്ദുക്കൾ വിശേഷിപ്പിക്കുന്നത് ഈ വിശ്വാസത്തെയാണ്. [22] അനേകം ബുദ്ധിപരവും വൈജ്ഞാനികവുമായ ആശയക്കുഴപ്പങ്ങൾ മാത്രം ബാക്കി വെക്കുന്ന ചിന്താഗതികളിലൊന്നാണ് ഇതും. ചിലത് താഴെ പറയാം:

[22] Saṃsāra संसार.

ഒന്നാമത്തെ ആശയക്കുഴപ്പം: 'ടെർടുലിയൻ ഖണ്ഡനം' എന്ന പേരിൽ അറിയപ്പെട്ട മറുപടിയാണത്. അദ്ദേഹം പറയുന്നു: "പുനർജന്മം എന്നത് ശരിയായിരുന്നുവെങ്കിൽ എന്തു കൊണ്ടാണ് മുലകുടി പ്രായത്തിലുള്ള കുട്ടികൾക്ക് വലിയവരുടെ ബുദ്ധിശേഷി നൽകപ്പെടാത്തത്?!" [23]

രണ്ടാമത്തെ ആശയക്കുഴപ്പം: പുനർജന്മ സിദ്ധാന്തം ശരിയാണെന്ന് വന്നാൽ ഭൂമിയിലെ ജീവനുള്ള വസ്തുക്കളുടെ എണ്ണം സ്ഥായിയായി നിലനിൽക്കുന്നു എന്നും പറയേണ്ടി വരും. കാരണം എല്ലാ ജീവികളും പുനർജനിച്ചു കൊണ്ടേയിരിക്കുകയാണല്ലോ?! എന്നാൽ ബുദ്ധിയുള്ള ഒരാളും അങ്ങനെ പറയുകയില്ല.

ഭൂമി തന്നെ ഇല്ലാതിരുന്ന ഒരു കാലവും, ഭൂമിക്ക് മുകളിൽ ഒരു ജീവനും ഇല്ലാതിരുന്ന ഒരു കാലഘട്ടവും കഴിഞ്ഞു പോയിട്ടുണ്ട് എന്നാണ് ശാസ്ത്രം പറയുന്നത്. ഇന്ന് കാണുന്നത്ര ജീവികളും മനുഷ്യരും ഇല്ലാതിരുന്ന കാലവും കഴിഞ്ഞു പോയിട്ടുള്ളത്; കാലക്രമേണ ജീവികളുടെ എണ്ണം വർദ്ധിച്ചു വരുകയാണ് ചെയ്തത്. ഇതെല്ലാം മനുഷ്യർ ഒന്നടങ്കം അംഗീകരിക്കുന്ന കാര്യമാണ്.

മനുഷ്യരുടെ എണ്ണം ഇന്നുള്ളതിനേക്കാൾ കുറഞ്ഞ കാലം മുൻപ് ഉണ്ടായിട്ടുണ്ട് . മനുഷ്യരുടെ എണ്ണം ഒരിക്കലും സ്ഥായിയായി നിലനിന്നിട്ടില്ല. അപ്പോൾ എങ്ങനെയാണ് പുനർജന്മം ആവർത്തിച്ചു കൊണ്ടേയിരുന്നു എന്ന് പറയാൻ കഴിയുക?!

മൂന്നാമത്തെ ആശയക്കുഴപ്പം: എന്തു കൊണ്ടാണ് കഴിഞ്ഞകാല ജീവിതം ഓർക്കുന്ന ഒരു മനുഷ്യനും ഇല്ലാതെ പോകുന്നത്?! ഈ ചിന്താഗതി പറയുന്നവരിൽ മാത്രമേ അത്തരക്കാരെ വിരളമായെങ്കിലും കാണാറുള്ളൂ!

റൂത് സൈമൺസ് എന്ന പേരുള്ള ഒരു അമേരിക്കൻ വനിത ഞാൻ ബ്രൈഡ് മർഫി എന്ന സ്ത്രീയുടെ ആത്മാവ് പുനർജനിച്ചതാണെന്ന് അവകാശപ്പെട്ടിരുന്നു. തന്റെ 'മുൻകാല ജീവിതത്തിലെ' അനുഭവങ്ങളെല്ലാം അവർ ഓർത്തെടുത്തു പറയാൻ തുടങ്ങുകയും ചെയ്തു. എന്നാൽ ഗവേഷകരിൽ ചിലർ റൂതിനെ നിരീക്ഷിച്ച

---

[23] Cogan, Robert. (1998), Critical Thinking: Step by Step, University Press of America, pp. 202–203.

തിന് ശേഷം അവർ പറഞ്ഞു: അയർലാൻഡിൽ ജീവിച്ചിരുന്ന ബ്രൈഡ് എന്ന തന്റെ പഴയ അയൽവാസിയുടെ ഓർമ്മകൾ കോപ്പിയടിച്ചതായിരുന്നു റൂത്. [24]

പുനർജന്മ സിദ്ധാന്തം യഥാർത്ഥത്തിൽ വെറും തോന്നലുകളും ഭാവനാസൃഷ്ടിയും മാത്രമാണ്. ശാസ്ത്രത്തിന്റെയും മനുഷ്യാനുഭവങ്ങളുടെയും പ്രാഥമിക ധാരണകൾക്ക് വരെ അത് എതിരു നിൽക്കുന്നു.

പോൾ എഡ്വാഡ്സ് -ഫിലോസഫിക്കൽ എൻസൈക്ലോപീഡിയയുടെ എഡിറ്റർ- പറയുന്നു: "പുനർജന്മ സിദ്ധാന്തം ആധുനിക ശാസ്ത്രത്തിന് കടകവിരുദ്ധമായ കേവല ഭാവന മാത്രമാണ്." [25]

മനുഷ്യൻ മരിച്ചാൽ ഒരിക്കലും മറ്റൊരു ജന്മമായി പുനർജന്മം സംഭവിക്കുകയില്ല.

ഈ യാഥാർത്ഥ്യം ഹൈന്ദവ വേദങ്ങൾ തന്നെ ഊന്നിപ്പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് വേദങ്ങളിൽ പുനർജന്മത്തെ കുറിച്ചോ, 'സംസാർ' എന്ന വിശ്വാസത്തെ കുറിച്ചോ ഒരു സംസാരവും കാണാൻ കഴിയില്ല. [26]

ഹൈന്ദവ പണ്ഡിതനായ ശ്രീ സത്യകാം വിദ്ധ്യാലങ്കാർ പറഞ്ഞു: "പുനർജന്മ സിദ്ധാന്തം വേദങ്ങളിലെവിടെയും വന്നിട്ടില്ല. അങ്ങനെയുണ്ടെന്ന് തെളിയിക്കാൻ ആർക്കും സാധിക്കില്ലെന്ന് ഞാൻ വെല്ലുവിളിക്കുന്നു." [27]

വിദ്യാലങ്കറിന്റെ വാക്കുകൾക്കുള്ള ഏറ്റവും നല്ല തെളിവുകളിലൊന്ന് ഹൈന്ദവർ തന്നെ കൊണ്ടാടുന്ന, ശ്രാദ്ധം കൂടുക എന്ന ആചാരം. മരിച്ചവരുടെ ആത്മാവുകൾക്ക് ശാന്തി ലഭിക്കുക എന്നതാണ് ഈ ആചാരത്തിന് പിറകിലെ ലക്ഷ്യം തന്നെ.

---

[24] https://www.ncbi.nlm.nih.gov/pubmed/12116612

[25] Edwards, Paul. (2001), Reincarnation: A Critical Examination, Prometheus Books.

[26] Yuvraj Krishan: Bharatiya Vidya Bhavan, 1997.

[27] ദഅ്വതുൽ ഹിന്ദൂസ് എന്ന ഗ്രന്ഥത്തിൽ നിന്ന്.

മരിച്ചവരുടെ ആത്മാവുകൾക്ക് ശാന്തി ലഭിച്ചു കഴിഞ്ഞാൽ പിന്നെങ്ങനെയാണ് അവർ പുനർജനിക്കുക?!

ലോകങ്ങളുടെ സ്രഷ്ടാവായ അല്ലാഹു തന്റെ ദൂതനായ മുഹമ്മദ് നബി -ﷺ- യുടെ മേൽ അവതരിപ്പിച്ച വിശുദ്ധ ഖുർആൻ ഈ ചിന്താഗതികൾക്ക് വ്യക്തമായ മറുപടി നൽകിയിട്ടുണ്ട്. നിഷേധികളുടെ വാദം ആദ്യം ഇപ്രകാരം വിവരിക്കപ്പെട്ടു: '' അവർ പറഞ്ഞിരുന്നു: 'ഞങ്ങളുടെ ഐഹികജീവിതമല്ലാതെ യാതൊന്നുമില്ല (മറ്റൊരു ജീവിതവുമില്ല). ഞങ്ങൾ (പുനരുദ്ധാരണനാളിൽ) ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നവരുമല്ല എന്ന്'.'' (മുഅ്മിനൂൻ: 37)

അവർക്കുള്ള മറുപടിയായി അല്ലാഹു പറയുന്നു: "അവർക്ക് മുമ്പ് എത്രയെത്ര തലമുറകളെ നാം നശിപ്പിച്ചു! അവരാരും ഇവരുടെ അടുത്തേക്ക് തിരിച്ചുവരുന്നില്ല എന്ന് അവർ കണ്ടില്ലേ?" (യാസീൻ: 31)

മരിച്ചവരാരും ഈ ലോകത്തേക്ക് ഇനിയൊരിക്കലും തിരിച്ചു വരില്ല. അവർക്ക് ഇനിയൊരിക്കലും മടക്കവുമില്ല. [28]

അല്ലാഹു പറയുന്നു: "അവരവിടെ ആദ്യത്തെ മരണമല്ലാതെ ഇനിയൊരു മരണം ആസ്വദിക്കുന്നതല്ല." (ദുഖാൻ: 56)

ഇതാണ് സർവ്വ മുസ്‌ലിംകളുടെയും വിശ്വാസം. എന്നാൽ -ഖേദകരമെന്ന് പറയട്ടെ- ഹൈന്ദവർ ഉപേക്ഷിച്ച വേദങ്ങളുടെ അദ്ധ്യാപനവും ഇതിനോട് യോജിക്കുന്നത് തന്നെയാണ്.

പുനർജന്മ സിദ്ധാന്തം സൃഷ്ടിക്കുന്ന നാലാമത്തെ ആശയക്കുഴപ്പം: പരിപൂർണ്ണ മോക്ഷം -അല്ലെങ്കിൽ അനശ്വരതയിൽ അലിഞ്ഞു ചേരൽ-; ഇതാണ് ആവർത്തിച്ചുള്ള പുനർജന്മങ്ങളിൽ നിന്ന് രക്ഷപ്പെടാനുള്ള മനുഷ്യരുടെ ഏകവഴിയെന്ന്

[28] ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇമാം ഖുർത്വുബി (റഹി) പറയുന്നു: "മരിച്ചവർ അന്ത്യനാളിന് മുൻപ് മടങ്ങിവരും എന്ന് വാദിച്ചവർക്കുള്ള മറുപടിയാണ് ഈ ആയത്ത്."

ഹൈന്ദവർ പറയുന്നു. അതായത്, ഓരോ പുനർജന്മവും യഥാർത്ഥത്തിൽ ശിക്ഷയാണ്.

എന്നാൽ ഇങ്ങനെ ആവർത്തിച്ചു ജനിച്ചു കൊണ്ടേയിരിക്കുന്നത് ശിക്ഷയാണെന്ന് ആരാണ് പറഞ്ഞത്?

മനുഷ്യരിൽ ബഹുഭൂരിപക്ഷത്തോടും ഇനിയൊരിക്കൽ കൂടി ജനിക്കാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ എന്ന് ചോദിച്ചാൽ അവരിൽ ബഹുഭൂരിപക്ഷവും അതെയെന്നായിരിക്കും ഒരു ശങ്കയുമില്ലാതെ മറുപടി പറയുക.

മനുഷ്യന്റെ അസ്തിത്വത്തെ മോശമായ കണ്ണോടു കൂടി മാത്രം വീക്ഷിക്കുന്ന ഈ ചിന്താഗതി യഥാർത്ഥത്തിൽ തനിച്ച കളവു മാത്രമാണ്. കാരണം മനുഷ്യാസ്തിത്വം പരിശോധിച്ചാൽ അനേകം നന്മകളും എണ്ണമില്ലാത്ത അനുഗ്രഹങ്ങളുമാണ് അവരിൽ കാണാൻ കഴിയുന്നത്.

യഥാർത്ഥത്തിൽ മോക്ഷമെന്ന പേരിൽ പഠിപ്പിക്കപ്പെടുന്നത് ഒരു സാങ്കൽപ്പിക രക്ഷപ്പെടൽ മാത്രമാണ്; അതും സാങ്കൽപ്പികമായ -തീർത്തും നിലനിൽക്കാത്ത- ഒരു പ്രശ്നത്തിൽ നിന്ന്.

അഞ്ചാമത്തെ ആശയക്കുഴപ്പം: തിന്മകളോ അതിക്രമങ്ങളോ പ്രവർത്തിക്കുന്നതിൽ യാതൊരു കുഴപ്പവുമില്ല എന്ന ചിന്തയിലേക്കാണ് പുനർജന്മ സിദ്ധാന്തം പ്രേരിപ്പിക്കുന്നത്. യഥാർത്ഥത്തിൽ തിന്മകൾക്ക് ന്യായം ചമച്ചു നൽകുകയാണ് ഈ വിശ്വാസഗതി ചെയ്യുന്നത്. കാരണം ഏതെങ്കിലുമൊരു കാലം -ഏതെങ്കിലുമൊരു ജന്മത്തിൽ- താൻ രക്ഷപ്പെടുമെന്നാണെങ്കിൽ എന്തു കൊണ്ട് ഈ ജന്മം സർവ്വ തോന്നിവാസങ്ങളിലും അഭിരമിച്ചു കൊണ്ട് ആസ്വദിച്ചു കൂടാ?!

ഏതൊരു തിന്മയോടും അതിക്രമത്തോടും രഞ്ജിപ്പിലെത്തുന്ന വിശ്വാസമാണത്. ചിലപ്പോൾ ഇതു കൊണ്ടായിരിക്കാം ലോകാടിസ്ഥാനത്തിൽ ഏറ്റവുമധികം അ

തിക്രമങ്ങൾ നടമാടുന്ന രാജ്യമായി ഇന്ത്യ മാറിത്തീർന്നത്; കണക്കുകൾ പ്രകാരം ഏറ്റവുമധികം പീഡനങ്ങൾ ഇന്ത്യയിലാണ് സംഭവിച്ചിട്ടുള്ളത്. [29]

കുറ്റകൃത്യങ്ങളും കൂട്ടബലാത്സംഗവും ഏറ്റവുമധികം സംഭവിക്കുന്നതും ഇന്ത്യയിൽ തന്നെയാണ്.

## 7- ഹിന്ദുക്കളിലെ പുനർജന്മ സിദ്ധാന്തത്തിന്റെ ഉത്ഭവം എവിടെ നിന്നാണ്?

യഥാർത്ഥത്തിൽ പുനർജന്മ സിദ്ധാന്തത്തിന്റെ ഉത്ഭവം എങ്ങനെയായിരുന്നു എന്ന് ആർക്കുമറിയില്ല. അതിന്റെ സ്ഥാപകൻ ആരാണെന്നതിലും, അയാൾക്ക് അതിനുള്ള തെളിവുകൾ എന്താണെന്നതിലും യാതൊരു വിവരവുമില്ല.

വേദങ്ങളിൽ പുനർജന്മ സിദ്ധാന്തത്തെ കുറിച്ച് യാതൊരു പരാമർശവുമില്ല. ഒരു വാക്കു പോലും അക്കാര്യം സൂചിപ്പിക്കുന്നതായി ഇല്ല എന്നതാണ് കുറച്ചു കൂടി ശരി. പിൽക്കാലഘട്ടത്തിൽ ഉടലെടുത്ത പുരാണങ്ങളിലാണ് ഇത്തരം ചിന്താഗതികളുടെ ആരംഭം കാണപ്പെടുന്നത്.

പുനർജന്മ സിദ്ധാന്തം എന്നത് ഏതെങ്കിലും ഒരു സന്യാസിയുടെ ചിന്തയിൽ രൂപം കൊണ്ടതായിരിക്കാൻ സാധ്യത ഏറെയുണ്ട്. ദീർഘനേരം ഭക്ഷണപാനീയങ്ങളൊന്നും കഴിക്കാതെ തപസ്സിരുന്നതിന്റെ ഫലമായി ഉണ്ടായ തോന്നലുകളായിരിക്കാം ഇതെല്ലാം. പ്രാണാ എന്ന ആചാരം ഇത്തരം രീതികൾ ഉൾക്കൊള്ളുന്നതാണ്.

ഒരു നിശ്ചിത രൂപത്തിൽ ഭക്ഷണ പാനീയങ്ങളൊന്നും കഴിക്കാതെ ദീർഘനേരം ഇരിക്കുക എന്ന അനുഷ്ഠാനത്തിനാണ് പ്രാണാ എന്ന് പറയുന്നത്.

ഇങ്ങനെ ഭക്ഷണമോ പാനീയമോ ഇല്ലാതെ ഒരു നിശ്ചിത രൂപത്തിൽ ദീർഘനേരം ഇരിക്കുന്നത് മനുഷ്യരുടെ തലച്ചോറിലെ അയോണുകളിൽ കുറവു വരുത്തും. രക്തത്തിലെ ഗ്ലൂകോസിന്റെ അളവിൽ വരുന്ന മാറ്റമാണ് അതിന്റെ കാരണം. ഇത് എ

[29] https://en.wikipedia.org/wiki/Rape_in_India

ൻഡ്രോഫിൻ ഹോർമോണുകളിൽ അസ്ഥിരത സൃഷ്ടിക്കുകയും, അസ്ഥിരതയുള്ള കാഴ്ചകളിലേക്കും തോന്നലുകളിലേക്കും നയിക്കുകയും ചെയ്യും. [30]

സന്യാസികൾ പുരാണങ്ങളിൽ രേഖപ്പെടുത്തി വെച്ച പുനർജന്മ സിദ്ധാന്തവുമായി ബന്ധപ്പെട്ട ഇത്തരം ചിന്തകൾ കേവല വിഭ്രാന്തികളും ബുദ്ധിയുടെ അസ്ഥിരതയുമാകണം.

ആധുനിക ശാസ്ത്രത്തിന്റെ വിലയിരുത്തലാണ് ഈ പറഞ്ഞതെല്ലാം. അമേരിക്കൻ ഗവണ്മെന്റ് വെബ്സൈറ്റിലെ പഠനങ്ങൾ പ്രകാരം രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കുറയുന്നത് ഇത്തരം വിഭ്രാന്തികളിലേക്ക് നയിക്കുമെന്നതിൽ സംശയമില്ല. [31]

ഇമാം ദഹബി (റഹി) പറയുന്നു: "വിജ്ഞാനത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ആചാരാനുഷ്ഠാനങ്ങൾ അധികരിപ്പിക്കുകയും ജീവിതവിരക്തിയും ബ്രഹ്മചര്യവും അനുഷ്ഠിക്കുകയും, വിശപ്പും ദാഹവും സഹിക്കുകയും, മാംസവും ധാന്യങ്ങളും ഉപേക്ഷിക്കുകയും ചെയ്യുന്നവരിൽ എപ്പോഴും വിഭ്രാന്തികളും നിരന്തരമായ പൈശാചിക സ്വാധീനങ്ങളും പ്രകടമായിരിക്കും. അവൻ എന്തെല്ലാമോ എത്തിപ്പിടിച്ചിരിക്കുന്നു എന്നും, ദൈവം തന്നോട് സംസാരിച്ചിരിക്കുന്നു എന്നും, താൻ ഉന്നതിയിലെത്തിയിരിക്കുന്നു എന്നുമെല്ലാം അവൻ വിശ്വസിക്കും. യഥാർത്ഥത്തിൽ പിശാച് അവനെ അടക്കി ഭരിക്കുകയും, അവനെ ദുർമന്ത്രണത്തിൽ അകപ്പെടുത്തുകയുമാണ് ചെയ്തിരിക്കുന്നത്." [32]

ഇതു കൊണ്ടാണ് ഇസ്‌ലാം ഒരു മനുഷ്യൻ സ്വന്തം ശരീരത്തെ -ഈ രൂപത്തിൽ - പീഡിപ്പിക്കുന്നതും പ്രയാസപ്പെടുത്തുന്നതും വിലക്കിയത്.

---

30 https://www.ncbi.nlm.nih.gov/pubmed/8931651 (അമേരിക്കൻ ഗവണ്മെൻ്റിന്റെ ഔദ്യോഗിക വെബ്സൈറ്റ്; വൈദ്യരംഗത്തെ പഠനങ്ങളിൽ ഏറ്റവും പ്രബലമായ പഠനങ്ങളുടെ സ്രോതസ്സാണിത്.)

31 https://www.ncbi.nlm.nih.gov/pubmed/8931651

32 സിയറു അഅ്‌ലാമിന്നുബലാഅ്.

കാരണം ഇത്തരം സ്വയപീഡനങ്ങൾ മനുഷ്യന്റെ ചിന്തകളെ വഴിതെറ്റിക്കുകയും, കാലക്രമേണ അവന്റെ മതനിഷ്ഠയെ തകർക്കുകയും ചെയ്യും.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: അല്ലാഹു അവന്റെ ദാസന്മാർക്ക് വേണ്ടി ഉല്പാദിപ്പിച്ചിട്ടുള്ള അലങ്കാര വസ്തുക്കളും വിശിഷ്ടമായ ആഹാരപദാർത്ഥങ്ങളും നിഷിദ്ധമാക്കിയതാരാണ്?" (അഅ്റാഫ്: 32)

അല്ലാഹുവിന്റെ ദൂതൻ -ﷺ- പറഞ്ഞു: "നിങ്ങൾ ഒരിക്കലും സ്വന്തങ്ങളെ പീഡിപ്പിക്കരുത്. എങ്കിൽ അല്ലാഹു നിങ്ങൾക്ക് കാഠിന്യമുണ്ടാക്കുന്നതാണ്. തീർച്ചയായും ചില കൂട്ടർ തങ്ങളുടെ സ്വന്തങ്ങളെ പീഡിപ്പിക്കുകയും, അല്ലാഹു അവർക്ക് മേൽ കാഠിന്യം വരുത്തുകയും ചെയ്തു. അവരുടെ ആരാധനാലയങ്ങളിലും ഭവനങ്ങളിലും കാണുന്ന അവശേഷിപ്പുകൾ അതാണ്." "അവർ പുതുതായി നിർമ്മിച്ചെടുത്ത ബ്രഹ്മചര്യം; നാമതവർക്ക് മേൽ നിയമമാക്കിയിരുന്നില്ല." (ഹദീദ്: 27) [33]

ചുരുക്കത്തിൽ ഈ സ്വയപീഡകളാണ് അവരെ പലതരം വിഭ്രാന്തികളിലേക്കും വേദാദ്ധ്യാപനങ്ങൾക്ക് വിരുദ്ധമായ ചിന്തകളിലേക്കും നയിച്ചത്. ഇന്ന് അവ ഹിന്ദുമതത്തിന്റെ അടിത്തറകളായി മാറിയിരിക്കുന്നു എന്നതാണ് ഖേദകരം.

എന്നാൽ അല്ലാഹു അവന്റെ ദൂതന്മാർക്ക് നൽകിയ അത്ഭുത സംഭവങ്ങൾ നോക്കൂ; അവയെല്ലാം പൊടുന്നനെ സംഭവിച്ചതായാണ് നാം കാണുന്നത്. ഒരു തയ്യാറെടുപ്പും അതിന് മുൻപ് അവരിൽ കാണപ്പെടുന്നില്ല. ജനങ്ങൾക്ക് തങ്ങളുടെ കണ്ണുകൾ കൊണ്ട് കാണാനും സാക്ഷ്യം വഹിക്കാനും കഴിയും വിധമുള്ള ദൃഷ്ടാന്തങ്ങളായിരുന്നു അവയെല്ലാം. അതിന് സമാനമായത് മറ്റൊരു മനുഷ്യർക്കും കൊണ്ടുവരാൻ സാധിക്കുകയും ചെയ്തിട്ടില്ല.

ദൈവദൂതന്മാരുടെ വിവരണങ്ങളും സന്യാസികളുടെ മായാകാഴ്ചകളും തമ്മിലുള്ള പ്രകടമായ വ്യത്യാസമാണിത്.

---

[33] അബൂ ദാവൂദ്: 4904, ഹദീഥ് സ്ഥിരപ്പെട്ടതാണ്.

## 8- ഹിന്ദു മതം പ്രപഞ്ചത്തെ വീക്ഷിക്കുന്നത് എങ്ങനെയാണ്?

പ്രപഞ്ചം ഇപ്പോൾ തകർച്ചയുടെ വഴിയിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്നുവെന്നും, പിന്നീട് വീണ്ടും അത് രൂപപ്പെടുമെന്നും ഹൈന്ദവ തത്വചിന്ത വിശദീകരിക്കുന്നു. ഇത് അവസാനമില്ലാതെ ആവർത്തിച്ചു കൊണ്ടിരിക്കുന്ന പ്രക്രിയയായാണ് ഹൈന്ദവതയിൽ കാണപ്പെടുന്നത്.

അതായത് പ്രപഞ്ചം രൂപപ്പെടുകയും, ശേഷം നശിക്കുകയും, വീണ്ടും അതിന്റെ പഴയരൂപത്തിലേക്ക് മടക്കപ്പെടുകയും ഇങ്ങനെ തുടർന്നു കൊണ്ടേയിരിക്കുകയും ചെയ്യുമെന്ന് ചുരുക്കം.

യഥാർത്ഥത്തിൽ, ഈ ചിന്താഗതി ശാസ്ത്ര പഠനങ്ങൾക്ക് വിരുദ്ധമാണ്.

ഈ പ്രപഞ്ചത്തിന് മുൻപ് മറ്റു പ്രപഞ്ചങ്ങൾ ഉണ്ടായില്ലെന്നാണ് ശാസ്ത്രം പറയുന്നത്. മറിച്ച്, പ്രപഞ്ചം മുൻമാതൃകകളില്ലാത്ത സൃഷ്ടിപ്പാണെന്നാണ് ശാസ്ത്രീയ നിരീക്ഷണം.

മുസ്‌ലിമീങ്ങളുടെ വിശ്വാസം ഇതു പോലെത്തന്നെയാണ്; 1400 വർഷങ്ങൾക്ക് മുൻപ് ആടുകളെ മേയ്ച്ചിരുന്ന നിരക്ഷരനായ ഒരു പ്രവാചകന്റെ -ഇസ്‌ലാമിന്റെ പ്രവാചകൻ മുഹമ്മദ് നബി -ﷺ- യുടെ- അദ്ധ്യാപനങ്ങൾ അപ്രകാരമാണ് പഠിപ്പിച്ചത്.

ഈ പ്രപഞ്ചം മുൻമാതൃകകളില്ലാത്ത സൃഷ്ടിപ്പാണെന്ന് അല്ലാഹു വിശുദ്ധ ഖുർആനിലൂടെ അവിടുത്തേക്ക് അറിയിച്ചു കൊടുത്തിരിക്കുന്നു. "ആകാശങ്ങളെയും ഭൂമിയെയും മുൻ മാതൃകയില്ലാതെ സൃഷ്ടിച്ചവനത്രെ അവൻ. അവനൊരു കാര്യം തീരുമാനിച്ചാൽ ഉണ്ടാകൂ എന്ന് പറയുക മാത്രമേ വേണ്ടതുള്ളൂ. ഉടനെ അതുണ്ടാകുന്നു." (ബഖറ: 117)

## 9- ഹൈന്ദവ വിശ്വാസപ്രകാരം മനുഷ്യന്റെ ശരീരം എന്തിൽ നിന്നാണ് രൂപം കൊണ്ടിരിക്കുന്നത്?

മനുഷ്യ ശരീരം അഞ്ച് ഘടകങ്ങളാൽ രൂപം കൊണ്ടിരിക്കുന്നു എന്നാണ് ഹൈന്ദവ വിശ്വാസം; വായു, അഗ്നി, ഭൂമി, ആകാശം, ജലം എന്നിവയാണവ.

പ്രപഞ്ചം മുഴുവൻ ഈ അഞ്ച് ഘടകങ്ങളിൽ നിന്ന് രൂപം കൊണ്ടുവെന്ന് ഹൈന്ദവർ വിശ്വസിക്കുന്നു.

ഈ അഞ്ച് ഘടകങ്ങളെയും പ്രതിനിധീകരിക്കുന്ന നക്ഷത്രങ്ങളുമുണ്ട്; ഉദാഹരണത്തിന് ചൊവ്വ അഗ്നിയെയും, ശനി ഭൂമിയെയും പ്രതിനിധീകരിക്കുന്നു. മനുഷ്യ ശരീരത്തിലെ ഓരോ അവയവങ്ങളും ഓരോ ഘടകങ്ങളെ പ്രതിനിധീകരിക്കുന്നു; ഉദാഹരണത്തിന് പ്ലീഹ ഭൂമിയെയും ഹൃദയം അഗ്നിയെയും അറിയിക്കുന്നു.

ഈ പറയപ്പെട്ട അഞ്ചു ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രപഞ്ചത്തിലെ സർവ്വ വസ്തുക്കളും വേർതിരിക്കപ്പെടുക; സമയം വരെ ഈ വേർതിരിവിൽ ഉൾപ്പെടും. ഈ അഞ്ച് ഘടകങ്ങളുടെ ക്രമത്തിൽ സംഭവിക്കുന്ന വ്യത്യാസങ്ങളാണ് രോഗങ്ങൾക്കും കാരണമാകുന്നത്.

നിരാഹാരം അനുഷ്ഠിച്ചു കൊണ്ടും, ദീർഘനേരം നിശ്ചലമായി ചമ്രം പടിഞ്ഞിരുന്നു കൊണ്ടും അനുഷ്ഠിക്കുന്ന പ്രാണാ (തപസ്സ്) എന്ന രീതിയുടെ ഭാഗമായി ഈ പറയപ്പെട്ട അഞ്ചു ഘടകങ്ങളെ കുറിച്ചുള്ള ചിന്താഗതിയും പ്രചരിച്ചതായി കാണാം.

ഖേദകരമെന്ന് പറയട്ടെ, ഈ ചിന്താഗതി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വ്യാപകമായ പ്രചാരം ലഭിക്കുകയും, അനേകം ചികിത്സാരീതികളെ സ്വാധീനിക്കുകയും ചെയ്തിട്ടുണ്ട്.

റെയ്കി, മൈക്രോബയോട്ടിക് ചികിത്സാരീതി, ഫേങ്ഷുയ്, ക്രോമോതെറാപ്പി തുടങ്ങിയ ചികിത്സാരീതികളെല്ലാം ഈ വിശ്വാസപ്പുറത്താണ് പടുത്തുയർത്തപ്പെട്ടിരിക്കുന്നത്.

മനുഷ്യരിലെ ഈ അഞ്ചു മൂലഘടകങ്ങളെ ശരിയായ ക്രമത്തിലാക്കുന്നത് ഉപജീവനം നേടിത്തരുകയും പ്രയാസങ്ങളെ തടുക്കുകയും ചെയ്യുമെന്ന് ഈ മാർഗം സ്വീകരിച്ചവർ വിശ്വസിക്കുന്നു.

ശരീരത്തിലെ ഈ അഞ്ചു ഘടകങ്ങളെ ശരിപ്പെടുത്തുക എന്ന ഉദ്ദേശത്തോടെയുള്ള മസാജിങ്ങ് സെൻ്ററുകൾ ഹൈന്ദവ ക്ഷേത്രങ്ങളുടെ ഭാഗമായി നിലനിൽക്കുന്നതും കാണാം. അനേകം രോഗങ്ങൾക്കുള്ള ചികിത്സയായാണ് ഈ രീതി കണക്കാക്കപ്പെടുന്നത്.

എന്നാൽ ആധുനിക ശാസ്ത്രവുമായി ഈ ചിന്താഗതിക്ക് യാതൊരു ബന്ധവുമില്ല എന്നതാണ് സത്യം.

രസതന്ത്രവുമായും വൈദ്യശാസ്ത്രവുമായും ഇതിന് ബന്ധമില്ല.

മറിച്ച്, ആധുനിക വൈദ്യശാസ്ത്രം ഇത്തരം ചികിത്സാരീതികളെയും അതിന് അടിസ്ഥാനമാക്കപ്പെട്ട ഈ വിശ്വാസങ്ങളെയും തനിച്ച അന്ധവിശ്വാസമായും തട്ടിപ്പും തോന്നലുകളും മാത്രമായാണ് കാണുന്നത്.

അഞ്ചു മൂലഘടകങ്ങളെ കുറിച്ചുള്ള ഈ ചിന്താഗതി അടിസ്ഥാനരഹിതമായ വിജ്ഞാനങ്ങളിലൊന്നായാണ് ഗണിക്കപ്പെട്ടിട്ടുള്ളത്. [34]

ഇതിനോട് ബന്ധപ്പെട്ടുള്ള ചികിത്സാരീതികളെയും മറ്റും കേവല തോന്നലുകളും ഭാവനകളും മാത്രമായാണ് പരിഗണിക്കപ്പെടുന്നതും. [35]

ഏതോ സന്യാസിയുടെ മനസ്സിൽ പുനർജന്മ സിദ്ധാന്തത്തെ കുറിച്ചുള്ള ഭാവന വന്നെത്തിയതു പോലെ തന്നെയായിരിക്കാം ഈ പറയുന്ന അഞ്ച് ഘടകങ്ങളെ

---

[34] Energy – (according to New Age thinking)″, The Skeptic′s Dictionary, 2011-12-19.

[35] Some Notes on Wilhelm Reich, M.D″, Quackwatch.org, 15-02-2002.

കുറിച്ചുള്ള ചിന്തയും വന്നെത്തിയത്. അതല്ലെങ്കിൽ ബുദ്ധിപരമോ വൈജ്ഞാനികമോ ആയ ഒരു പഠനവും അതിന് തെളിവായില്ല.

കേവല ഭാവനാത്മകമായ ഒരു ചിന്ത മാത്രമാണിത്.

വിഗ്രഹാരാധനയുമായി ബന്ധപ്പെട്ട അനേകം അനുഷ്ഠാനങ്ങളും, നക്ഷത്രങ്ങളും രൂപങ്ങളും അടയാളങ്ങളും നിറങ്ങളും ഉറുക്കുകളുമെല്ലാം കൂടിച്ചേരുന്ന ബഹുദൈവാരാധനാപരമായ രീതികളും ഇവയിലുണ്ട് എന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രശ്നം. [36]

അഞ്ചു മൂലഘടകങ്ങളുമായി ബന്ധപ്പെടുത്തി കൊണ്ടുള്ള ഇത്തരം അന്ധവിശ്വാസങ്ങൾക്കെതിരെ ശാസ്ത്രത്തിനേക്കാൾ മുൻപ് ഇസ്‌ലാം ശബ്ദിച്ചിട്ടുണ്ട്. ഇത്തരം ചികിത്സാരീതികൾ യഥാർത്ഥ ചികിത്സ തേടുന്നതിൽ നിന്ന് രോഗികളെ വൈകിപ്പിക്കുകയാണ് ചെയ്യുന്നത്. അതോടൊപ്പം യാഥാർത്ഥ്യ ലോകത്തിൽ നിന്ന് അകന്നു കൊണ്ട്, അനേകം ഭാവനകളിൽ മനുഷ്യർ അവരുടെ ജീവിതം തുലക്കുകയും ചെയ്യുന്നു. തന്റെ സ്രഷ്ടാവായ അല്ലാഹുവല്ലാത്തവരിൽ അഭയം തേടുന്നതിലേക്ക് എത്തിക്കുന്ന ഇത്തരം രീതികളിൽ നിന്ന് ഇസ്‌ലാം ഏറ്റവും ശക്തമായി തന്നെ താക്കീത് ചെയ്തിട്ടുണ്ട്.

അല്ലാഹു പറഞ്ഞതായി നബി -ﷺ- അറിയിച്ച ഹദീഥുകളിലൊന്നിൽ ഇപ്രകാരം കാണാം: 'ഈ പുലരിയിൽ എന്റെ അടിമകളിൽ എന്നിൽ വിശ്വസിക്കുന്നവനും എന്നിൽ അവിശ്വസിക്കുന്നവനും ഉണ്ടായിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താലും, ഔദാര്യത്താലും ഞങ്ങൾക്ക് മഴ ലഭിച്ചിരിക്കുന്നു എന്ന് പറയുന്നവൻ എന്നിൽ വിശ്വസിക്കുകയും നക്ഷത്രങ്ങളിൽ അവിശ്വസിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ നിർണിത ഞാറ്റുവേലകളാൽ (വാവുകൾ കാരണത്താൽ) ഞങ്ങൾക്ക് മ

[36] അൽ-ഇൽഹാദുറൂഹീ എന്ന ഗ്രന്ഥത്തിൽ ഈ വിഷയം വിശദമായി ഞാൻ ചർച്ച ചെയ്തിട്ടുണ്ട്.

ഴ ലഭിച്ചിരിക്കുന്നു എന്നു പറഞ്ഞവൻ എന്നിൽ അവിശ്വസിക്കുകയും നക്ഷത്രങ്ങളിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു.' [37]

ആരെങ്കിലും നക്ഷത്രങ്ങൾ മനുഷ്യരിൽ സ്വാധീനം ചെലുത്തുന്നു എന്നും, അവരുടെ ഉപജീവനം ലഭിക്കുന്നതിൽ നക്ഷത്രങ്ങൾക്ക് പങ്കുണ്ടെന്നും വിശ്വസിച്ചാൽ അവൻ അല്ലാഹുവിനെ നിഷേധിച്ചിരിക്കുന്നു. ആരെങ്കിലും ലോകസ്രഷ്ടാവായ അല്ലാഹുവിൽ വിശ്വസിക്കുന്നുവെങ്കിൽ നക്ഷത്രങ്ങൾ മനുഷ്യരുടെ വിധിയിൽ സ്വാധീനം ചെലുത്തുന്നു എന്ന ചിന്താഗതിയെ നിഷേധിക്കുന്നവനായിരിക്കും.

നബി -ﷺ- പറഞ്ഞതു പോലെ: "തീർച്ചയായും (ശിർക്കൻ) മന്ത്രങ്ങളും ഉറുക്കുകളും 'തിവല'ത്തും ശിർക്ക് ആകുന്നു." [38]

ഇതു കൊണ്ടെല്ലാം ഒരു മുസ്‌ലിം ഒരിക്കലും ഈ പറഞ്ഞ അഞ്ചു ഘടകങ്ങളിലോ മറ്റു അന്ധവിശ്വാസങ്ങളിലോ ഉറുക്കുകളിലോ ഏലസ്സുകളിലോ വിശ്വസിക്കുന്നതല്ല.

ഉറുക്കുകൾ നിർമ്മിക്കുന്നതും, ഏലസ്സുകൾ ഉണ്ടാക്കുന്നതും മറ്റുമെല്ലാം ഈ അഞ്ചു ഘടകങ്ങളിലുള്ള വിശ്വാസവുമായി ബന്ധപ്പെട്ടതായതിനാൽ ഇത്തരം ഉറുക്കുകളും മറ്റും എന്തെങ്കിലും ഉപകാരം നൽകുകയോ ഉപദ്രവം തടുക്കുകയോ ചെയ്യുമെന്ന് വിശ്വസിച്ചാൽ അത് തനിച്ച ബഹുദൈവാരാധനയാണ് എന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്.

ഒരാളുടെ കയ്യിൽ രോഗം മാറുന്നതിന് വേണ്ടി ഒരു വളയം ധരിച്ചത് കണ്ടപ്പോൾ നബി -ﷺ- ചോദിച്ചു: "ഇതെന്താണ്?" അയാൾ പറഞ്ഞു: "രോഗം നീങ്ങുന്നതിന് വേണ്ടിയാണ്." നബി -ﷺ- പറഞ്ഞു: "ഇത് നിന്റെ രോഗം വർദ്ധിപ്പിക്കുകയല്ലാതെ ചെയ്യി

[37] സ്വഹീഹ് മുസ്‌ലിം: 71.

[38] സഹീഹുൽ ജാമിഅ്: 1632.

ല്ല. നീയത് ഊരിയെറിയുക. ഇത് നിന്റെ മേലുള്ള അവസ്ഥയിലാണ് നീ മരിക്കുന്നത് എങ്കിൽ നിന്റെ കാര്യങ്ങൾ അതിലേക്ക് ഏൽപ്പിക്കപ്പെടുന്നതാണ്." [39]

മറ്റൊരു നിവേദനത്തിൽ ഇപ്രകാരമാണുള്ളത്: "നീ ഇത് ശരീരത്തിലുള്ള നിലയിൽ മരണപ്പെട്ടാൽ ഒരിക്കലും നീ വിജയിക്കുന്നതല്ല." [40]

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ (റഹി) പറയുന്നു: "ഉപകാരം നൽകുകയും ഉപദ്രവം തടുക്കുകയും ചെയ്യുന്ന ഉറുക്കുകൾ നിർമ്മിക്കുക എന്നത് ഇസ്‌ലാമിൽ നിന്ന് പുറത്തു പോകാൻ കാരണമാകുന്ന ബഹുദൈവാരാധനയാണ്." [41]

ഭഗവദ് ഗീതയും ഇതേ ആശയം പഠിപ്പിക്കുന്നുണ്ട്: "വ്യത്യസ്ത ദൈവങ്ങളെ ആരാധിക്കുന്നവന് അവയെ ലഭിക്കും. മരിച്ചവരെ ആരാധിക്കുന്നവന് അത് ലഭിക്കും. ദുർമൂർത്തിയെ ആരാധിക്കുന്നവന് അതിനെയും ലഭിക്കും. എന്നെ മാത്രം ആരാധിക്കുന്നവൻ എന്നെ കണ്ടെത്തും." [42]

ചുരുക്കത്തിൽ, ആരെങ്കിലും അല്ലാഹുവിന് പുറമെയുള്ള എന്തെങ്കിലും വസ്തുക്കളിൽ അഭയം തേടുന്നുവെങ്കിൽ -ഉദാഹരണത്തിന് ഉറുക്കുകളിലോ മറ്റോ അഭയം കണ്ടെത്തുന്നുവെങ്കിൽ- അവൻ അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നവനാണ്.

വേദങ്ങൾ പ്രകാരമാണെങ്കിൽ, അവൻ നരകത്തിൽ ശാശ്വതവാസിയായിരിക്കുന്നതാണ്. യജുർവേദം പറയുന്നു: 'ഏകനായ സ്രഷ്ടാവിന് പുറമെ നിർമ്മിത വസ്തുക്കളെ ആരാധിക്കുന്നവൻ അന്ധകാരങ്ങളിൽ മുങ്ങിപ്പോവുകയും, കാലങ്ങളോളം നരകശിക്ഷ ആസ്വദിക്കുകയും ചെയ്യുന്നതാണ്." [43]

---

39 സ്വഹീഹ് ഇബ്നു ഹിബ്ബാൻ: 6085.

40 സവാജിർ/ ഇബ്നു ഹജർ അൽ ഹയ്തമി: 1/166.

41 മജ്മൂഉൽ ഫതാവാ: 9/34.

42 ഭഗവത് ഗീത: 9-25.

43 യജുർവേദം: സൂക്തം: 40, മന്ത്രം: 9.

അല്ലാഹു പറയുന്നു: "സർവ്വകാര്യങ്ങളും അല്ലാഹുവിങ്കലാകുന്നു." (റഅ്ദ്: 31)

നബി -ﷺ- പറയുന്നു: "നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക. നീ സഹായം തേടുന്നുവെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക." [44]

അതിനാൽ അഞ്ചു മൂലഘടകങ്ങളിലോ നക്ഷത്രങ്ങളിലോ ഉറുക്കുകളിലോ ഏലസ്സുകളിലോ ഒന്നും ഒരു മുസ്‌ലിമായ മനുഷ്യൻ വിശ്വസിക്കുകയില്ല. മറിച്ച്, അവയെല്ലാം തനിച്ച വിഗ്രഹാരാധനയുടെയും വഴികേടിന്റെയും തട്ടിപ്പിന്റെയും അന്ധവിശ്വാസത്തിന്റെയും ഭാഗമാണെന്ന് അവൻ തിരിച്ചറിയും.

## 10- ഹിന്ദു മതത്തിലെ സാമൂഹിക ജീവിതത്തിന്റെ ചിത്രം എന്താണ്?

ജാതീയമായ തട്ടുകളും വേർതിരിവുകളും നിശ്ചയിക്കുന്ന ഒരു സാമൂഹിക ജീവിതമാണ് ഹൈന്ദവ സമൂഹം വിഭാവനം ചെയ്യുന്നത്; പുനർജന്മ സിദ്ധാന്തവും കർമ്മയിലുള്ള വിശ്വാസവും അതിലേക്ക് നയിക്കുന്ന പ്രധാന ഘടകങ്ങളാണ്.

കാരണം മോശം മനുഷ്യർ താഴ്ന്ന ജാതിയിലായിരിക്കും ജനിക്കുക എന്നത് ഈ ചിന്തകളുടെ സ്വാഭാവികമായ പരിണിതിയാണ്.

അതിനാൽ പ്രയാസങ്ങളനുഭവിക്കുന്നവർ അതിന് അർഹതയുള്ളവർ തന്നെയാണ്... ദരിദ്രരെയും പ്രയാസമനുഭവിക്കുന്നവരെയും തീർത്തും അടിച്ചമർത്തുകയും, അവരെ ഒട്ടും പരിഗണിക്കാതെ വിടുകയും ചെയ്യാൻ ഈ ചിന്താഗതി മനുഷ്യരെ പ്രേരിപ്പിക്കുന്നു. യഥാർത്ഥത്തിൽ അനീതിയോടും അതിക്രമത്തോടും സന്ധി ചെയ്യലാണ് ഇതിലൂടെ സംഭവിക്കുന്നത്.

ഹൈന്ദവ സമൂഹത്തിൽ നാല് ജാതികളുണ്ട്.

1- ബ്രാഹ്മണർ; അദ്ധ്യാപകരും പൂജാരികളും ഇവരിൽ നിന്നാണ്.

---

[44] തിർമിദി: 2516.

2- ക്ഷത്രിയർ; പടയാളികളും അധികാരികളും ഇവരിൽ നിന്നാണ്.

3- വൈഷ്ണവർ; കൃഷിക്കാരും കച്ചവടക്കാരും ഇവരിൽ നിന്നാണ്.

4- ശൂദ്രർ; കൂലിപ്പണി ചെയ്യുന്നവർ ഇവരിൽ നിന്നാണ്.

ശൂദ്രർ -ഹൈന്ദവരുടെ കാഴ്ചപ്പാടിൽ- ഏറ്റവും താഴ്ന്ന ജാതിയാണ്; താഴ്ന്ന ജോലികൾ അവരാണ് ചെയ്യുക. വൃത്തിയാക്കലും വേല ചെയ്യലും അവരുടെ തൊഴിലാണ്.

ഓരോ വ്യക്തിയും ജനിച്ചു വീഴുന്ന ജാതിയാണ് അവന്റെ ജോലിയും വസ്ത്രവും ഭക്ഷണവും വരെ നിർണ്ണയിക്കുന്നത്.

ഒരേ ജാതിയിലുള്ളവർ മാത്രമേ പരസ്പരം വിവാഹം കഴിക്കാനും പാടുള്ളൂ.

ഓരോ മനുഷ്യനും മരിക്കുന്നത് വരെ അവരുടെ ജാതിയിലേക്ക് ചേർത്തു കൊണ്ടാണ് വിലയിരുത്തപ്പെടുക.

മുൻപ് പറഞ്ഞതു പോലെ, ഈ ജാതീയ ചിന്താഗതി യഥാർത്ഥത്തിൽ പുനർജന്മ സിദ്ധാന്തത്തിൽ നിന്നും കർമ്മയെന്ന വിശ്വാസത്തിൽ നിന്നുമാണ് ഉടലെടുത്തിട്ടുള്ളത്. 'ശൂദ്രർ തീർത്തും അകറ്റി നിർത്തപ്പെടേണ്ടവരാണ്; കാരണം അവൻ മുജ്ജന്മത്തിൽ ധാരാളം പാപങ്ങൾ പ്രവർത്തിച്ചവനായിരുന്നു. അതു കൊണ്ടാണ് അവൻ താഴ്ന്ന ജാതിയിൽ ജനിച്ചത്' എന്നാണ് ഈ വിശ്വാസം അവരെ പഠിപ്പിക്കുന്നത്.

അബദ്ധം നിറഞ്ഞ, തനിച്ച അതിക്രമത്തിന്റെ വഴിയിലുള്ള ഇത്തരം ചിന്താഗതികൾ മനുഷ്യരുടെ ജീവിതം അടിമുടി നശിപ്പിക്കുകയാണ് ചെയ്യുന്നത്. തൊട്ടുകൂടാതെ മാറ്റിനിർത്തപ്പെട്ടവരെ ആരെങ്കിലും സഹായിക്കുന്നെങ്കിൽ അവൻ കർമ്മ എന്ന വിശ്വാസത്തെ തന്നെയാണ് എതിരിടുന്നത്!

അതു കൊണ്ടാണ് നാം പറഞ്ഞത്; അനീതിയോടും ജാതീയതയോടും അതിക്രമത്തോടുമുള്ള രാജിയാവലാണ് ഇത്തരം വിശ്വാസങ്ങളിലൂടെ സംഭവിക്കുന്നത്.

## ഹൈന്ദവ; ഒരു പഠനം

പുനർജന്മ സിദ്ധാന്തവും കർമ്മയിലുള്ള വിശ്വാസവുമാണ് ഈ ജാതീയ ചിന്ത യ്ക്ക് ജന്മം നൽകിയത്. ദരിദ്രരും രോഗികളും ദുർബലരുമായ ഒരു സമൂഹത്തെ - യാതൊന്നും കയ്യിലില്ലാത്ത വലിയൊരു വിഭാഗം ജനങ്ങളെ- നിർമ്മിച്ചെടുത്തു എന്നതാണ് ഈ ചിന്താഗതികൾ സമൂഹത്തിന് നൽകിയ സംഭാവന.

ഇതു കൊണ്ടുതന്നെ താഴ്ന്ന ജാതിയിൽ പെട്ടവരെ സഹായിക്കാനും അവരെ പിന്തുണക്കാനും ഈ ചിന്താഗതിയിൽ വിശ്വസിക്കുന്നവർ തീർത്തും മടിച്ചു നിന്ന തായി കാണാം.

മനുഷ്യന്റെ ശുദ്ധപ്രകൃതിക്ക് വിരുദ്ധമാണ് ഇത്തരം പിഴച്ച ചിന്താഗതികൾ. ദുർബലരെയും പാവപ്പെട്ടവരെയും രോഗികളെയും സഹായിക്കാനാണ് നമ്മുടെ മനസ്സും ഹൃദയവും ആവശ്യപ്പെടുന്നത്. അവർക്ക് സഹായങ്ങൾ എത്തിച്ചു നൽകാനും, അവരെ ബാധിച്ചിരിക്കുന്ന പ്രയാസം നീക്കിക്കൊടുക്കാനുമാണ് നമ്മുടെ ഹൃദയം പറയുന്നത്.

വേദങ്ങളിൽ വിവരിക്കപ്പെട്ട പരലോക വിശ്വാസത്തിൽ നിന്ന് ഹൈന്ദവർ എങ്ങനെയാണ് അകന്നു പോയത് എന്നെനിക്ക് അറിയില്ല. മനുഷ്യരുടെ ജീവിതത്തെ നന്മയിലേക്ക് നയിക്കുകയും, ലോകത്തെ കുറിച്ചുള്ള അവരുടെ കാഴ്ചപ്പാട് ശരിപ്പെടുത്തുകയും ചെയ്യുന്ന ആ വിശ്വാസം എവിടെയാണ് അവർക്ക് നഷ്ടമായത്?! നാളെ എന്റെ സ്രഷ്ടാവായ അല്ലാഹുവിന് മുൻപിൽ ഞാൻ വിചാരണ ചെയ്യപ്പെടുമെന്ന പാഠം അവർക്കെവിടെയാണ് നഷ്ടമായത്?! മനുഷ്യരെല്ലാം നിരപരാധികളായാണ് ജനിക്കുന്നതെന്നും, അവരിൽ പ്രയാസപ്പെടുന്നവർക്ക് സഹായത്തിന്റെ കരങ്ങൾ നീട്ടുക എന്നത് പരലോകത്ത് എന്റെ പദവിയും സ്ഥാനവും ഉയർത്തുന്നതാണ് എന്നുമുള്ള ആ മനോഹരമായ പാഠം... എങ്ങനെയാണ് അവർക്കത് നഷ്ടമായത്?!

ചിന്തിക്കൂ! ഏതാണ് മനുഷ്യർക്ക് കൂടുതൽ ഉപകാരപ്രദവും പ്രയോജനകരവുമായത്?! ഏതാണ് അവന്റെ ശുദ്ധപ്രകൃതിയോട് കൂടുതൽ യോജിക്കുന്നത്?!

കർമ്മയിലുള്ള വിശ്വാസമാണോ?! അതല്ല വേദങ്ങൾ പഠിപ്പിച്ച പരലോക വിശ്വാസമോ?!

# ഹൈന്ദവ; ഒരു പഠനം

ഋഗ്വേദത്തിൽ വന്ന ഒരു വരി ഇപ്രകാരമാണ്: "ദൈവമേ! നീ നന്മകൾ പ്രവർത്തിക്കുന്നവന് ഏറ്റവും നല്ല പ്രതിഫലം നൽകുന്നുവല്ലോ?!" [45]

ഋഗ്വേദം പറയുന്നത് ഇപ്രകാരമാണ്: "സർവ്വ സുഖാനുഗ്രഹങ്ങളുടെയും സന്തോഷങ്ങടെയും കേന്ദ്രത്തിൽ എന്നെ നീ ശാശ്വതവാസിയാക്കേണമേ! മനസ്സുകൾ ആഗ്രഹിക്കുന്നതെല്ലാം നീ നൽകുന്ന ആ കേന്ദ്രത്തിൽ." [46]

ഇതാണ് വേദങ്ങൾ പഠിപ്പിച്ച വിശ്വാസം.

നന്മകൾ ചെയ്തവർക്ക് സുഖാനുഗ്രഹങ്ങൾ ലഭിക്കുന്ന ഒരു സ്വർഗം. തെറ്റുകൾ ചെയ്തവർക്ക് ശിക്ഷ ലഭിക്കുന്ന നരകം; വേദങ്ങൾ അതിനെക്കുറിച്ചാണ് പഠിപ്പിച്ചത്.

ഋഗ്വേദം പറയുന്നു: "ആഴമേറെയുള്ള, പാപികൾക്ക് വേണ്ടി ഒരുക്കപ്പെട്ട അതീവ ഗർത്തമാണത്." [47]

ഈ പറഞ്ഞതും പുനർജന്മ സിദ്ധാന്തവും തമ്മിൽ എന്തു ബന്ധമാണുള്ളത്?! കർമ്മയെ കുറിച്ചുള്ള പാഠങ്ങളിൽ എവിടെയാണ് പാപികൾക്ക് ഒരുക്കി വെക്കപ്പെട്ട നരകത്തിന് സ്ഥാനമുള്ളത്?!

ചുരുക്കത്തിൽ, കർമ്മ എന്ന ചിന്താഗതി തീർത്തും മനുഷ്യനിർമ്മിതമാണ്. വേദങ്ങളുടെ ആത്മാവിന് അത് വിരുദ്ധവുമാണ്.

എല്ലാ ദൈവദൂതന്മാരും അന്ത്യനാളിലും സ്വർഗനരകങ്ങളിലുമുള്ള വിശ്വാസം പഠിപ്പിച്ചവരാണ്. കുഞ്ഞുങ്ങൾ ജനിച്ചു വീഴുന്നത് നിരപരാധികളായിട്ടാണെന്നും, അവരുടെ മേൽ ഒരു തിന്മയുമില്ലെന്ന് പറയാത്ത ഒരു നബിയുമില്ല.

---

[45] ഋഗ്വേദം: മണ്ഡലം: 6, സൂക്തം: 1, മന്ത്ര: 6.

[46] ഋഗ്വേദം: മണ്ഡലം: 9, സൂക്തം: 113, മന്ത്ര: 9-11.

[47] ഋഗ്വേദം: മണ്ഡലം: 4, സൂക്തം: 5, മന്ത്ര: 5.

## ഹൈന്ദവ; ഒരു പഠനം

ശുദ്ധപ്രകൃതിയോട് യോജിക്കുന്നതും അതിന് പ്രയോജനം ചെയ്യുന്നതുമായ വിശ്വാസമാണത്. സർവ്വ അനീതികളോടും ജാതീയതയോടും അതിക്രമത്തോടും അത് എതിരിടുകയും ചെയ്യുന്നു.

ദൈവദൂതന്മാരുടെ മതം മനുഷ്യനെ പുരോഗതിയിലേക്ക് നയിക്കുകയും, അവരെ ഒന്നായി കാണാൻ പിഠിപ്പിക്കുകയുമാണ് ചെയ്തത്.

ഇസ്‌ലാമിൽ മനുഷ്യന്റെ മൂല്യം അവന്റെ ജാതിയിലോ രൂപത്തിലോ ശക്തിയിലോ സാമ്പത്തിക ശേഷിയിലോ ഒന്നുമല്ല. മറിച്ച്, അവൻ ചെയ്യുന്ന സൽകർമ്മങ്ങൾക്കനുസരിച്ചാണ്.

ഇസ്‌ലാം ക്ഷണിക്കുന്നത് സർവ്വരും ഉന്നതമായ മൂല്യങ്ങളിലേക്ക് ഉയരുന്നതിനും, തറവാടിന്റെയും കുടുംബത്തിന്റെയും പേരിലുള്ള പൊങ്ങച്ചം വെടിയുന്നതിനുമാണ്.

തൊട്ടുകൂടായ്മയുടെയും ജാതീയതയുടെയും സർവ്വ ചിന്തകളെയും ഇസ്‌ലാം ശക്തമായി എതിർക്കുകയാണ് ചെയ്തത്.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞതു നോക്കൂ: "ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു." (ഹുജുറാത്: 13)

അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "ആരുടെയെങ്കിലും പ്രവർത്തനങ്ങൾ പതുക്കെയായാൽ അവന്റെ കുടുംബപരമ്പര അവന് വേഗത നൽകുകയില്ല." [48]

[48] സ്വഹീഹ് മുസ്‌ലിം: 2699.

## ഹൈന്ദവ; ഒരു പഠനം

നബി -ﷺ- പറഞ്ഞു: "ജനങ്ങൾ അവരുടെ പ്രവർത്തനങ്ങളുമായി എന്റെ അരികിൽ വരുന്നില്ല. നിങ്ങളാകട്ടെ, നിങ്ങളുടെ കുടുംബപരമ്പരകളുമായി എന്റെയരികിൽ വരുന്നു." [49]

തറവാടിത്തം എന്നതിന് ഇസ്‌ലാമിൽ യാതൊരു സ്ഥാനമോ പരിഗണനയോ ഇല്ല.

അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞു: "ജനങ്ങളേ! അറിയുക! തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ഏകനാണ്. നിങ്ങളുടെ പിതാവും ഏകനാണ്. അറിയുക! അറബിക്ക് അനറബിയുടെ മേലെയോ, അനറബിക്ക് അറബിയുടെ മേലെയോ, വെളുത്തവന് കറുത്തവന് മേലെയോ, കറുത്തവന് വെളുത്തവന്റെ മേലെയോ യാതൊരു ശ്രേഷ്ഠതയുമില്ല; തഖ്'വയുടെ (ധർമ്മനിഷ്ഠയുടെ) അടിസ്ഥാനത്തിലല്ലാതെ." [50]

നബി -ﷺ- പറഞ്ഞു: "ദുർബലരുടെ അരികിൽ നിങ്ങളെന്നെ അന്വേഷിക്കുക. നിങ്ങളിലെ ദുർബലരെ കൊണ്ടാണ് നിങ്ങൾക്ക് ഉപജീവനം നൽകപ്പെടുന്നതും നിങ്ങൾ സഹായിക്കപ്പെടുന്നതും." [51]

നബി -ﷺ- യുടെ വാക്കുകളും, ഹൈന്ദവ സമൂഹം അടിച്ചമർത്തപ്പെട്ടവരോട് സ്വീകരിക്കുന്ന വിശ്വാസപരമായ സമീപനവും നീ താരതമ്യം ചെയ്തു നോക്കൂ!

ദുർബലരും ദരിദ്രരും പ്രയാസം അനുഭവിക്കുന്നവരുമായ മനുഷ്യരോട് കരുണയും സ്നേഹവും കാണിക്കുക എന്നത് മനുഷ്യപ്രകൃതത്തിന്റെ ഭാഗമാണ്. എന്നാൽ ഈ ശുദ്ധപ്രകൃതത്തോട് ആധുനിക ഹൈന്ദവത പുലർത്തുന്ന ശത്രുതയാണ് യഥാർത്ഥ പ്രശ്നം.

---

49 സ്വഹീഹുൽ മുസ്നദ് / വാദിഈ: 1426.

50 ശുഅബുൽ ഈമാൻ / ബയ്ഹഖി, അസ്സ്വഹീഹഃ: 2700.

51 അബൂദാവൂദ്, തിർമിദി, സ്വഹീഹുൽ ജാമിഅ്: 2594.

## 11- ഹിന്ദുക്കൾ പശുവിനെ പുണ്യമൃഗമായി കാണുന്നവരാണോ?

പശുവിനെ ദിവ്യമായി കാണുക എന്നത് ഹൈന്ദവർക്കിടയിൽ വ്യാപകപ്രചാര മുള്ള കാര്യമാണ്. സർവ്വ ഐശര്യങ്ങളുടെയും ഉത്ഭവം പശുവിൽ നിന്നാണ് എന്ന വിശ്വാസത്തിൽ നിന്നാണിത് ഉണ്ടായിട്ടുള്ളത്. അതോടൊപ്പം ദൈവസത്ത അവ ന്റെ സൃഷ്ടികളിലുണ്ടെന്ന വിശ്വാസത്തിനും ഇതിൽ പങ്കുണ്ട്. ഹൈന്ദവർക്കിടയിൽ പശുവിനോടുള്ള ആദരവിന്റെ വ്യത്യസ്ത രൂപഭാവങ്ങൾ തന്നെ കണ്ടെത്താൻ ക ഴിയും.

ഇന്ത്യയിലെ വ്യത്യസ്ത പ്രദേശങ്ങളിൽ പശുവുമായി ബന്ധപ്പെട്ട അനേകം ആ ഘോഷങ്ങൾ തന്നെ നടമാടാറുണ്ട്. [52]

എന്നാൽ വേദങ്ങൾ പറയുന്നത് ഈ വിശ്വാസത്തിന് വിരുദ്ധമാണ്. ലോകസ്ര ഷ്ടാവിനെ മറ്റേതു സൃഷ്ടിയേക്കാളും ആദരിക്കണമെന്നും അവനെ പരിശുദ്ധപ്പെടു ത്തണമെന്നുമാണ് വേദങ്ങൾ പഠിപ്പിച്ചത്.

ഋഗ്വേദത്തിലെ ഒരു വചനം ഇപ്രകാരമാണ്: "ഞാനാകുന്നു ദൈവം; സർവ്വതി നും മുൻപുള്ളവൻ. സർവ്വ പ്രപഞ്ചത്തെയും ഞാൻ അധീനപ്പെടുത്തിയിരിക്കുന്നു . യഥാർത്ഥ അനുഗ്രഹദാതാവ് ഞാനാകുന്നു. എല്ലാ അനുഗ്രഹങ്ങളെയും തിര ഞ്ഞെടുക്കുന്നവനും ഞാനത്രെ. അതിനാൽ സർവ്വ ആത്മാക്കളും സഹായത്തി നും അനുഗ്രഹങ്ങൾക്കുമായി എന്നെ വിളിക്കട്ടെ." [53]

അദ്വൈതസിദ്ധാന്തത്തിന്റെ അടിവേരറുക്കുന്ന വാചകമാണിത്. അല്ലാഹുവാ ണ് സർവ്വ ലോകത്തിന്റെയും സ്രഷ്ടാവ്; അവൻ സൃഷ്ടിയിൽ നിന്ന് വേറിട്ടു നിൽക്കു ന്നവനാണ്.

അതോടൊപ്പം, ഭൗതിക പ്രപഞ്ചത്തിന്റെ മായകളിൽ അകപ്പെട്ടു പോകുന്നതി ൽ നിന്നും, സൃഷ്ടികളോട് സഹായാഭ്യർത്ഥനകൾ നടത്തുന്നതിൽ നിന്നുമുള്ള ശ

---

[52] The Myth of the Holy Cow / Dwijendra Narayan Jha.

[53] ഋഗ്വേദം: മണ്ഡലം: 10, സൂക്തം:48, മന്ത്ര: 1.

ക്തമായ താക്കീതും ഈ വാക്കുകളിലുണ്ട്. പശുക്കളെയും മറ്റെല്ലാ സൃഷ്ടികളെയും പടച്ചവനായ ഏകദൈവത്തെ മാത്രമേ ആരാധിക്കുകയും അവനോടേ വിളിച്ചു തേടുകയും ചെയ്യാവൂ എന്നാണ് ഇതിൽ നിന്ന് നാം മനസ്സിലാക്കേണ്ടത്.

ഇപ്രകാരം അല്ലാഹുവിന് പരിപൂർണ്ണമായ സമർപ്പിക്കുക എന്നത് തന്നെയാണ് ഇസ്‌ലാമിന്റെ ആശയസത്തയും.

പശുക്കളും നമുക്ക് ചുറ്റുമുള്ള സർവ്വ വസ്തുക്കളും അല്ലാഹു നമുക്കായി കീഴ്പ്പെടുത്തി തന്നിരിക്കുന്നു എന്നും, അല്ലാഹു അവന്റെ ഔദാര്യത്താൽ നമുക്കായി സൃഷ്ടിച്ചവയാണ് ഇതെല്ലാമെന്നുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

അല്ലാഹു പറയുന്നു: "ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം തൻറെ വകയായി അവൻ നിങ്ങൾക്ക് അധീനപ്പെടുത്തി തരികയും ചെയ്തിരിക്കുന്നു. ചിന്തിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്." (ജാഥിയഃ: 13)

ഇതാണ് ഇസ്‌ലാമിക വിശ്വാസം. അത് തന്നെയാണ് ശുദ്ധപ്രകൃതിയും പഠിപ്പിക്കുന്നത്.

വേദങ്ങൾ പഠിപ്പിച്ച ഈ ശുദ്ധമായ ഏകദൈവാരാധനയിലേക്ക് തിരിച്ചു പോകാൻ ആഗ്രഹിക്കുന്ന ഓരോ ഹിന്ദുവിനും ഇസ്‌ലാമിലല്ലാതെ അക്കാര്യം കണ്ടെത്തുക സാധ്യമല്ല. വേദങ്ങളിൽ പരാമർശിക്കപ്പെട്ട എല്ലാ സത്യങ്ങളും ഇസ്‌ലാം വ്യക്തമായി തുറന്നു പ്രഖ്യാപിച്ചിരിക്കുന്നു. മനുഷ്യരുടെ എല്ലാ തെറ്റുകളെയും തിരുത്തുന്നത് ഈ മതം മാത്രമാണ്. ദൈവത്തിൽ നിന്ന് അവർക്ക് ലഭിച്ച സന്ദേശങ്ങളിൽ മനുഷ്യർ വരുത്തിയ കടത്തിക്കൂട്ടലുകളെ ഇസ്‌ലാം നിരാകരിക്കുന്നു.

## 12- ഹിന്ദുക്കളിൽ തിന്മകളിൽ നിന്ന് അകന്നു നിൽക്കാനും ജീവിത വിശുദ്ധി കാത്തുസൂക്ഷിക്കാനുമുള്ള വലിയ പരിശ്രമം തന്നെ കാണാറുണ്ട്. ഇതെല്ലാം എടുത്തു പറയേണ്ട നന്മകളല്ലേ?!

ഹൈന്ദവതയിൽ നിലനിൽക്കുന്ന തീവ്രതയെ കുറിച്ച് ഞാൻ മുൻപ് സൂചിപ്പിച്ചിരുന്നു. എന്നാൽ ഇവിടെ ഞാൻ പറയാൻ ഉദ്ദേശിക്കുന്നത് മറ്റൊരു കാര്യമാണ്. തി

ന്മയുടെ വ്യത്തികേടും അത് ചെയ്തു പോയാലുള്ള മനസ്സിന്റെ ആക്ഷേപവും മനുഷ്യസൃഷ്ടിപ്പിന്റെ ഭാഗമായുള്ള കാര്യമാണ്.

ഈ ജീവിതത്തിൽ നാം ഏതു തിരഞ്ഞെടുക്കുമെന്ന പരീക്ഷണത്തിന്റെ ഭാഗമാണ് അല്ലാഹുവിന്റെ വിധിവിലക്കുകളിൽ ഏതെങ്കിലും ധിക്കരിച്ചാൽ സ്വാഭാവികമായും മനസ്സിലുണ്ടാകുന്ന കുറ്റബോധം.

അത് യഥാർത്ഥത്തിൽ ശുദ്ധപ്രകൃതി മാത്രമാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞതു നോക്കൂ: " അല്ലാഹു മനുഷ്യരെ സൃഷ്ടിച്ച അല്ലാഹുവിന്റെ പ്രകൃതി." (റൂം: 30)

നന്മക്കും സത്യത്തിനും വിരുദ്ധമായ ഏതൊരു പ്രവൃത്തി ചെയ്യുമ്പോഴും മനുഷ്യൻ അനുഭവിക്കുന്ന കുറ്റബോധം ഈ ശുദ്ധപ്രകൃതിയുടെ ഭാഗമാണ്.

നന്മയുടെയും സത്യത്തിന്റെയും വഴികൾക്ക് വിരുദ്ധമായി സഞ്ചരിച്ചാൽ പശ്ചാത്താപത്തിന്റെയും പാപമോചനത്തിന്റെയും വഴികളിൽ പ്രവേശിക്കാൻ അല്ലാഹു അവന്റെ അന്തിമസന്ദേശമായ ഇസ്‌ലാമിലൂടെ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഇനി സഹജീവികളോടുള്ള അതിക്രമങ്ങളാണ് ചെയ്തിട്ടുള്ളത് എങ്കിൽ അവരോട് മാപ്പ് ചോദിക്കുകയും, അതിക്രമങ്ങൾ പിൻവലിക്കുകയും വേണം. എങ്കിൽ പാപങ്ങൾ അള്ളാഹു മായ്ച്ചു കളയും.

എന്നാൽ തിന്മകളെ ശരിപ്പെടുത്താൻ ഹിന്ദു മതം സ്വീകരിച്ച വഴി മറ്റൊന്നാണ്. സ്വന്തം ശരീരത്തിനെ കഠിനമായി പ്രയാസപ്പെടുത്തുക എന്നതാണത്. പ്രത്യേക അനുഷ്ഠാനങ്ങളിലൂടെയും ചിന്തകളിലൂടെയും തപസ്സിലൂടെയുമാണ് പാപത്തിൽ നിന്ന് ശുദ്ധീകരിക്കേണ്ടത്.

## 13- ഹിന്ദുമതം പഠിപ്പിക്കുന്ന തരത്തിലുള്ള യോഗാനിഷ്ഠകളും ധ്യാനങ്ങളുമെല്ലാം നല്ല കാര്യമല്ലേ?

ഹിന്ദു മതം പഠിപ്പിക്കുന്ന, പ്രാണാ എന്ന അനുഷ്ഠാനരീതിയോട് ബന്ധപ്പെട്ട, പിൽക്കാലഘട്ടത്തിൽ കടത്തിക്കൂട്ടപ്പെട്ട ചിന്താഗഹനമായുള്ള ഇരുത്തവും മറ്റും

അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ കുറിച്ചും അതിലുള്ള അവന്റെ യുക്തിയെ കുറിച്ചുമുള്ള ചിന്തയല്ല. പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പിലെ അത്ഭുതങ്ങളോ അതിലെ അനുഗ്രഹങ്ങളോ അല്ല പ്രസ്തുത ചിന്തയുടെ അടിസ്ഥാനം.

അവിടെ ഉദ്ദേശിക്കുന്നത് പരിപൂർണ്ണമായ ശാന്തതയോടെ, ഒരു കാര്യത്തെ കുറിച്ചും ചിന്തിക്കാതെ, മനസ്സ് ശൂന്യമാക്കുക എന്നതാണ്.

മരിച്ചവർ കിടക്കുന്നതു പോലെ ശാന്തത പാലിക്കലാണ് ഇതിന്റെ പിറകിലെ ഉദ്ദേശം. മനസ്സിനെ യോഗയുടെ സന്ദർഭത്തിൽ നിശബ്ദമാക്കൂ എന്നാണ് ഈ രീതികൾ പഠിപ്പിക്കുന്നവർ പറയുക!

വേദങ്ങളുടെ കാലഘട്ടത്തിന് ശേഷം രൂപം കൊണ്ട ഈ വിചിത്രമായ ചിന്താരീതി അത് പിന്തുടർന്നവരുടെ ബുദ്ധിയിലും ചിന്തയിലും അപകടകരമായ മാറ്റങ്ങൾ സംഭവിപ്പിക്കുകയും, ഭാവനകളും വിഭ്രാന്തികളും വന്നെത്താൻ കാരണമാവുകയും ചെയ്തിട്ടുണ്ട്. പിശാച് അവരുടെ ബുദ്ധി കൊണ്ട് കളിക്കുന്നതിനാലാണ് ഇതെല്ലാം സംഭവിക്കുന്നത് എന്നതാണ് യാഥാർത്ഥ്യം.

ചിലരുടെ ധാരണ തങ്ങൾക്ക് എന്തെല്ലാമോ തിരിച്ചറിവുകൾ ലഭിച്ചു കഴിഞ്ഞു എന്നാണ്. എന്നാൽ ഭക്ഷണവും വെള്ളവും ഉപേക്ഷിച്ചു കൊണ്ടുള്ള ഈ ഇരുത്തം കാരണത്താൽ അവന്റെ തലച്ചോറിലെ അയോണുകളുടെ ഘടനയിൽ മാറ്റം സംഭവിക്കുകയും അതു മൂലം സംഭവിച്ച വിഭ്രാന്ത്രികളും മാത്രമാണത്. ഇക്കാര്യം നാം മുൻപ് വിശദീകരിച്ചിട്ടുണ്ട്. [54]

ഈ രൂപത്തിൽ ദീർഘനേരം ചിന്താമഗ്നനായി ഇരിക്കുന്നതും, കഠിനമായ വിശപ്പ് നേരിടുന്നതും ഇത്തരം വിഭ്രാന്തികളിലേക്ക് നയിക്കാം. ഇത്തരം നിശബ്ദ ചിന്തകളുടെ കേന്ദ്രങ്ങളുടെ തലവനായിരുന്ന മികാവോ ഉസുയ് ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്.

[54] https://www.ncbi.nlm.nih.gov/pubmed/8931651

## ഹൈന്ദവ; ഒരു പഠനം

ദീർഘനേരം ഭക്ഷണവും മറ്റും ഉപേക്ഷിച്ചു കൊണ്ട് ഇരുന്നപ്പോൾ തന്റെ ഗ്രാഹ്യ ശേഷി ക്രമേണയായി നഷ്ടപ്പെടാൻ തുടങ്ങുകയും, പല തരം വിഭ്രാന്തികൾ വന്നു തുടങ്ങുകയും ചെയ്തു. ഇതോടെ പല തരം തോന്നലുകൾ അദ്ദേഹത്തിന് ഉണ്ടാവുകയും ചെയ്തത്രെ. [55]

മാനസിക രോഗ വിദഗധനായ ഡോണോവൺ റാഡ്ക്ലിഫ് ഇത്തരം അനുഷ്ഠാനങ്ങളുടെ ഫലമായി വന്നെത്തുന്ന ചിന്തകളും മാനസിക രോഗത്തിന്റെ ഫലമായി ഉണ്ടാകുന്ന വിഭ്രാന്തികളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല എന്നാണ് അഭിപ്രായപ്പെട്ടത്. [56]

ഇതിനെല്ലാം പുറമെ യോഗയിൽ പഠിപ്പിക്കപ്പെടുന്ന പല രീതികളും ആരോഗ്യപരമായും പ്രയാസമുണ്ടാക്കുന്നതാണ്. ഇത്തരം കാര്യങ്ങൾ സ്ഥിരമായി ശീലിക്കുന്നത് മാനസികമായ അസ്ഥിരതകളും അസ്വസ്ഥതകളും സ്ഥല-കാല ബോധം നഷ്ടപ്പെടാനുമെല്ലാം വഴിയൊരുക്കും. അതോടൊപ്പം ബുദ്ധിയിൽ കുറവു വരുത്തുകയും അൽസൈമേഴ്സ് രോഗം വരാൻ കാരണമാകുകയും ചെയ്യും. [57]

ഇത്തരം അനുഷ്ഠാനരീതികളിലൂടെ ഹൈന്ദവത വേദങ്ങളിൽ നിന്നും ദൈവദൂതന്മാരുടെ പഠനങ്ങളിൽ നിന്നുമാണ് അകന്നു പോയത്.

ഇസ്ലാമാകട്ടെ, അല്ലാഹുവിന്റെ സൃഷ്ടികളെ കുറിച്ച് ചിന്തിക്കാനും ആലോചിക്കാനും ഗുണപാഠമുൾക്കൊള്ളാനുമാണ് മനുഷ്യരോട് കൽപ്പിച്ചത്. പ്രവർത്തനങ്ങളിലേക്കും സൽക്കർമ്മങ്ങളിലേക്കും അല്ലാഹുവിന് നന്ദികാണിക്കുന്നതിലേക്കും ജീവിതത്തിൽ പരിശ്രമങ്ങൾ കാഴ്ച വെക്കുന്നതിലേക്കും അവ നയിക്കണെ

---

55 Beginner's Guide to Reiki: Mastering the Healing Touch Hardcover / David F. Vennells 30-35.

56 Rawcliffe, Donovan, (1988), Occult and Supernatural phenomena, Dover Publications, p. 123

57 An introduction to complementary medicine, Simon Borg Olivier, p.290.

മെന്നാണ് ഇസ്ലാം ഉദ്ദേശിക്കുന്നത്. അതല്ലാതെ, ചടഞ്ഞിരിക്കുകയും, ബുദ്ധി യെ നിശബ്ദമാക്കുകയും ചെയ്യാനല്ല ഇസ്ലാം പഠിപ്പിച്ചത്.

യഥാർത്ഥ ചിന്തയെന്നാൽ അല്ലാഹുവിനെ അനുസരിക്കുന്നതിലേക്കും അവന് കീഴൊതുങ്ങുന്നതിലേക്കും നയിക്കുന്ന ചിന്തയാണ്. "നിന്നുകൊണ്ടും ഇരുന്നു കൊണ്ടും കിടന്നു കൊണ്ടും അല്ലാഹുവെ ഓർമിക്കുകയും, ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയെപറ്റി ചിന്തിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവ ർ. (അവർ പറയും:) ഞങ്ങളുടെ രക്ഷിതാവേ! നീ നിരർത്ഥകമായി സൃഷ്ടിച്ചതല്ല ഇ ത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാ ത്തുരക്ഷിക്കണേ." (ആലു ഇംറാൻ: 191)

ഇസ്ലാം പഠിപ്പിച്ച ചിന്തയുടെ വഴിയാണിത്. അതാണ് മനുഷ്യന്റെ ശുദ്ധപ്രകൃ തത്തോട് യോജിക്കുന്നത്. ഓരോ മനുഷ്യനെയും വലയം ചെയ്തിരിക്കുന്ന അല്ലാ ഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കാനും, അവയെ കുറിച്ച് ചിന്തിക്കാ നും ഈ രീതിയാണ് സഹായകമാവുക.

യഥാർത്ഥത്തിൽ പൈശാചികതയുടെയും പിശാചുക്കളുടെയും കേന്ദ്രങ്ങളാണ് ഇത്തരം കേന്ദ്രങ്ങൾ. പിശാച് ഇത്തരക്കാർക്ക് ചില സഹായങ്ങൾ നൽകുകയും, ചി ന്താനിമിഗ്നരായി ഇരിക്കുന്ന സന്ദർഭങ്ങളിൽ സ്വപ്നങ്ങളിലൂടെയും വെളിപാടുകളിലൂ ടെയും ചില പുതിയ ചിന്തകൾ ഇട്ടുകൊടുക്കുകയും ചെയ്യുന്നു. പുനർജന്മ സിദ്ധാന്ത വും അദ്വൈതസിദ്ധാന്തവും ദൈവം വിഗ്രഹങ്ങളിൽ കുടികൊള്ളുന്നുവെന്ന വിശ്വാ സവുമെല്ലാം ഇത്തരം പൈശാചിക വെളിപാടുകളുടെ ഭാഗമാണ്. ഈ തോന്നലുകളും ചിന്തകളും അവ ലഭിച്ചവർ തങ്ങളുടെ കൂട്ടാളികൾക്ക് പകർന്നു കൊടുക്കുകയും, അ വർ സ്വയം വഴിപിഴക്കുകയും മറ്റുള്ളവരെ പിഴപ്പിക്കുകയും ചെയ്യുന്നു.

## 14- ആധുനിക ഹൈന്ദവതയിൽ മഠങ്ങളിൽ ഭജനമിരിക്കുക എന്ന രീതിയുണ്ട്; അതിലെന്തെങ്കിലും തെറ്റുണ്ടോ?!

ഹൈന്ദവത മനുഷ്യ പ്രകൃതത്തിനോടും ദേഹേച്ഛകളോടും കടുത്ത പോരാട്ട ത്തിലാണുള്ളത്. ഇസ്ലാമിക മതനിയമങ്ങൾ ഇവയെ ശുദ്ധീകരിക്കുകയാണ് ചെ യ്തത് എങ്കിൽ ഹൈന്ദവത ശരീരത്തെ കരിച്ചു കളയുന്ന തരത്തിലാണ് അതിനെ

സമീപിച്ചത്. മനുഷ്യരെ സന്യാസത്തിലേക്കും ഐഹിക ജീവിതം ഉപേക്ഷിക്കുന്ന തിലേക്കുമാണ് ആധുനിക ഹൈന്ദവത ക്ഷണിച്ചു കൊണ്ടിരിക്കുന്നത്.

ശരീരത്തെ വിസ്മരിക്കുന്നതിലൂടെ മാത്രമേ വികാരങ്ങളെ വിസ്മരിക്കാൻ സാധിക്കൂ എന്നതാണ് ഹൈന്ദവ ദർശനത്തിന്റെ കാഴ്ചപ്പാട്.

ഈ ഉദ്ദേശത്തോടെയാണ് ഹിന്ദുക്കൾ മഠങ്ങളിലേക്ക് യാത്ര തിരിക്കുന്നത്. തന്റെ അവശേഷിക്കുന്ന ആയുസ്സ് മുഴുവൻ ശരീരത്തെ തളർത്തിയും, മരണം വരെ ജനങ്ങളോട് യാചിച്ചും അവർ ജീവിതം കഴിക്കുന്നു.

വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും അടിമുടി തകർത്തു കളയുന്ന അബദ്ധജഢിലമായ വിശ്വാസമാണിത്.

യഥാർത്ഥത്തിൽ വികാരവും ദേഹേച്ഛകളും അല്ലാഹുവിന്റെ അനുഗ്രഹമാണ്. കുടുംബത്തിന്റെ രൂപീകരണത്തിനും, സമൂഹം കെട്ടിപ്പടുക്കുന്നതിനും അത് അനിവാര്യമാണ്. ജോലിയും കഷ്ടപ്പാടും ജീവിതം പടുത്തുയർത്തലും സംഭവിക്കണമെങ്കിൽ ഇതെല്ലാം വേണം.

മനുഷ്യ വികാരത്തെ ശുദ്ധീകരിക്കുകയും, അതിന്റെ ശുദ്ധപ്രകൃതത്തിലൂടെ സഞ്ചരിക്കാൻ വിടുകയുമാണ് വേണ്ടത്; അതല്ലാതെ ശരീരം തന്നെ കരിച്ചു കളയുക എന്നതല്ല പരിഹാരം.

നമ്മുടെ സൃഷ്ടിപ്പിന്റെ പിന്നിലെ ലക്ഷ്യം ഭക്ഷണത്തിന് വേണ്ടി ഭിക്ഷ യാചിക്കലാണെന്ന് ആരാണ് പറഞ്ഞത്. മരിക്കുന്നത് വരെ മഠങ്ങളിൽ കഴിയണമെന്ന് എവിടെയാണ് പഠിപ്പിക്കപ്പെട്ടത്.

ഒരു കഷ്ണം കാവിത്തുണി പുതച്ച്, ചുറ്റുമുള്ള ലോകത്തിൽ നിന്ന് ഉൾവലിഞ്ഞ് മരണം വരെ കഴിഞ്ഞു കൂടാനാണ് നാം ഈ ലോകത്തിലേക്ക് വന്നെത്തിയതെന്ന് ആരാണ് പറഞ്ഞത്?!

ഏറ്റവും ചെറിയ പ്രാണിക്ക് പോലും ഇക്കാര്യത്തിൽ -സൃഷ്ടിപ്പിന്റെ പിറകിലെ ലക്ഷ്യത്തെ കുറിച്ചും, ഭൂമിയിൽ ജീവിക്കേണ്ടതിനെ കുറിച്ചും, ജീവിതം നന്നാക്കേണ്ട

തിനെ കുറിച്ചും- നമ്മേക്കാൾ വിവരമുണ്ട്. തേനീച്ചക്കൂട്ടങ്ങൾ അവർക്കും അവരുടെ മക്കൾക്കും വേണ്ടി കഠിനമായി പരിശ്രമിക്കുകയും, കെട്ടുറപ്പോടെ നിലകൊള്ളുകയും ചെയ്യുന്നത് നിനക്ക് കാണാൻ സാധിക്കും! സൂക്ഷ്മമായ ബാക്ടീരിയകൾ ആമാശയത്തിൽ പ്രവർത്തനത്തിലേർപ്പെട്ട് സ്വന്തത്തിനും മറ്റുള്ളവർക്കും ഉപകാരം ചെയ്യുന്നതായി നാം കാണുന്നു.

ചുരുക്കത്തിൽ, ജീവിതം മൊത്തത്തിൽ നോക്കിയാൽ ഒരു നിശ്ചിത പ്രത്യയശാസ്ത്രത്തിന്റെയും പ്രവർത്തനത്തിന്റെയും അടിത്തറയിലാണ് മുന്നോട്ടു നീങ്ങുന്നത്.

എന്നാൽ ആധുനിക ഹൈന്ദവത ക്ഷണിക്കുന്നത് തനിച്ച മആലസ്യത്തിലേക്കും നിഷ്ക്രിയത്ത്വത്തിലേക്കും യാചനയിലേക്കുമാണ്. ഭിക്ഷാടനം എന്നത് ജീവിതത്തിന്റെ പൂർണ്ണ മാർഗമായി കൊണ്ടാടുന്ന അവസ്ഥയിലേക്ക് അധഃപതിച്ചിട്ടുണ്ട്.

ഇവിടെ പ്രസക്തമായ ചോദ്യമിതാണ്: ഒരു ഹിന്ദു മനുഷ്യരിൽ നിന്ന് അകൽച്ച പാലിക്കുകയും, ഏതെങ്കിലും മലമുകളിൽ താമസമാക്കുകയും, ജനങ്ങൾ കൂടിത്താമസിക്കുന്ന ഇടങ്ങളിൽ നിന്ന് മാറിനിൽക്കുകയും ചെയ്യുന്നതിന്റെ പിന്നിലെ അർത്ഥമെന്താണ്? ഇതു കൊണ്ട് മനുഷ്യർക്ക് ലഭിക്കുന്ന പ്രയോജനമെന്താണ്?!

യഥാർത്ഥ മതമായ ഇസ്‌ലാം പഠിപ്പിക്കുന്ന ശരിയുടെ മാർഗം തൊഴിലിന്റെയും ഗുണകാംക്ഷയുടെയും സഹവർത്തിത്വത്തിന്റെയും ആദർശമാണ്. അത് മനുഷ്യരെ നന്നാക്കുകയും, അവരുടെ പ്രശ്നങ്ങളിൽ ക്ഷമിക്കാൻ കൽപ്പിക്കുകയും ചെയ്യുന്നു. അതല്ലാതെ, അവരിൽ നിന്ന് ഓടിരക്ഷപ്പെട്ട് ഏതോ താഴ്വാരങ്ങളിലും മരുഭൂമികളിലും കിടന്നലയലാണോ ജീവിതം?!

നബി -ﷺ- പറഞ്ഞു: "ജനങ്ങളുമായി കൂടിക്കലരുകയും അവരുടെ ഉപദ്രവങ്ങളിൽ ക്ഷമിക്കുകയും ചെയ്യുന്ന മുസ്‌ലിമാണ് ജനങ്ങളോട് കൂടിക്കലരാതിരിക്കുകയും അവരുടെ ഉപദ്രവങ്ങളിൽ ക്ഷമിക്കാതിരിക്കുകയും ചെയ്യുന്ന മുസ്‌ലിമിനേക്കാൾ നല്ലത്." [58]

---

[58] തിർമിദി: 2507.

## 15- ദേഹേഛരകളെ ശരിപ്പെടുത്താനും തിന്മകളിൽ നിന്ന് രക്ഷപ്പെടാനുമുള്ള ഏറ്റവും ശരിയായ മാർഗം ഏതാണ്?

മനുഷ്യന്റെ ദേഹേഛരകളെയും വികാരങ്ങളെയും ശരിപ്പെടുത്താനുള്ള അടിസ്ഥാന മാർഗം മനുഷ്യപ്രകൃതത്തിലും അല്ലാഹുവിൽ നിന്നുള്ള മതനിയമങ്ങളിലും കണ്ടെത്താൻ കഴിയും. അല്ലാഹുവിൽ നിന്നുള്ള സന്ദേശങ്ങളിൽ പഠിപ്പിച്ചതു പ്രകാരം സ്വന്തത്തെ ശുദ്ധീകരിക്കാനാണ് ഓരോ മനുഷ്യനും ശ്രമിക്കേണ്ടത്.

നല്ല രൂപത്തിൽ വിവാഹം കഴിക്കലും, അന്യസ്ത്രീകളിൽ നിന്ന് കണ്ണുകൾ താഴ്ത്തലും, രഹസ്യത്തിലും പരസ്യത്തിലും അല്ലാഹുവിനെ സൂക്ഷിക്കലുമെല്ലാം ഉദാഹരണം. തിന്മകൾ ചെയ്യുന്നതിൽ നിന്നുള്ള അല്ലാഹുവിന്റെ ശക്തമായ താക്കീതുകൾ വേറെയുമുണ്ട്.

മനുഷ്യന് എന്തെങ്കിലും തെറ്റ് സംഭവിക്കുകയോ, അവന്റെ മനസ്സ് ദുർബലമാവുകയോ ചെയ്താൽ അതിൽ നിന്ന് പശ്ചാത്തപിച്ചു മടങ്ങേണ്ട വഴിയും ഇസ്ലാം പഠിപ്പിച്ചിട്ടുണ്ട്.

എന്നാൽ ഹൈന്ദവതയുടെ കാര്യം നേരെ തിരിച്ചാണ്. മോക്ഷം നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ തന്റെ ഭാര്യയെയും കുട്ടികളെയും ഉപേക്ഷിക്കുകയും, ജോലി വെടിയുകയും, തറകളിലും മഠങ്ങളിലും ഉറങ്ങിത്തീർക്കുകയും, ഒരു നേരത്തെ ഭക്ഷണത്തിന് വേണ്ടി ഭിക്ഷ തെണ്ടുകയും, അങ്ങിനെ മരണത്തിന് മുൻപ് തന്റെ ശരീരം കരിച്ചു കളയുകയുമാണ് ചെയ്യുന്നത്. ആത്മശുദ്ധീകരണത്തിനുള്ള നേരായ മാർഗമാണോ ഇത്?!

ഇന്ത്യയിൽ മാത്രം അഞ്ചു ലക്ഷം സന്യാസിമാരുണ്ടെന്നാണ് കണക്ക്. അവരുടെ ആശ്രയത്തിൽ ജീവിക്കുന്നവരെ ഇക്കൂട്ടർ ഉപേക്ഷിക്കുന്നു എന്നത് മാത്രമല്ല പ്രശ്നം; മറിച്ച് അവരെ നോക്കാനും അവർക്ക് ഭക്ഷണം നൽകാനും മറ്റുള്ളവർ കഷ്ടപ്പെടണം.

ഇസ്ലാമാകട്ടെ, ഏറ്റവും ശ്രേഷ്ഠവും കൃത്യവുമായ മാർഗത്തിലൂടെ മനുഷ്യമനസ്സിനെ ശുദ്ധീകരിക്കുകയാണ് ചെയ്യുന്നത്.

# ഹൈന്ദവ; ഒരു പഠനം

തന്റെ കീഴിലുള്ളവരുടെ കാര്യത്തിൽ അലംഭാവം കാണിക്കുന്നത് നിഷിദ്ധമാണെന്ന് ഇസ്‌ലാം വ്യക്തമാക്കുന്നു. നബി -ﷺ- പറഞ്ഞതു പോലെ: "താൻ ഭക്ഷണം നൽകുന്നവരുടെ കാര്യം പാഴാക്കുക എന്നത് മാത്രം മതി ഒരാൾക്ക് തിന്മയായിക്കൊണ്ട്." [59]

നന്മകൾ ചെയ്തു കൊണ്ടാണ് മനുഷ്യൻ തന്റെ മനസ്സ് ശുദ്ധീകരിക്കേണ്ടത്. ലോകത്തിൽ നിന്ന് വിട്ടുനിന്നു കൊണ്ടല്ല അവൻ തന്റെ ദേഹേഛയെ പിടിച്ചു നിർത്തേണ്ടത്. ഇതു കൊണ്ടെല്ലാം ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം അവൻ തന്റെ സമൂഹത്തിൽ സമാധാനത്തോടെ ജീവിക്കുകയും, തന്റെ ചുറ്റുപാടുകളെ കെട്ടിപ്പടുക്കുകയും, അതേ സമയം ഈ പ്രവർത്തനങ്ങളിലൂടെ അല്ലാഹുവിങ്കൽ രക്ഷപ്പെടുകയും ചെയ്യുന്നു. അതല്ലാതെ, തന്റെ സ്വന്തം ശരീരത്തെ പീഡിപ്പിക്കുക എന്ന രീതി ഒരു നിലക്കും ശരിയല്ല.

അല്ലാഹു പറയുന്നു: "അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ മുൻപിൽ നിൽക്കേണ്ടതിനെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽ നിന്ന് വിലക്കി നിർത്തുകയും ചെയ്തുവോ, തീർച്ചയായും സ്വർഗമാണ് അവനുള്ള ഗേഹം." (നാസിആത്: 40-41)

അല്ലാഹുവിനെ ഭയക്കുകയും, സ്വർഗം ഉദ്ദേശിച്ചു കൊണ്ട് നന്മകൾ പ്രവർത്തിക്കുകയും ചെയ്യുക; അത് നീയൊരു കൊട്ടാരത്തിലാണ് ജീവിക്കുന്നത് എങ്കിൽ പോലും...

ഈ രൂപത്തിൽ സ്വന്തത്തെ ശുദ്ധീകരിക്കാൻ ശരീരത്തെ പീഡിപ്പിക്കേണ്ട ഒരാവശ്യവുമില്ല. അല്ലാഹു പറയുന്നു: "എന്നിട്ട് ആ മലമ്പാതയിൽ അവൻ തള്ളിക്കടന്നില്ല. ആ മലമ്പാത എന്താണെന്ന് നിനക്കറിയാമോ? ഒരു അടിമയെ മോചിപ്പിക്കലാണത്. അല്ലെങ്കിൽ പട്ടിണിയുള്ള നാളിൽ ഭക്ഷണം കൊടുക്കുക. കുടുംബബന്ധമുള്ള അനാഥക്കോ കടുത്ത ദാരിദ്ര്യമുള്ള സാധുവിനോ (ഭക്ഷണം നൽകുക). പുറമെ, (അല്ലാഹുവിലും അവന്റെ ദൂതനിലും) വിശ്വസിക്കുകയും, ക്ഷമ കൊണ്ടും കാ

---

[59] അബൂ ദാവൂദ്: 1692, ഹദീഥ് സ്ഥിരപ്പെട്ടതാണ്.

രുണ്യം കൊണ്ടും പരസ്പരം ഉപദേശിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ അവൻ ആയിത്തീരുകയും ചെയ്യുക. അവരാണ് വലതു പക്ഷത്തിന്റെ ആളുകൾ." (ബലദ്: 11-18)

നിനക്ക് സ്വർഗം ലഭിക്കണമെന്ന ആഗ്രഹമുണ്ടെങ്കിൽ അടിമകളെ മോചിപ്പിക്കുകയും ദരിദ്രർക്ക് ഭക്ഷണം നൽകുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ജനങ്ങളോട് നന്മ ഉപദേശിച്ചു കൊടുക്കുകയും ചെയ്യുക.

ഇതിലൂടെ നിനക്ക് വിജയിക്കാം.

അതല്ലാതെ, ജനങ്ങളിൽ നിന്നെല്ലാം അകന്ന് ശിഷ്ടകാലം മുഴുവൻ ഭിക്ഷയെടുക്കുകയല്ല വേണ്ടത്.

## 16- എന്തു കൊണ്ടാണ് ഇസ്‌ലാം ഹൈന്ദവതയെ തീർത്തും നിരാകരിക്കുന്നത്?

ഹൈന്ദവത എന്നാൽ ഇന്ന് ഒരു മതമോ മാർഗമോ വിശ്വാസപരമായ ഒരു ചിന്താഗതിയോ അല്ല. മറിച്ച് വേദങ്ങളിൽ നിന്നുള്ള പാഠങ്ങളും ഫിലോസഫിയും സന്യാസികളുടെ അദ്ധ്യാപനങ്ങളും താന്ത്രവിദ്യകളുമാണ് ആധുനിക ഹൈന്ദവത. അതോടൊപ്പം എണ്ണമില്ലാത്ത അനുഷ്ഠാനകർമ്മങ്ങളുമുണ്ട്.

ഇതു കൊണ്ടാണ് ഹിന്ദുക്കൾക്ക് ഒരു നിശ്ചിത ആരാധനാക്രമം കാണാത്തത് . സ്ഥിരതയുള്ള ഒരു മത സ്വഭാവമോ ഹിന്ദുക്കളെയെങ്കിലും ചേർത്തി നിർത്താൻ സാധിക്കുന്ന തരത്തിലുള്ള ഒരു ഘടനയോ അവർക്കില്ല. വ്യത്യസ്തങ്ങളായ മതാനുഷ്ഠാനങ്ങൾ സ്വീകരിച്ചിരിക്കുന്ന ആയിരക്കണക്കിന് സമൂഹങ്ങളുടെ ഒരു കൂട്ടമാണ് ഇന്ന് ഹിന്ദുക്കൾ എന്ന് പറയുന്നവർ. [60]

എങ്ങനെയാണ് ഈ രൂപത്തിൽ കൂടിക്കലർന്ന മാർഗങ്ങൾ കൊണ്ട് ലോകസ്രഷ്ടാവായ അല്ലാഹുവിനെ ആരാധിക്കുക?!

---

[60] Hindus: their religious beliefs and practices / Julius J. Lipner: 8.

## ഹൈന്ദവ; ഒരു പഠനം

ഇഴപിരിഞ്ഞു കിടക്കുന്ന ഈ ചിന്താധാരകളിൽ നിന്ന് എങ്ങനെയാണ് ഒരു ജീവിതലക്ഷ്യം കണ്ടെത്തുക?!

ഇതിനെല്ലാം പുറമെ, ലോകങ്ങളുടെ സ്രഷ്ടാവിനെ വിഗ്രഹവൽക്കരിക്കുക എന്ന കടുത്ത അപരാധവും അവരുടെ പ്രവർത്തനങ്ങളിൽ കണ്ടെത്താൻ കഴിയും.

ലോകസ്രഷ്ടാവായ അല്ലാഹുവിനെ വിഗ്രഹങ്ങളിൽ കുടിയിരുത്തിയെന്നും, ഈ അനുഷ്ഠാനങ്ങളിലൂടെ ഞങ്ങൾ അവനെ ആരാധിക്കുന്നുവെന്നും വാദിക്കുന്നവർ അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും നിഷേധിച്ചവരാണെന്ന് അർത്ഥശങ്കക്കിടമില്ലാത്ത വിധം ഖുർആനിലൂടെ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്.

അല്ലാഹു പറയുന്നു: "അറിയുക: അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്വണക്കം. അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടിമാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്. അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികല്പിക്കുക തന്നെ ചെയ്യും. നുണയനും നന്ദികെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച." (സുമർ: 3)

മുൻപ് വിവരിച്ചു കഴിഞ്ഞതു പോലെ, ഈ ചിന്താഗതികളിലൂടെ ഹൈന്ദവർ അവരുടെതന്നെ വേദങ്ങളിൽ നിന്നാണ് അകന്നു പോയത്. അവരുടെ ശുദ്ധപ്രകൃതിയെ അവർ വിസ്മരിക്കുകയും ചെയ്തു. ലോകങ്ങളുടെ ഉടമസ്ഥനും നിയന്താവുമായ പ്രപഞ്ചസ്രഷ്ടാവിനെ വിഗ്രഹങ്ങളിൽ കുടിയിരുത്തിയിരിക്കുന്നു എന്ന അവരുടെ വാദത്തിന് വ്യക്തമായ ഒരു തെളിവും കൊണ്ടുവരാൻ അവർക്ക് സാധ്യമല്ല. " അഥവാ, സൃഷ്ടി ആരംഭിക്കുകയും പിന്നീട് അത് ആവർത്തിക്കുകയും, ആകാശത്തു നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്യുന്നവനോ (നല്ലത്? അതല്ല, അവരുടെ ആരാധ്യന്മാരോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ആരാധ്യനുമുണ്ടോ? (നബിയേ,) പറയുക: നിങ്ങൾ സത്യവാന്മാരാണെങ്കിൽ നിങ്ങൾക്കുള്ള തെളിവ് നിങ്ങൾ കൊണ്ടു വരിക." (നിസാഅ്: 64)

അവർക്ക് എവിടെ നിന്ന് തെളിവു ലഭിക്കാനാണ്?

അവർക്ക് എവിടെ നിന്ന് തെളിവു ലഭിക്കാനാണ്?

ആധുനിക ഹൈന്ദവതയുടെ ഏറ്റവും വലിയ പ്രശ്നമാണ് വിഗ്രഹങ്ങളുമായുള്ള ഈ കെട്ടുപിണഞ്ഞ ബന്ധം. തങ്ങളുടെ മതത്തിന്റെ ഏറ്റവും വലിയ അടിത്തറകളിലൊന്നായാണ് അവരതിനെ കാണുന്നത്.

ഹൈന്ദവ കുടുംബങ്ങളിൽ വിഗ്രഹങ്ങളാണ് എവിടെയുമുള്ളത്.

ഈ വിഗ്രഹങ്ങളിൽ ദൈവം രൂപം പ്രാപിച്ചിരിക്കുന്നു എന്നതാണ് അവരുടെ വിശ്വാസം.

വിഗ്രഹങ്ങളും രൂപങ്ങളും ചിഹനങ്ങളുമായി ആയിരക്കണക്കിന് വസ്തുക്കൾ ഹൈന്ദവതയിലുണ്ട് താനും.

ആധുനിക ഹൈന്ദവത വിഗ്രഹങ്ങളുടെ മതം മാത്രമായിരിക്കുന്നു. ഇതിനെല്ലാം പുറമെ, ആധുനിക ഹൈന്ദവത മുന്നോട്ടു വെച്ച ചിന്തയാണ് അദ്വൈതം എന്നത്.

പ്രപഞ്ചം അനാഥിയാണെന്ന് വാദിക്കുകയും, ജാതീയതക്ക് രൂപം നൽകുകയും ചെയ്യുകയാണവർ.

അവതാരങ്ങളിൽ ദൈവം അവതരിക്കുമെന്നും, വിഗ്രഹങ്ങളിലും രൂപങ്ങളിലും ദൈവത്തിന്റെ ശക്തിയുണ്ടെന്നും, ആത്മാവുകൾ ജനിച്ചു കൊണ്ടേയിരിക്കുമെന്നും, പുനർജന്മമുണ്ടെന്നും ആധുനിക ഹൈന്ദവത പറയുന്നു.

അഞ്ച് മൂലഘടകങ്ങളെയും അതിനെ ചുറ്റിപ്പറ്റിയുള്ള ഉറുക്കിനെയും ഏലസ്സുകളെയും കുറിച്ചാണ് ഹൈന്ദവതയുടെ പറയുന്നത്.

ഇതു കൊണ്ടെല്ലാം തന്നെ ഇസ്ലാം പരിപൂർണ്ണമായും ഹൈന്ദവതയെ നിരാകരിക്കുന്നു. അത് ദൈവദൂതന്മാരുടെ മാർഗത്തിന് എതിരാവുകയും, ഏകദൈവാരാധനയെ വിസ്മരിക്കുകയും ചെയ്തു.

# ഹൈന്ദവ; ഒരു പഠനം

ഇസ്‌ലാമിലൂടെ നിന്റെ സ്രഷ്ടാവിലേക്ക് സാമീപ്യം തേടൂ എന്നാണ് ഇസ്‌ലാമിന് ഓരോ ഹിന്ദുവിനോടും പറയാനുള്ളത്. അല്ലാഹുവിങ്കൽ ഇതല്ലാതെ മറ്റൊരു വഴിയിലൂടെയും രക്ഷ നേടാൻ സാധ്യമല്ല.

അല്ലാഹു പറയുന്നു: "തീർച്ചയായും അല്ലാഹുവിങ്കൽ മതമെന്നാൽ ഇസ്‌ലാം മാത്രമാകുന്നു." (ആലു ഇംറാൻ: 19)

അല്ലാഹു പറയുന്നു: "ഇസ്‌ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും." (ആലു ഇംറാൻ: 85)

അല്ലാഹു പറയുന്നു: "ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു, മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു." (മാഇദഃ: 3)

അതിനാൽ ഹിന്ദുവാകട്ടെ -ഏതു മനുഷ്യനാകട്ടെ- രക്ഷപ്പെടണമെങ്കിൽ ഇസ്‌ലാമല്ലാതെ മറ്റൊരു മതം കൊണ്ടും സാധിക്കുകയില്ല.

ഇസ്‌ലാം ഭൂമിയിലെ മറ്റു മതങ്ങളെ പോലെ, കേവലം ഏതോ ഒരു മതമല്ല. മറിച്ച്, സർവ്വ പ്രവാചകന്മാരെയും അല്ലാഹു നിയോഗിച്ചയച്ച മതമാണത്. എല്ലാ ദൈവദൂതന്മാരും ജനങ്ങളെ ഏകദൈവാരാധനയിലേക്ക് ക്ഷണിക്കുന്നതിനായാണ് നിയോഗിക്കപ്പെട്ടത്. പരിശുദ്ധമായ ഈ വിശ്വാസം ഇസ്‌ലാമിലല്ലാതെ മറ്റൊരു മതത്തിലും കാണുക സാധ്യമല്ല. മറ്റെല്ലാ മതങ്ങളിലും കൂടിയോ കുറഞ്ഞോ ബഹുദൈവാരാധനയുടെ സാന്നിധ്യം കണ്ടെത്താൻ കഴിയും.

ഇസ്‌ലാമെന്നാൽ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും, അവന് പുറമെയുള്ളവർക്ക് ആരാധനകൾ നൽകുന്നത് ഉപേക്ഷിക്കുകയും, അല്ലാഹുവിന്റെ കൽപ്പനകൾ അനുസരിക്കുകയും, അവന്റെ വിലക്കുകൾ ഉപേക്ഷിക്കുകയും, അവന്റെ മതനിയമങ്ങൾ പാലിക്കുകയും, കഴിഞ്ഞു പോയതും വരാനിരിക്കുന്നതുമായി എന്തെല്ലാം കാര്യങ്ങൾ ഈ മതത്തിൽ പഠിപ്പിച്ചിട്ടുണ്ടോ അതിലെല്ലാം വിശ്വസിക്കലും,

എല്ലാ വിഗ്രഹങ്ങളെയും രൂപങ്ങളെയും ആരാധ്യവസ്തുക്കളെയും ഉപേക്ഷിക്കലു മാണ്.

അല്ലാഹു പറയുന്നു: "പ്രതാപത്തിന്റെ നാഥനായ നിന്റെ റബ്ബ് അവർ ചമച്ചു പ റയുന്നതിൽ നിന്നെല്ലാം എത്ര പരിശുദ്ധൻ!" (സ്വാഫാത്: 180)

ലോകങ്ങളുടെ സ്രഷ്ടാവായ അല്ലാഹു വിഗ്രഹങ്ങളിൽ രൂപം പ്രാപിച്ചിരിക്കുന്നു എന്ന ഹൈന്ദവ വിശ്വാസത്തിൽ നിന്ന് അവൻ പരിശുദ്ധനാണ്.

"ദൈവദൂതന്മാർക്ക് മേൽ അവന്റെ രക്ഷ ഉണ്ടാകട്ടെ!" (സ്വാഫാത്: 180)

ജനങ്ങളെ അവരുടെ രക്ഷിതാവിലേക്ക് ക്ഷണിക്കുകയും, പ്രപഞ്ച സ്രഷ്ടാവി നെ എല്ലാ ന്യൂനതകളിൽ നിന്നും പരിശുദ്ധനാക്കുകയും ചെയ്യുന്ന ദൈവദൂതന്മാർ ക്ക് മേൽ രക്ഷയുണ്ടാകട്ടെ.

## 17- എന്തു കൊണ്ട് ഓരോ മതവിശ്വാസിയും ഇസ്ലാം സ്വീകരിക്കുക എന്നത് നിർബന്ധമാണ്?

അല്ലാഹു തന്റെ ദാസന്മാർക്ക് തൃപ്തിപ്പെട്ടു നൽകിയ ദൈവീക മതനിയമങ്ങ ൾ ഇസ്ലാമിൽ മാത്രമാണെന്ന് നാം മുൻപ് പറഞ്ഞു കഴിഞ്ഞു. ഈ മതമല്ലാതെ പ്രപഞ്ചങ്ങളുടെ സ്രഷ്ടാവ് സ്വീകരിക്കുകയില്ല. ഇതിനെല്ലാം പുറമെ, ഹൈന്ദവ ഗ്ര ന്ഥങ്ങൾ തന്നെയും -അതിൽ ബാക്കിയുള്ള ദൈവിക സന്ദേശങ്ങളിൽ പെട്ടതായി രിക്കാം അത്- ഇസ്ലാമിനെ കുറിച്ചും ഇസ്ലാമിക പ്രവാചകനായ മുഹമ്മദ് നബി -ﷺ- യെ കുറിച്ചും സന്തോഷവാർത്ത അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഏതൊരു ഹൈന്ദവനെയും തൃപ്തിപ്പെടുത്തുന്ന വിധമുള്ള തെളിവുകളും പ്രമാണങ്ങളും ഹൈന്ദവ ഗ്രന്ഥങ്ങളിൽ തന്നെ കണ്ടെത്താൻ കഴിയും. നാളെ പരലോകത്ത് നി ന്റെ സ്രഷ്ടാവിന് മുൻപിൽ രക്ഷപ്പെടാനുള്ള ഏകമാർഗം ഇസ്ലാം മാത്രമാണെന്ന് അതെല്ലാം നിന്നെ ബോധ്യപ്പെടുത്തും.

ഹൈന്ദവർ തന്നെ വിശുദ്ധമായി കരുതുന്ന ഗ്രന്ഥങ്ങളിൽ നിന്ന് ചില ഉദ്ധരണി കൾ ഞാൻ താഴെ നൽകാം.

എന്നാൽ ഹൈന്ദവ ഗ്രന്ഥങ്ങളിലെ ഈ പ്രവചനങ്ങളിലേക്ക് കടക്കുന്നതിന് മുൻപ് ഹൈന്ദവർക്കിടയിൽ നിലനിൽക്കുന്ന മറ്റു ചില നിയമങ്ങളെ കുറിച്ച് കൂടി വിവരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഉദാഹരണത്തിന് ഹൈന്ദവർ മരണ ശേഷം തങ്ങളുടെ ശരീരം കത്തിച്ചു കളയുന്നവരാണ്; ആത്മാവിന്റെ ശുദ്ധീകരണമാണ് ഈ പ്രവർത്തിയുടെ പിറകിലെ ലക്ഷ്യം.

ഇത്തരം പ്രകൃതിക്ക് വിരുദ്ധമായ മറ്റനേകം പ്രവർത്തനങ്ങളും ഹൈന്ദവരിൽ കണ്ടെത്താൻ കഴിയും.

വേദക്കാരുടെ അവസ്ഥയിൽ നിന്ന് ഏറെയൊന്നും വ്യത്യസ്തമല്ല ഇക്കാര്യത്തിൽ ഹൈന്ദവരുടെയും സ്ഥിതി. ശുദ്ധി വരുത്തുന്നതിലും മറ്റുമെല്ലാം യഹൂദർക്ക് മേൽ അനേകം കടുത്ത നിയമങ്ങളും ചങ്ങലക്കെട്ടുകളും നിലനിന്നിരുന്നു. അവരുടെ അതിക്രമങ്ങളും അനീതിയും തിന്മകളും കാരണത്താൽ അവർക്ക് മേൽ നിശ്ചയിക്കപ്പെട്ട പല വിധിവിലക്കുകളും വേറെയുമുണ്ടായിരുന്നു.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: " അങ്ങനെ യഹൂദമതം സ്വീകരിച്ചവരുടെ അക്രമം കാരണത്താലും, അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് അവർ ജനങ്ങളെ ധാരാളമായി തടഞ്ഞതുകൊണ്ടും അവർക്ക് അനുവദിക്കപ്പെട്ടിരുന്ന പല നല്ല വസ്തുക്കളും നാമവർക്ക് നിഷിദ്ധമാക്കി." (നിസാഅ്: 160)

പഴയ നിയമത്തിലെ ലേവ്യരുടെ പുസ്തകത്തിൽ യഹൂദ സ്ത്രീ പാലിക്കേണ്ട ആർത്തവവുമായി ബന്ധപ്പെട്ട വിധിവിലക്കുകളുടെ വിവരണമുണ്ട്. പഴയ നിയമം പറയുന്നു:

" അവളുടെ അശുദ്ധിയിൽ അവൾ ഏതിന്മേലെങ്കിലും കിടന്നാൽ അതൊക്കെയും അശുദ്ധമായിരിക്കേണം; അവൾ ഏതിന്മേലെങ്കിലും ഇരുന്നാൽ അതൊക്കെയും അശുദ്ധമായിരിക്കേണം. അവളുടെ കിടക്ക തൊടുന്നവനെല്ലാം വസ്ത്രം അലക്കി വെള്ളത്തിൽ കുളിക്കയും സന്ധ്യവരെ അശുദ്ധനായിരിക്കയും വേണം.

അവൾ ഇരുന്ന ഏതൊരു സാധനവും തൊടുന്നവനെല്ലാം വസ്ത്രം അലക്കി വെള്ളത്തിൽ കുളിക്കയും സന്ധ്യവരെ അശുദ്ധനായിരിക്കയും വേണം. അവളുടെ

കിടക്കമേലോ അവൾ ഇരുന്നതിന്മേലോ ഉള്ള ഏതൊന്നെങ്കിലും തൊടുന്നവൻ സന്ധ്യവരെ അശുദ്ധനായിരിക്കേണം. ഒരുത്തൻ അവളോടുകൂടെ ശയിക്കയും അവളുടെ അശുദ്ധി അവന്മേൽ ആകയും ചെയ്താൽ അവൻ ഏഴു ദിവസം അശുദ്ധനായിരിക്കേണം; അവൻ കിടക്കുന്ന കിടക്ക ഒക്കെയും അശുദ്ധമാകും." [61]

ഇസ്രാഈല്യരുടെ കടുത്ത മനസ്ഥിതിയും പരുഷമായ ചിന്തയും കാരണമായിരുന്നു ഈ വിധിവിലക്കുകൾ ഉണ്ടായത്.

എന്നാൽ അവരിലേക്ക് ഒരു ദൂതനെ അയക്കുമെന്നും, അദ്ദേഹം ഈ ചങ്ങലകളും ഭാരങ്ങളും അവരിൽ നിന്ന് എടുത്തു നീക്കുമെന്നും പഴയ നിയമത്തിൽ തന്നെ സന്തോഷവാർത്ത നൽകപ്പെട്ടിരുന്നു.

യഅ്ഖൂബ് (യാക്കോബ്) പ്രവാചകന് മരണം ആസന്നമായപ്പോൾ അദ്ദേഹം തന്റെ പന്ത്രണ്ട് മക്കളെയും ഒരുമിച്ചു കൂട്ടുകയും, അവരോട് മരണവേളയിൽ ഉപദേശിക്കുകയും ചെയ്തതായി പഴയ നിയമം അറിയിക്കുന്നുണ്ട്. പ്രസിദ്ധമായ ആ അന്തിമോപദേശം പഴയ നിയമത്തിൽ വിവരിക്കപ്പെടുന്നത് ഇങ്ങനെയാണ്:

"അനന്തരം യാക്കോബ് തന്റെ പുത്രന്മാരെ വിളിച്ചു അവരോടു പറഞ്ഞതു: കൂടിവരുവിൻ, ഭാവികാലത്തു നിങ്ങൾക്കു സംഭവിപ്പാനുള്ളതു ഞാൻ നിങ്ങളെ അറിയിക്കും. യാക്കോബിന്റെ പുത്രന്മാരേ: കൂടിവന്നു കേൾപ്പിൻ; നിങ്ങളുടെ അപ്പനായ യിസ്രായേലിന്റെ മൊഴിക്കു ചെവിതരുവിൻ!" ... ശേഷം അദ്ദേഹം യഹൂദായോട് പറഞ്ഞു -യഹൂദാ പ്രവാചകന്മാരുടെ പിതാവ് എന്നറിയപ്പെട്ട വ്യക്തിയാണ്-; ദാവൂദിന്റെയും (ദാവീദ്) സുലൈമാനിന്റെയും (ശാലമോൻ) ഈസയുടെയും (യേശു) പ്രപിതാവാണ് അദ്ദേഹം.

[61] ലേവ്യപുസ്തകം: 15/20-24.

## ഹൈന്ദവ; ഒരു പഠനം

യഹൂദായോട് യാക്കോബ് പറഞ്ഞു: " ശീലോഹ് വരുവോളം ചെങ്കോൽ യെഹൂദയിൽനിന്നും രാജദണ്ഡു അവന്റെ കാലുകളുടെ ഇടയിൽ നിന്നും നീങ്ങിപ്പോകയില്ല; ജാതികളുടെ അനുസരണം അവനോടു ആകും." [62]

ഈ വചനങ്ങൾ ഗൗരവപ്പെട്ട ഒരു സന്തോഷവാർത്തയാണ് അറിയിക്കുന്നത് എന്ന കാര്യത്തിൽ യഹൂദർക്കോ ക്രൈസ്തവർക്കോ അഭിപ്രായവ്യത്യാസമില്ല.

വരാനിരിക്കുന്ന ഒരു വ്യക്തിയെ കുറിച്ചാണ് ഈ പ്രവചനം; പ്രവാചകത്വവും അധികാരവും അദ്ദേഹത്തിനാണ് വന്നെത്തുക.

ചെങ്കോൽ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് അധികാരദണ്ഡാണ്. ഈ അധികാരം യഹൂദായൂടെ മക്കളിലായിരിക്കും.

എന്നാൽ ശീലോഹ് വരുന്നതു വരെ മാത്രമേ അതവരിൽ നിലനിൽക്കുകയുള്ളൂ ; അദ്ദേഹം വന്നു കഴിഞ്ഞാൽ ജാതികളുടെ അനുസരണം അദ്ദേഹത്തിനായിരിക്കും ലഭിക്കുക.

സർവ്വ ജനങ്ങളും കീഴൊതുങ്ങാനിരിക്കുന്ന ഈ മനുഷ്യൻ ആരാണ്? ആരെക്കുറിച്ചാണ് യാക്കോബ് സന്തോഷവാർത്ത അറിയിച്ചത്?!

ഈസാ നബി (യേശു ക്രിസ്തു) ആയിരുന്നു ഇസ്രാഈല്യരിലെ അവസാന പ്രവാചകൻ എന്ന കാര്യം ഈ ചോദ്യത്തിന് ഉത്തരം നൽകുന്നതിന് മുൻപ് നാം തിരിച്ചറിയേണ്ടതുണ്ട്. ഈസാ നബി -عَلَيْهِ السَّلَامُ- യഹൂദായുടെ വംശപരമ്പരയിലാണ് ജനിച്ചത്.

എന്നാൽ അതിന് ശേഷം ഇസ്രാഈല്യരിൽ പ്രവാചകന്മാരുടെ വരവിന് പൊടുന്നനെ അവസാനമുണ്ടായി.

യാക്കോബിന്റെ പ്രവചനപ്രകാരം അധികാരവും പ്രവാചകത്വവും യഹൂദായുടെ വംശപരമ്പരക്ക് പുറത്തുള്ള ഒരു വ്യക്തിയിലേക്ക് നീങ്ങിയിരിക്കണം. കാരണം ഇ

---

[62] ഉൽപ്പത്തി പുസ്തകം: 49/1-2,10.

സ്രാഈല്യരിൽ പ്രവാചകത്വം അവസാനിച്ചിരിക്കുന്നു; ഇത്രയും പറഞ്ഞത് മനസ്സിലായെങ്കിൽ ചിന്തിക്കൂ!

ഈ പറഞ്ഞത് ഒരിക്കലും ഈസാ നബി -عَلَيْهِ السَّلَامُ- (യേശുക്രിസ്തു) അല്ല എന്നതിൽ യാതൊരു സംശയത്തിനും വകുപ്പില്ല. കാരണം യേശു യഹൂദായുടെ വംശപരമ്പരയിലാണ് വന്നെത്തിയത്.

യാക്കോബിന്റെ പ്രവചന പ്രകാരം യഹൂദായുടെ സന്തതിപരമ്പരകളുടെ ഭൂമിയും നാടും ഈ വരാനിരിക്കുന്ന പ്രവാചകൻ അധീനപ്പെടുത്തുന്നതാണ്. "'ശീലോഹ്' വരുവോളം ചെങ്കോൽ യെഹൂദയിൽനിന്നും രാജദണ്ഡു അവന്റെ കാലുകളുടെ ഇടയിൽ നിന്നും നീങ്ങിപ്പോകയില്ല; ജാതികളുടെ അനുസരണം അവനോടു ആകും." അതായത് ഈ വരാനിരിക്കുന്ന പ്രവാചകന്റെ ജനത ഭൂമിയുടെ അധികാരമേന്തും. പലസ്തീനാണ് ഈ പറയപ്പെട്ട പ്രദേശം; ചരിത്രത്തിലെ ഏറ്റവും വലിയ സാമ്രാജ്യം ഈ വരുന്ന പ്രവാചകന്റെ ജനങ്ങൾക്ക് മുൻപിൽ കീഴടങ്ങും.

മുഹമ്മദ് നബി -ﷺ- യുടെ അനുചരനായ ഉമർ ബ്നുൽ ഖത്താബ് -رَضِيَ اللهُ عَنْهُ- തന്റെ ഭരണകാലഘട്ടത്തിൽ യഹൂദായുടെ ഭൂമി കീഴടക്കി. സിറിയയും ഇറാഖും പേർഷ്യയും ഇസ്‌ലാമിക ഭരണത്തിന് കീഴിൽ വന്നെത്തി.

വലിയ പഠനവും അന്വേഷണവും ഒന്നുമില്ലാതെ തിരിച്ചറിയാൻ കഴിയുന്ന ലളിത യാഥാർത്ഥ്യമാണ് ഈ പറഞ്ഞത്.

ചുരുക്കത്തിൽ, യാക്കോബിന്റെ പ്രവചനം പുലർന്നതായി ചരിത്രം നമ്മെ അറിയിക്കുന്നു! മുഹമ്മദ് നബി -ﷺ- യുടെ കാര്യത്തിലല്ലാതെ ഈ പ്രവചനം മറ്റൊരാളുടെ കാര്യത്തിലും യോജിക്കുകയില്ല. അവിടുത്തെ ജനങ്ങളിലല്ലാതെ ഈ പറഞ്ഞത് മറ്റൊരു ജനതയുടെ കാര്യത്തിലും പുലർന്നിട്ടുമില്ല.

എന്നാൽ 'അവകാശമുള്ളവൻ' (ശീലോഹ്) എന്നത് കൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?!

ശീലോൻ എന്നാൽ ആശ്വാസം പകരുന്നവൻ എന്നും ചങ്ങലക്കെട്ടുകൾ ഊരി മാറ്റുന്നവൻ എന്നുമാണ് അർത്ഥം. പഴയ നിയമത്തിന്റെ ഉള്ളടക്കത്തെ കുറിച്ച് പഠനം നടത്തിയ അനേകം പേർ ഈ അർത്ഥമാണ് ശീലോൻ എന്ന പദത്തിന് നൽകിയിട്ടുള്ളത്. [63]

ഇസ്രാഈല്യർക്ക് മേൽ നിലനിൽക്കുന്ന ചങ്ങലക്കെട്ടുകൾ എടുത്തു നീക്കുന്ന വ്യക്തിയെ കുറിച്ചാണ് യാക്കോബ് തന്റെ മക്കളെ സന്തോഷവാർത്ത അറിയിച്ചത്.

ഇത്രയും മനസ്സിരുത്തി വായിച്ചതിന് ശേഷം ഇനി വിശുദ്ധ ഖുർആനിലെ ഈ വചനം വായിച്ചു നോക്കൂ: " ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനും ദൈവദൂതനുമായ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർ; (അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന (നബിയാണ് അദ്ദേഹം). അവരോട് അദ്ദേഹം സദാചാരം കല്പിക്കുകയും, ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു." (അഅ്റാഫ്: 157)

അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു: ഇസ്‌ലാമിക മതനിയമങ്ങൾ ജനങ്ങൾക്ക് എളുപ്പവും ലാളിത്യവുമാണ് നൽകിയത്. ജനങ്ങൾക്ക് മേലുണ്ടായിരുന്ന എല്ലാ വിലങ്ങുകളെയും ചങ്ങലക്കെട്ടുകളെയും അത് എടുത്തു നീക്കുകയാണ് ചെയ്തത്.

[63] https://www.christiancourier.com/articles/1101-who-is-the-mysterious-shiloh Rest-giver or peace-bringer. http://www.abideinchrist.com/messages/gen49v8.html Shiloh is the man of rest, the giver of rest or rest-bringer

## ഹൈന്ദവ; ഒരു പഠനം

ഇനി ഹിന്ദുക്കൾ വിശുദ്ധമായി കണക്കാക്കുന്ന ഗ്രന്ഥങ്ങളിലൂടെ നമുക്കൊന്ന് സഞ്ചരിക്കാം. [64]

ഹൈന്ദവതയിൽ നിലകൊള്ളുന്ന പ്രയാസകരമായ അനേകം ആചാരാനുഷ്ഠാനങ്ങളും സമാനമായ വിലങ്ങുകൾ തന്നെ; മനുഷ്യന്റെ ഇഛയെ കരിച്ചു കളയുക എന്നതാണ് ഇത്തരം പല അനുഷ്ഠാനങ്ങളുടെയും പ്രാഥമികോദ്ദേശ്യം തന്നെ.

എന്നാൽ ഇത്തരം പ്രയാസങ്ങൾ എടുത്തു നീക്കുകയും, അവരുടെ തിന്മകളെ ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരു മഹാപ്രവാചകനെ കുറിച്ച് ഹൈന്ദവ ഗ്രന്ഥങ്ങളും ഓർമ്മപ്പെടുത്തിയിട്ടുണ്ട്.

ഹൈന്ദവ ഗ്രന്ഥങ്ങൾ പറയുന്നു: "ചന്ദ്രൻ ഉദിക്കുന്ന വസന്തമാസത്തിലെ പന്ത്രണ്ടാം തിയ്യതിയാണ് കൽകി ജനിക്കുക." [65]

കൽകി എന്ന പദത്തിന്റെ അർത്ഥം തിന്മകളിൽ നിന്ന് ശുദ്ധീകരിക്കുന്നവൻ എന്നാണ്.

വസന്തമാസം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ജനങ്ങൾക്ക് പ്രിയങ്കരമായ മാസം എന്നുമാണ്.

അറബിയിൽ വസന്തത്തിന് റബീഅ് എന്ന് പറയും. ചാന്ദ്രമാസങ്ങളിലൊന്നിന്റെ പേരും റബീഅ് എന്നാണ്. അതിലെ പന്ത്രണ്ടാം തിയ്യതിയാണ് വരാനിരിക്കുന്ന പ്രവാചകൻ ജനിക്കുക എന്നാണ് പുരാണത്തിലെ പ്രവചനം.

---

[64] ഹൈന്ദവ ഗ്രന്ഥങ്ങളിലെ പ്രവചനങ്ങൾ വിശദീകരിക്കുന്നതിന് മുൻപ് യാക്കോബിന്റെ പ്രവചനം ഞാൻ പ്രത്യേകം എടുത്തു പറഞ്ഞത് ഇസ്‌ലാമിന്റെ സത്യതക്കുള്ള -ഇസ്‌ലാമിന് പുറത്തു നിന്നുള്ള- വ്യക്തമായ തെളിവുകളിലൊന്നാണ് അത് എന്നതു കൊണ്ടാണ്.

[65] കൽക്കിപുരാണം 2/15.

## ഹൈന്ദവ; ഒരു പഠനം

മുഹമ്മദ് നബി -ﷺ- ജനിച്ചത് ചന്ദ്രമാസങ്ങളിൽ പെട്ട റബീഉൽ അവ്വൽ പന്ത്രണ്ടി നാണെന്നത് മുസ്ലിം പണ്ഡിതന്മാർക്കിടയിൽ പ്രസിദ്ധമായ കാര്യങ്ങളിലൊന്നാണ്. [66]

നബി -ﷺ- യുടെ ജനന സ്ഥലത്തെ കുറിച്ചുള്ള പരാമർശവും ഹൈന്ദവ ഗ്രന്ഥങ്ങളിൽ കാണാം. 'സമാധാനം നിറഞ്ഞ ഒരു നാട്ടിൽ, പരിശുദ്ധ ഭവനത്തിന്റെ സേവകർക്കിടയിൽ, വിശ്ണുയാഷ് എന്ന വ്യക്തിയുടെ വീട്ടിലാണ് കൽക്കി ജനിക്കുക." [67]

സമാധാനം നിറഞ്ഞ നാട് എന്നത് മക്കയുടെ വിശേഷണമാണ്.

മക്കയാണ് സമാധാനമുള്ള 'ബലദുൻ ആമിൻ' "ഇബ്രാഹീം പ്രാർത്ഥിച്ച സന്ദർഭം: എന്റെ രക്ഷിതാവേ! ഈ നാടിനെ നീ നിർഭയത്വമുള്ളതാക്കേണമേ!" (ബഖറ: 126)

നബി -ﷺ- മക്കയിലാണ് ജനിച്ചത്.

വിശ്ണുയാഷ് എന്ന പദത്തിന്റെ അർത്ഥം ദൈവത്തിന്റെ അടിമയെന്നാണ്. ഇതേ അർത്ഥമുള്ള, 'അബ്ദുല്ലാഹ്' എന്ന പേരായിരുന്നു നബി -ﷺ- യുടെ പിതാവിൻ്റേത്.

സുമതി എന്നാണ് ഈ പ്രവാചകന്റെ മാതാവിന്റെ പേര് എന്നും പുരാണങ്ങളിലുണ്ട്. സുമതി എന്നാൽ സമാധാനമുള്ളവൾ എന്നാണർത്ഥം. അറബിയിൽ ആമിന എന്ന് പറയാം. [68] നബി -ﷺ- യുടെ മാതാവിന്റെ പേര് ആമിനഃ എന്നായിരുന്നു.

സമാധാനം നിറഞ്ഞ നാട് എന്ന വിശേഷണമുള്ള നാട്ടിൽ നിന്ന് കൽക്കി പുറപ്പെടുമെന്നും, പിശാചിനെ നേരിടുമെന്നും, അന്ധകാരവും കുഴപ്പങ്ങളും അതിക്രമങ്ങളും തുടച്ചു നീക്കുമെന്നും, ശേഷം തന്റെ അവസാന നാളുകളിൽ അവിടേക്ക് ത

---

[66] സ്വഹീഹുസ്സീറഃ/ അൽബാനി: 13.

[67] കൽക്കിപുരാണം 2/4.

[68] കൽക്കിപുരാണം 2/11.

ന്നെ തിരിച്ചു വരുമെന്നും, അതിന് ശേഷം ദൈവം അദ്ദേഹത്തെ തന്നിലേക്ക് ഉയർത്തുമെന്നും ഹൈന്ദവർ വിശ്വസിക്കുന്നു.

എന്നാൽ ഏതൊരു മുസ്ലിമിനും അറിയുന്ന ലളിത യാഥാർത്ഥ്യങ്ങളാണ് ഇതെല്ലാം. നബി -ﷺ- തന്റെ നാടായ മക്കയിൽ നിന്ന് മദീനയെന്ന പ്രദേശത്തേക്ക് പലായനം ചെയ്യുകയും, അല്ലാഹുവിനെ മാത്രമേ ആരാധിക്കൂ എന്ന പ്രബോധനവുമായി മുന്നോട്ടു നീങ്ങുകയും, ശേഷം മക്ക വിജയിച്ചടക്കി കൊണ്ട് തന്റെ മരണത്തിന് കുറച്ചു വർഷങ്ങൾക്ക് മുൻപ് മക്കയിലേക്ക് തിരിച്ചെത്തുകയും ചെയ്തു.

വരാനിരിക്കുന്ന ഈ പ്രവാചകന്റെ വിശേഷണങ്ങളായി ഹൈന്ദവർ ചേർത്തിപ്പറയുന്ന മറ്റു ചില കാര്യങ്ങളോട് നമുക്ക് യോജിപ്പില്ല. ഉദാഹരണത്തിന് കൽക്കി ദൈവത്തിന്റെ അവതാരമാണെന്ന വിശ്വാസം; ഇത് മഹാന്മാരെ കുറിച്ച് ഹൈന്ദവരുടെ പൊതുവിശ്വാസമാണ്. അതിന്റെ യാഥാർത്ഥ്യവും വേദങ്ങൾ തന്നെ ഈ ചിന്താഗതികൾക്ക് നൽകിയ മറുപടികളും മുൻപ് നാം വിശദമായി വിവരിച്ചിട്ടുണ്ട്.

ലോകങ്ങളുടെ സ്രഷ്ടാവായ അല്ലാഹു തന്റെ സൃഷ്ടികളിൽ അവതരിക്കുകയില്ല. ആകാശങ്ങളും ഭൂമിയും അവനെ ഉൾക്കൊള്ളുകയില്ല.

കൽക്കിയെ കുറിച്ച് ഹൈന്ദവ ഗ്രന്ഥങ്ങളിൽ നൽകിയ വിവരണങ്ങളിൽ എന്നെ അത്ഭുതപ്പെടുത്തിയ മറ്റൊരു കാര്യം അദ്ദേഹം ഒരു വെള്ളക്കുതിരയുടെ പുറത്ത് സഞ്ചരിക്കും എന്ന പ്രവചനമാണ്. നബി -ﷺ- ക്ക് മുർതജിസ് എന്ന പേരുള്ള ഒരു വെള്ള കുതിരയുണ്ടായിരുന്നു. [69]

വരാനിരിക്കുന്ന പ്രവാചകൻ എന്ന് ഹൈന്ദവർ വിവരിക്കുന്ന കൽക്കിയെന്ന പ്രവാചകന്റെ ചിത്രീകരണങ്ങളിലെല്ലാം ഈ വെളുത്ത കുതിരയുമുണ്ട്; കൽക്കി തന്റെ കുതിരപ്പുറത്ത് വാളേന്തി നിൽക്കുന്ന ഹൈന്ദവർക്കിടയിൽ പ്രചരിച്ച ചിത്രങ്ങൾ അനേകമുണ്ട്.

[69] ഹാകിം.

യുദ്ധരണാങ്കണത്തിൽ പങ്കെടുക്കുന്ന പ്രവാചകനാണ് കൽക്കി; ഈ വിശേഷണവും നബി -ﷺ- യുടെ കാര്യത്തിൽ യോജിക്കുന്നു. അവിടുന്ന് തന്റെ വാളു കൊണ്ട് പോരാടുകയും, ദൈവത്തിന്റെ ശത്രുക്കൾക്കെതിരെ പടപൊരുതുകയും ചെയ്ത വ്യക്തിയാണ്.

കൽക്കിയുടെ മറ്റൊരു വിശേഷണം അദ്ദേഹം ഭാവി പ്രവചിക്കുമെന്നതാണ്. തന്റെ ജനങ്ങളിലെ ശ്രേഷ്ഠരിൽ നിന്ന് പുറപ്പെടുന്ന, കുറച്ചു മാത്രം സംസാരിക്കുന്ന, ദാനശീലനും ശാരീരിക ശക്തിയുള്ളവരും, സൗന്ദര്യമുള്ളവരുമായിരിക്കും ഈ പ്രവാചകൻ എന്നും കൽക്കിയെ കുറിച്ചുള്ള വിശേഷണങ്ങൾ അറിയിക്കുന്നു.

കൽക്കിയെ കുറിച്ചുള്ള അത്ഭുതകരമായ മറ്റൊരു വിശേഷണം ഇപ്രകാരമാണ് : "കൽക്കി തന്റെ നാല് അനുചരന്മാരുടെ സഹായത്തോടെ പിശാചിനെ പരാജയപ്പെടുത്തുന്നതാണ്." [70]

ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ഈ വാചകം വായിക്കുന്ന ഉടനെ അവന്റെ മനസ്സിൽ വന്നെത്തുക നബി -ﷺ- യുടെ ഏറ്റവുമടുത്ത അനുചരന്മാരായ നാല് പേരാണ്. അബൂബക്ർ സിദ്ദീഖ് -رَضِيَ اللَّهُ عَنْهُ-, ഉമർ ബ്നുൽ ഖത്താബ് -رَضِيَ اللَّهُ عَنْهُ-, ഉഥ്മാൻ ബ്നു അഫ്ഫാൻ -رَضِيَ اللَّهُ عَنْهُ-, അലിയ്യു ബ്നു അബീ ത്വാലിബ് -رَضِيَ اللَّهُ عَنْهُ- എന്നിവരാണവർ.

നബി -ﷺ- യുടെ അനുചരന്മാരിൽ അവിടുത്തോട് ഏറ്റവും അടുപ്പമുണ്ടായിരുന്നത് ഈ നാലു പേർക്കാണ്. അവിടുത്തെ പ്രവാചകത്വത്തിന്റെ ആരംഭം മുതൽ നബി -ﷺ- യെ സഹായിച്ചവരാണവർ. അവിടുത്തേക്ക് ശേഷം ഇസ്‌ലാമിക രാജ്യത്തിന്റെ സാരഥ്യം വഹിച്ചവരും ഈ നാല് പേരാണ്.

ചുരുക്കത്തിൽ, നബി -ﷺ- ക്ക് തന്റെ അനുചരന്മാരിൽ നിന്ന് എടുത്തു പറയാവുന്ന നാലു പേരുണ്ടായിരുന്നു; അവരെല്ലാം അവിടുത്തെ പ്രബോധനത്തിൽ സഹായവുമായി നിലകൊണ്ടവരാണ്.

[70] കൽക്കിപുരാണം 2/5.

നബി -ﷺ- യുടെ മരണശേഷം ഇസ്‌ലാമിക ഭരണം കയ്യാളിയതും ഈ നാലു പേർ തന്നെ. താഴെ പറയുന്ന ക്രമത്തിലായിരുന്നു അവർ ഇസ്‌ലാമിക രാജ്യം ഭരിച്ചത്.

1- അബൂബക്ർ സിദ്ദീഖ്.

2- ഉമർ ബ്നുൽ ഖത്താബ്.

3- ഉഥ്മാനു ബ്നു അഫ്ഫാൻ.

4- അലിയ്യ് ഇബ്നു അബീത്വാലിബ്.

നാലാമത്തെ ഖലീഫയായ അലിയ്യു ബ്നു അബീ ത്വാലിബിന്റെ മരണത്തോടെ നബി -ﷺ- പ്രവചിച്ച സമ്പൂർണ്ണമായ ഖിലാഫത്തിന്റെ കാലം കഴിഞ്ഞു.

കൽക്കിയുടെ മറ്റൊരു വിശേഷണം അദ്ദേഹത്തെ തന്റെ യുദ്ധങ്ങളിൽ സഹായിക്കുന്നതിനായി ആകാശത്ത് നിന്ന് മലക്കുകൾ വന്നെത്തുമെന്നതാണ്. [71]

നബി -ﷺ- യുടെ കാലഘട്ടത്തിൽ നടന്ന യുദ്ധങ്ങളുടെ പ്രത്യേകതകളിൽ ഒന്നായിരുന്നു ഇക്കാര്യം. അവിടുത്തെ യുദ്ധങ്ങളിൽ മലക്കുകൾ സഹായവുമായി വന്നെത്തിയതിനെ കുറിച്ച് വിശുദ്ധ ഖുർആനിൽ തന്നെ പരാമർശമുണ്ട്. അല്ലാഹു പറയുന്നു: " നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക.) തുടരെത്തുടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നല്കുന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾക്ക് മറുപടി നൽകി." (അൻഫാൽ: 9)

'പരശുറാം' എന്ന് പേരുള്ള ഒരു വലിയ മലക്കിൽ നിന്ന് പഠിക്കുന്നതിനായി കൽക്കി ചെല്ലുമെന്നും, ശേഷം വടക്ക് ഭാഗത്തേക്ക് യാത്ര പോവുകയും, പിന്നീട് ദൈ

[71] കൽക്കിപുരാണം 2/7.

വത്തിങ്കലേക്ക് ഉയർത്തപ്പെടുന്നതിന് മുൻപ് തന്റെ നാട്ടിലേക്ക് തന്നെ തിരിച്ചെത്തുമെന്നും കൽക്കിപുരാണം പറയുന്നു. [72]

പരശുറാം എന്നത് ഹൈന്ദവ വിശ്വാസത്തിൽ ആദരിക്കപ്പെടുന്ന മാലാഖമാരിൽ ഒരാളാണ്. നിഷേധികൾക്ക് മേൽ ശിക്ഷയുമായി അദ്ദേഹമാണ് വന്നെത്തുക എന്ന് അവർ പറയുന്നു. മുസ്ലിംകൾ വിശ്വസിക്കുന്ന ജിബ്രീൽ എന്ന മലക്കിനോട് ഇദ്ദേഹത്തിന്റെ വിശേഷണങ്ങൾക്ക് സാദൃശ്യമുണ്ട്.

മുഹമ്മദ് നബി -ﷺ- യാകട്ടെ, ഹിറാ എന്ന മലയുടെ മുകളിൽ പോവുകയും, ജിബ്രീൽ എന്ന മലക്ക് അവിടുത്തെ അരികിൽ വന്നിറങ്ങുകയും, വർഷങ്ങൾക്ക് ശേഷം വടക്കു ഭാഗത്തുള്ള മദീനയിലേക്ക് പലായനം നടത്തുകയും, അവിടുന്ന് മരണപ്പെടുന്നതിന് കുറച്ചു വർഷങ്ങൾക്ക് മുൻപ് മക്കയിൽ തിരിച്ചെത്തുകയും ചെയ്തിട്ടുണ്ട്. [73]

ദൈവദൂതന്മാരിലെ അവസാനത്തെ കണ്ണിയാണ് കൽക്കി എന്നും ഹൈന്ദവ ഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നു.

മുഹമ്മദ് നബി -ﷺ- അന്തിമപ്രവാചകനാണെന്ന കാര്യവും ഇതു പോലെ അറിയപ്പെട്ട വിഷയമാണ്. "മുഹമ്മദ് നിങ്ങളുടെ പുരുഷന്മാരിൽ ഒരാളുടെയും പിതാവായിട്ടില്ല.പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും നബിമാരിൽ അന്തിമനുമാകുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു." (അഹ്സാബ്: 40)

ധാരാളമായി ദൈവത്തെ സ്തുതിച്ചു കൊണ്ടേയിരിക്കുന്നവനാണ് -നരാശൻസ്- അന്തിമ പ്രവാചകൻ എന്നും ഹൈന്ദവ ഗ്രന്ഥങ്ങൾ വിവരിക്കുന്നു.

---

[72] കൽക്കിപുരാണം 3/1-5.

[73] ഭഗവത് പുരാണം: 1/3/25.

നരാശൻസ് എന്നാൽ ധാരാളമായി സ്തുതിക്കുന്നവൻ എന്നാണർത്ഥം. അറബിയിൽ മുഹമ്മദ് എന്ന പേരിന്റെ അർത്ഥവും അതു തന്നെയാണ്. നബി -ﷺ- യുടെ മറ്റൊരു പേരായ അഹ്മദ് എന്ന വാക്കിന്റെ അർത്ഥവും ഇത് തന്നെ.

അന്തിമ പ്രവാചകന്റെ വാഹനം ഒട്ടകമായിരിക്കുമെന്നും, അദ്ദേഹത്തിന് പന്ത്രണ്ട് ഭാര്യമാർ ഉണ്ടായിരിക്കുമെന്നും, തന്റെ വാഹനപ്പുറത്ത് അദ്ദേഹം ആകാശം സ്പർശിക്കുകയും ശേഷം താഴേക്ക് ഇറങ്ങി വരുമെന്നും' നരാശൻസിന്റെ വിശേഷണമായി വേദങ്ങൾ പഠിപ്പിക്കുന്നു. [74]

ഈ വിശേഷണങ്ങൾ മുഹമ്മദ് നബി -ﷺ- യുടെ കാര്യത്തിലല്ലാതെ മറ്റൊരാളുടെ കാര്യത്തിലും സത്യമായി പുലർന്നിട്ടില്ല.

കാരണം നബി -ﷺ- യുടെ വാഹനം ഒട്ടകമായിരുന്നു. കാറുകളും വിമാനങ്ങളും വാഹനമായി ഉപയോഗിക്കപ്പെടുന്ന ഈ കാലഘട്ടത്തിന് മുൻപായിരിക്കും ഈ പ്രവാചകന്റെ ആഗമനം എന്ന സൂചനയും ഇതിലുണ്ട്. അതായത്, ഇനി വരാനുള്ള പ്രവാചകനെ കുറിച്ചല്ല ഈ പറയുന്നത് എന്നർത്ഥം. [75]

മറ്റൊരു സൂചനയും ഇതിലുണ്ട്; ഒട്ടകത്തെ ഭക്ഷിക്കുന്നത് നിഷിദ്ധമായി കാണുന്ന ബ്രാഹ്മണർക്ക് പുറത്തു നിന്നായിരിക്കും ഈ പ്രവാചകൻ വന്നെത്തുക എന്നതാണത്.

ഇനി പന്ത്രണ്ട് ഭാര്യമാരുടെ കാര്യം; അതും നബി -ﷺ- യുടെ ചരിത്രത്തിൽ അറിയപ്പെട്ട കാര്യങ്ങളിലൊന്നാണ്.

അദ്ദേഹം ആകാശത്തെ സ്പർശിച്ചു കൊണ്ട് തിരിച്ചു വരും എന്നത് നബി -ﷺ- യുടെ ഇസ്റാഅ് മിഅ്റാജിന്റെ സന്ദർഭത്തിൽ നടന്ന കാര്യമാണ്. നബി -ﷺ- രാത്രിയുടെ ഒരു ചെറിയ ഭാഗം കൊണ്ട് മക്കയിൽ നിന്ന് പലസ്തീൻ വരെ രാപ്രയാണം

[74] അഥർവവേദം: കാണ്ഡം: 20, സൂക്തം: 127, മന്ത്രം: 2.

[75] ദഅ്വതുൽ ഹിന്ദൂസ്: 215.

നടത്തുകയും (ഇസ്റാഅ്), ശേഷം ഏഴു ആകാശങ്ങൾക്ക് മുകളിലേക്ക് കയറിപ്പോവുകയും ചെയ്തു എന്ന് ഓരോ മുസ്‌ലിമും വിശ്വസിക്കുന്നുണ്ട്.

ഇതേ അദ്ധ്യായത്തിൽ തന്നെ നരാശൻസിനെ പുകഴ്ത്തി കൊണ്ട് ഇപ്രകാരവും കാണാം: 'ജനങ്ങളേ! നരാശൻസിനെ ആദരിക്കുക; സമാധാനം നിലനിർത്തുന്ന ആ അഭയാർത്ഥിയെ ഞാൻ സംരക്ഷിക്കുന്നതാണ്." [76]

നബി -ﷺ- യുടെ ജീവിതത്തിൽ നടന്ന പ്രധാന സംഭവങ്ങളിലൊന്നാണ് അവിടുന്ന് മക്കയിൽ നിന്ന് മദീനയിലേക്ക് നടത്തിയ പലായനം. സമാധാനവും ഏകദൈവാരാധനയും ജനങ്ങളിൽ പ്രചരിപ്പിക്കുക എന്നതായിരുന്നു ആ പലായനത്തിന്റെ ഉദ്ദേശം.

പ്രവാചകന്റെ യുദ്ധത്തെ കുറിച്ചും ശേഷമുള്ള മന്ത്രങ്ങളിൽ വിവരിക്കപ്പെടുന്നു: "പ്രകീർത്തനങ്ങൾ ചൊല്ലുന്നവരോടൊപ്പം അദ്ദേഹം യുദ്ധങ്ങൾക്ക് പുറപ്പെടും; ജനങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും ചെയ്യും." [77]

അല്ലാഹുവിന്റെ മാർഗത്തിൽ നബി -ﷺ- നടത്തിയ യുദ്ധങ്ങളോട് ഈ വാക്കുകൾക്ക് സമാനതയുണ്ട്.

ഇസ്‌ലാമിനെ കുറിച്ചും, ഇസ്‌ലാമിക പ്രവാചകനെ കുറിച്ചും, അദ്ദേഹത്തിന്റെ ജീവിതത്തെയും പ്രബോധനത്തെയും കുറിച്ചും പ്രവചിക്കുന്ന അനേകം വാക്കുകൾ ഹൈന്ദവ ഗ്രന്ഥങ്ങളിൽ വേറെയും കണ്ടെത്താം.

ഹിന്ദുക്കളിൽ ചിലർക്ക് ഈ പറഞ്ഞതിൽ ചില കാര്യങ്ങളിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടായേക്കാം. ഇവയൊന്നും മുഹമ്മദ് നബി -ﷺ- യുടെ ആഗമനത്തെ കുറിച്ച് വ്യക്തമായി പറയുന്നില്ല എന്നും ചിലർ പറഞ്ഞേക്കാം. എന്നാൽ സത്യം അന്വേഷിക്കുന്ന ഒരു ഹിന്ദുവിനെ ഇതൊന്നും അശ്രദ്ധനാക്കേണ്ടതില്ല. ഈ പറഞ്ഞ വ്യാക്യങ്ങളെല്ലാം മുഹമ്മദ് നബി -ﷺ- സത്യപ്രവാചകനാണെന്നതിനുള്ള അടിസ്ഥാന

[76] അഥർവവേദം: കാണ്ഡം: 20, സൂക്തം: 127, മന്ത്രം: 1.

[77] അഥർവവേദം: കാണ്ഡം: 20, സൂക്തം: 127, മന്ത്രം: 5.

തെളിവുകളായല്ല നാം വിവരിച്ചത്; മറിച്ച് ഇതെല്ലാം ചില സൂചനകൾ മാത്രമായേ നാം കാണുന്നുള്ളൂ.

അതു കൊണ്ടാണ് വേറെയും അനേകം പ്രവചനങ്ങളും വാക്യങ്ങളും ഈ ഗ്രന്ഥങ്ങളിൽ ഉണ്ടായിട്ടും അതെല്ലാം നാം ഇവിടെ വിവരിക്കാതെ വിട്ടത്. കാരണം ഇസ്‌ലാം സത്യമാണ് എന്നതിനുള്ള ഏറ്റവും വലിയ തെളിവ് ഇസ്‌ലാമിന്റെ സന്ദേശം തന്നെയാണ്. ഏകദൈവാരാധനയിലേക്കും ശുദ്ധപ്രകൃതിയിലേക്കുമുള്ള ഈ മതത്തിന്റെ ക്ഷണവും, മനുഷ്യരുടെ ആവശ്യങ്ങൾക്ക് ഉത്തരം നൽകാനും അവരുടെ ലക്ഷ്യവും പര്യവസാനവും നിർണ്ണയിക്കാനും മറ്റു മതങ്ങൾ നേരിടുന്ന പ്രതിസന്ധിയും ഇക്കാര്യം സംശയമില്ലാതെ ബോധ്യപ്പെടുത്തുന്നു.

ഇന്ന് ഭൂമിയിൽ വ്യക്തമായ വിഗ്രഹപൂജയോ , ദൈവനിഷേധമോ, ബഹുദൈവാരാധനയുടെ കലർപ്പ് ബാധിച്ച ആദർശങ്ങളോ അല്ലാതെയില്ല; യഥാർത്ഥ ഏകദൈവാരാധനയും ശുദ്ധമായ വിശ്വാസവും ഇസ്‌ലാമല്ലാതെ മറ്റൊരു മതവും പഠിപ്പിക്കുന്നില്ല.

"(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു സർവ്വരുടെയും ആശ്രയമായ, എന്നാൽ സ്വയം നിരാശ്രയനായ (സ്വമദ്) ആകുന്നു. അവൻ (ആർക്കും) ജന്മം നല്കിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും." (സൂറതുൽ ഇഖ്ലാസ്)

## 8- എന്താണ് ഇസ്‌ലാം?

ഇസ്‌ലാമെന്നാൽ അല്ലാഹുവിന് പരിപൂർണ്ണമായി സമർപ്പിക്കുകയും, അവന് കീഴൊതുങ്ങുകയും ചെയ്യലാണ്.

അല്ലാഹു പറയുന്നു: "സദ്'വൃത്തനായി കൊണ്ട് അല്ലാഹുവിന് സ്വന്തത്തെ സമർപ്പിക്കുകയും, ഇബ്രാഹീമിന്റെ മാർഗത്തെ പിന്തുടരുകയും ചെയ്തവനേക്കാൾ ഉത്തമമായി (ഇസ്‌ലാം) മതം നിലനിർത്തുന്ന മറ്റാരുണ്ട്? അല്ലാഹു ഇബ്രാഹീമിനെ അവന്റെ സുഹൃത്തായി സ്വീകരിച്ചിരിക്കുന്നു." (നിസാഅ്: 125)

## ഹൈന്ദവ; ഒരു പഠനം

അല്ലാഹുവിന് സ്വന്തത്തെ സമർപ്പിച്ചു എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിന് പരിപൂർണ്ണമായി തന്നെ കീഴൊതുക്കിയിരിക്കുന്നു എന്നാണ്. അങ്ങനെ ചെയ്തവനാണ് ജനങ്ങളിൽ ഏറ്റവും നല്ലവൻ.

അല്ലാഹു പറയുന്നു: "നിങ്ങളുടെ ആരാധ്യൻ ഏകആരാധ്യനാകുന്നു; അവന് നിങ്ങൾ സമർപ്പിക്കുക (മുസ്ലിമാവുക). വിനയമുള്ളവർക്ക് നീ സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക." (ഹജ്ജ്: 34)

അവന് സമർപ്പിക്കുക എന്നതിന്റെ അർത്ഥം അവന്റെ വിധിവിലക്കുകൾക്ക് കീഴൊതുങ്ങുക എന്നതാണ്.

അല്ലാഹുവിന് പരിപൂർണ്ണമായി സമർപ്പിക്കലും അവന് കീഴൊതുങ്ങലും, അവന്റെ വിധിവിലക്കുകൾ പ്രാവർത്തികമാക്കലും, അവന്റെ മാർഗം തൃപ്തിയോടെയും ഇഷ്ടത്തോടെയും സ്വീകരിക്കലുമാണ് ഇസ്ലാം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് ഖുർആനിലെ ഈ വചനങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. ഇസ്ലാമിന്റെ യാഥാർത്ഥ്യവും അന്തസത്തയും ഈ പറഞ്ഞതാണ്.

അല്ലാഹുവിന്റെ വിധിനിർണ്ണയങ്ങൾക്കും അവന്റെ മതവിധികൾക്കും കീഴൊതുങ്ങലാണ് ഇസ്ലാം എന്ന് ചുരുക്കം.

സർവ്വ മനുഷ്യർക്കുമുള്ള അല്ലാഹുവിന്റെ മതമാണ് ഇസ്ലാം. അല്ലാഹു പറയുന്നു: "തീർച്ചയായും അല്ലാഹുവിങ്കൽ മതമെന്നാൽ ഇസ്ലാം മാത്രമാകുന്നു." (ആലു ഇംറാൻ: 19) ഇസ്ലാമല്ലാത്ത മറ്റൊരു മതവും അല്ലാഹു ഒരാളിൽ നിന്നും സ്വീകരിക്കുന്നതല്ല. "ഇസ്ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും." (ആലു ഇംറാൻ: 85)

അല്ലാഹു തന്റെ ദൂതന്മാരെയും പ്രവാചകന്മാരെയുമെല്ലാം നിയോഗിച്ചത് ഇസ്ലാം എന്ന ആദർശവുമായി കൊണ്ടാണ്. അതിനാൽ സർവ്വ ദൈവദൂതന്മാരുടെയും മതം ഒന്ന് തന്നെ. എല്ലാ നബിമാരും ഏകദൈവാരാധനയാണ് പഠിപ്പിച്ചത്; അവരുടെ ആരാധനാരീതികളിൽ മാത്രമേ വ്യത്യാസങ്ങൾ ഉണ്ടായിട്ടുള്ളൂ.

അല്ലാഹു പറയുന്നു: "ഞാനല്ലാതെ (ആരാധനക്ക് അർഹനായി) ഒരു ആരാധ്യനുമില്ല; അതിനാൽ എന്നെ മാത്രം നിങ്ങൾ ആരാധിക്കൂ' എന്ന സന്ദേശം നല്കിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു റസൂലിനെയും നാം അയച്ചിട്ടില്ല." (അമ്പിയാഅ്: 22)

ഈ ഏകദൈവാരാധന ഇന്ന് ഇസ്‌ലാമിലല്ലാതെ നിലനിൽക്കുന്നില്ല. ഇന്ന് ഭൂമിയിൽ നിലനിൽക്കുന്ന ശുദ്ധ ഏകദൈവാരാധനയുടെ മതം ഇസ്‌ലാം മാത്രമാണ്.

എന്നാൽ മറ്റു മതവിഭാഗങ്ങൾ ഏതിലാണെങ്കിലും അവയിൽ കൂടിയോ കുറഞ്ഞോ ശിർകിന്റെ -ബഹുദൈവാരാധനയുടെ- അംശങ്ങൾ കണ്ടെത്താൻ കഴിയും. നബിമാരുടെ മരണത്തിന് ശേഷം ജനങ്ങൾ അവർ പഠിപ്പിച്ച തൗഹീദ് ഉപേക്ഷിക്കുകയും, കാലം കടന്നു പോകുന്നതിന് അനുസരിച്ച് ശിർകിനെ പുണരുകയും ചെയ്തു.

അതിനാൽ ഒരു ഹിന്ദുവിനെ ഇസ്‌ലാമിലേക്ക് ആകർഷിക്കുന്ന ആദ്യത്തെ തെളിവ് ഈ മതം -ഇസ്‌ലാം- പഠിപ്പിക്കുന്ന ശുദ്ധമായ തൗഹീദിന്റെ സന്ദേശം തന്നെയാണ്.

## 19- മനുഷ്യരുടെ ചിന്തയെ പരിഭ്രാന്തമാക്കിയ അനേകം ചോദ്യങ്ങളുണ്ട്; നാം എവിടെ നിന്ന് വന്നു? എന്തിനാണ് ഈ പ്രപഞ്ചത്തിൽ നാം വന്നെത്തിയത്? എവിടേക്കാണ് നമ്മുടെ ഈ യാത്ര നീങ്ങിക്കൊണ്ടിരിക്കുന്നത്? ഈ ചോദ്യങ്ങൾക്ക് ഇസ്‌ലാമിൽ ഉത്തരമുണ്ടോ?!

അതെ! ഈ ചോദ്യങ്ങൾക്കെല്ലാം വിശുദ്ധ ഖുർആനിലെ ഒരൊറ്റ ആയത്തിലൂടെ അല്ലാഹു മറുപടി നൽകിയിരിക്കുന്നു. അല്ലാഹു പറയുന്നു: "ഏതൊരുവൻ എന്നെ സൃഷ്ടിച്ചുവോ, ഏതൊരുവന്റെ അടുത്തേക്ക് നിങ്ങൾ മടക്കപ്പെടുന്നുവോ അവനെ ഞാൻ ആരാധിക്കാതിരിക്കാൻ എനിക്കെന്തു ന്യായം?" (യാസീൻ: 22)

എവിടെ നിന്നാണ് ഞാൻ വന്നത് എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് 'ഏതൊരുവൻ എന്നെ സൃഷ്ടിച്ചുവോ' എന്ന വാക്കുകളിലുള്ളത്.

ഞാൻ എവിടേക്കാണ് സഞ്ചരിച്ചു കൊണ്ടിരിക്കുന്നത് എന്നതിനുള്ള ഉത്തര മാണ് 'ഏതൊരുവന്റെ അടുത്തേക്ക് നിങ്ങൾ മടക്കപ്പെടുന്നുവോ' എന്ന വാക്കുക ളിലുള്ളത്.

എന്തിനാണ് ഈ പ്രപഞ്ചത്തിൽ ഞാൻ വന്നെത്തിയിരിക്കുന്നത് എന്നതിനു ള്ള ഉത്തരം അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനും അവന്റെ പരീക്ഷണത്തി ൽ വിജയിക്കുന്നതിനും വേണ്ടി എന്നതാണ്.

എന്തിനാണ് ഞാൻ അല്ലാഹുവിനെ ആരാധിക്കുന്നത്? എന്ന ചോദ്യം ചിലർ ക്കുണ്ടായേക്കാം. ഉത്തരം; എന്നെ സൃഷ്ടിച്ചവനെ ആരാധിക്കുക എന്നത് തീർ ത്തും ന്യായമാണെന്നതാണ്. അടിമയും ഉടമസ്ഥനും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവം തന്നെ അതാണ്. അവൻ തന്റെ സ്രഷ്ടാവിനെ ആരാധിക്കേണ്ടവനാണ്. അല്ലാഹു പറഞ്ഞതു പോലെ: "അവനെ ഞാൻ ആരാധിക്കാതിരിക്കാൻ എനി ക്കെന്തു ന്യായം?"

മനുഷ്യരുടെ ചിന്തകളെ പരിഭ്രാന്തമാക്കിയ മൂന്ന് ചോദ്യങ്ങൾക്കുള്ള ഉത്തരം ഒ രൊറ്റ ആയത്തിൽ ഇതാ പരാമർശിക്കപ്പെട്ടിരിക്കുന്നു. "ഏതൊരുവൻ എന്നെ സൃ ഷ്ടിച്ചുവോ, ഏതൊരുവന്റെ അടുത്തേക്ക് നിങ്ങൾ മടക്കപ്പെടുന്നുവോ അവനെ ഞാൻ ആരാധിക്കാതിരിക്കാൻ എനിക്കെന്തു ന്യായം?" (യാസീൻ: 22)

## 20- മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ ദൂതനാണെന്ന് നിനക്ക് എങ്ങനെയാണ് ബോധ്യപ്പെട്ടത്?

ഉത്തരം: മനുഷ്യർക്ക് സാധ്യമല്ലാത്ത അനേകം അത്ഭുതപ്രവർത്തികൾ നബി -ﷺ- കാണിച്ചതായി ഞാൻ അറിയുന്നു; ഇത് മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ ദൂ തനാണെന്ന കാര്യം നിഷേധിക്കാൻ സാധ്യമല്ലാത്ത രൂപത്തിൽ എന്നിൽ ദൃഢമാ യി ഉറപ്പിക്കുന്നു.

അരിസ്റ്റോട്ടിൽ ഫിലോസഫറാണെന്ന് നീ പറയുന്നത് അദ്ദേഹത്തിന്റെ ഏതെ ങ്കിലുമൊരു വാക്ക് കൊണ്ടല്ല; മറിച്ച് അദ്ദേഹം പറഞ്ഞ അനേകം വാക്കുകളുടെ യും തത്വശാസ്ത്രപരമായ പരിഹാരങ്ങളുടെയും അടിസ്ഥാനത്തിലാണ്.

## ഹൈന്ദവ; ഒരു പഠനം

ഹിപ്പോക്രേറ്റ്സ് വൈദ്യനാകുന്നത് ഏതെങ്കിലുമൊരു ചികിത്സ നടത്തിയതിന്റെ പേരിലല്ല; മറിച്ച് അദ്ദേഹത്തിന്റെ അനേകം വൈദ്യശാസ്ത്ര സംഭാവനകൾ കൊണ്ടാണ്.

ഇതു പോലെ നബി -ﷺ- യിൽ നിന്ന് സ്ഥിരപ്പെട്ട അനേകം അത്ഭുതസംഭവങ്ങൾ അവിടുന്ന് അല്ലാഹുവിൽ നിന്നുള്ള ദൂതനാണെന്ന് സംശയലേശമെന്യേ ബോധ്യപ്പെടുത്തുന്നുണ്ട്.

നബി -ﷺ- യുടെ ചരിത്രം നീ പരിശോധിക്കുക! അവിടുന്ന് സത്യസന്ധനായിരുന്നു. അല്ല! അവിടുത്തെ സത്യസന്ധത ജനങ്ങൾക്കിടയിൽ പ്രസിദ്ധമായിരുന്നു. അവിടുത്തോട് ശത്രുതയുള്ളവർ പോലും അക്കാര്യം അംഗീകരിച്ചിരുന്നു. അവിടുന്ന് ഒരു കളവ് പറഞ്ഞെന്നോ എന്തെങ്കിലും വൃത്തികേടുകൾ പ്രവർത്തിച്ചെന്നോ ഒരാൾ പോലും ആരോപണം ഉന്നയിച്ചില്ല.

ചിലപ്പോൾ ഭാവിയിൽ നടക്കാനിരിക്കുന്ന കാര്യങ്ങളെ കുറിച്ച് അവിടുന്ന് പ്രവചിക്കുമായിരുന്നു; അത് അപ്രകാരം തന്നെ സംഭവിക്കുകയും ചെയ്യും. അവിടുത്തെ പ്രബോധനത്തിന്റെ ആരംഭം മുതൽ അവിടുന്ന് ക്ഷണിച്ച ആദർശം മുൻകഴിഞ്ഞ പ്രവാചകന്മാരുടെ ആദർശത്തിന് യോജിച്ചതായിരുന്നു. മുൻപ് വന്ന പ്രവാചകന്മാർ അവിടുത്തെ കുറിച്ച് തങ്ങളുടെ സമൂഹത്തിന് നൽകിയ സന്തോഷവാർത്തകൾ വേറെയും.

നബി -ﷺ- വന്നെത്തിയതിന് നൂറുകണക്കിന് വർഷങ്ങൾ മുൻപ് ഹൈന്ദവ ഗ്രന്ഥങ്ങളിൽ വരെ അത്തരം പരാമർശങ്ങളുണ്ടെന്ന് നീ വായിച്ചു. ഇതെല്ലാം മുഹമ്മദ് നബി -ﷺ- യുടെ സന്ദേശം സത്യസന്ധമാണെന്ന് വ്യക്തമായ ബോധ്യവും നിഷേധിക്കാൻ കഴിയാത്ത ദൃഢതയും നൽകുന്നു.

ഇതെല്ലാം അവിടെ നിൽക്കട്ടെ; ഏറ്റവും വലിയ ദൃഷ്ടാന്തമായ ഖുർആനിനെ കുറിച്ച് ചിന്തിച്ചു നോക്കൂ!

സർവ്വ മനുഷ്യരെയും ആ ഗ്രന്ഥം വെല്ലുവിളിക്കുന്നു. ഖുർആൻ എന്ന ഗ്രന്ഥത്തിന് സമാനമായതോ, അതിലെ ഏതെങ്കിലും ഒരു അദ്ധ്യായത്തിന് സമാനമായ

തോ കൊണ്ടുവരാനുള്ള ആ വെല്ലുവിളി ഇന്നും നിലനിൽക്കുന്നു; എന്നാൽ ആർക്കും ആ വെല്ലുവിളിയെ നേരിടുക സാധിച്ചിട്ടില്ല.

"അതല്ല, അദ്ദേഹം അത് കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്? പറയുക: എന്നാൽ ഇതുപേലെയുള്ള പത്ത് അദ്ധ്യായങ്ങൾ ചമച്ചുണ്ടാക്കിയത് നിങ്ങൾ കൊണ്ട് വരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം നിങ്ങൾ വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ." (യൂസുഫ്: 38)

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: "നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെ (വിശുദ്ധ ഖുർആനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിൻ്റേത് പോലുള്ള ഒരു അദ്ധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളേയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ. നിങ്ങൾക്കത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയുമില്ല. മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചു കൊള്ളുക. (അല്ലാഹുവിനെയും അവന്റെ ദൂതനെയും) നിഷേധിച്ചവർക്ക് വേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്." (ബഖറ: 23-24)

അല്ലാഹുവിന്റെ ഈ വചനം നീ പ്രത്യേകം ശ്രദ്ധിക്കുക. "നിങ്ങൾക്കത് (ഖുർആൻ പോലൊന്ന് കൊണ്ടുവരിക എന്നത്) ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ; നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയുമില്ല." (ബഖറ: 24)

അവർ ഇന്നു വരെയും ഈ വെല്ലുവിളി ഏറ്റെടുത്തില്ല; അവർക്കതിന് സാധിച്ചതുമില്ല.

ബഹുദൈവാരാധകരിലെ സാഹിത്യകാരന്മാരെയും ഭാഷാനൈപുണ്യമുള്ളവരെയും ഖുർആൻ ഇന്നും വെല്ലുവിളിച്ചു കൊണ്ടേയിരിക്കുന്നു. എന്നാൽ ആർക്കും അതിനെ നേരിടാൻ കഴിയുന്നില്ല. അവരെല്ലാം ഇതിന് തുല്ല്യമായത് കൊണ്ടുവരാൻ സാധിക്കാതെ മുട്ടുമടക്കിയിരിക്കുന്നു.

അബ്ദുല്ല ദറാസ് (റഹി) പറയുന്നു: "ഖുറൈശികളുടെ ഭാഷാപരമായ അഹങ്കാരവും അഭിമാനവും ഇളക്കി വിടാൻ ഈ വെല്ലുവിളി കാരണമായേക്കും എന്ന് നബി -ﷺ- ഭയപ്പെടുമായിരുന്നില്ലേ?!

വിശുദ്ധ ഖുർആനിന്റെ സാഹിത്യഭംഗിയോട് മത്സരിക്കാൻ അവരെല്ലാം കരുതലോടെ ശ്രമിക്കുമായിരുന്നില്ലേ?! ഒന്നുമില്ലെങ്കിലും അവരുടെ കൂട്ടത്തിൽ നിന്ന് ഒരു സംഘം ഒത്തുചേരുകയും, ഖുർആനിനെ മറികടക്കുന്ന എന്തെങ്കിലും കൊണ്ടുവരാൻ -ഏതെങ്കിലും ചില മേഖലകളിലെങ്കിലും- അതിനെ മറികടക്കാൻ അവർ ശ്രമിക്കുമെന്ന ഭയമെങ്കിലും അവിടുത്തേക്ക് ഉണ്ടാകുമായിരുന്നില്ലേ?!

തന്റെ കാലഘട്ടത്തിൽ ജീവിക്കുന്നവർക്കെതിരെ വെല്ലുവിളിക്കുന്നത് മനസ്സിലാക്കാം; തനിക്ക് ശേഷം വരാനിരിക്കുന്ന അനേകം തലമുറകൾക്കെതിരെ എങ്ങനെ ഈ വെല്ലുവിളി നടത്തും?!

തന്റെ കഴിവിനെ കുറിച്ച് ബോധ്യമുള്ള ഒരു മനുഷ്യനും ഇത്തരമൊരു ഭാഗ്യപരീക്ഷണത്തിന് മുതിരുകയില്ല. പ്രപഞ്ചത്തിന്റെ നിയന്ത്രണവും, ആകാശലോകത്തിന്റെ വിവരങ്ങളും കൈപ്പിടിയിലുള്ള ഒരാൾക്ക് മാത്രമേ ഇത്തരമൊരു വെല്ലുവിളിക്ക് സാധിക്കുകയുള്ളൂ?!

ഇപ്രകാരം ലോകത്തിന് മുൻപിലേക്ക് തന്റെ വെല്ലുവിളി മുന്നോട്ടു വെക്കാൻ അവന് മാത്രമേ സാധിക്കുകയുള്ളൂ; അവന്റെ തീരുമാനം അവസാനതീരുമാനമാണ്. ഈ വെല്ലുവിളിക്ക് എതിരു നിൽക്കാൻ ശ്രമിച്ചവരെല്ലാം വ്യക്തമായ പരാജയം രുചിച്ചു. കാലങ്ങളെത്ര മുന്നോട്ടു നീങ്ങിയപ്പോഴും അവരുടെ പരാജയത്തിൽ മാത്രം മാറ്റമുണ്ടായില്ല. [78]

വിശുദ്ധ ഖുർആനിന്റെ വെല്ലുവിളിയെ നേരിടുന്നതിനേക്കാൾ നല്ലത് നബി -ﷺ-ക്കെതിരെ സൈന്യത്തെ സംഘടിപ്പിക്കുകയും, വ്യത്യസ്ത സേനകളെ സംഘടിപ്പിക്കുന്നതുമാണ് എന്നവർ തിരിച്ചറിഞ്ഞു! അവർക്ക് ആകെ സാധിച്ചത് അത്ര മാത്രമായിരുന്നു. "(അല്ലാഹുവിനെയും അവന്റെ ദൂതനെയും) നിഷേധിച്ചവർ പറഞ്ഞു:

---

[78] അന്നബഉൽ അദ്വീം: 44-45.

നിങ്ങൾ ഈ ഖുർആൻ ശ്രദ്ധിച്ചു കേൾക്കരുത്. അത് പാരായണം ചെയ്യുമ്പോൾ നിങ്ങൾ ബഹളമുണ്ടാക്കുക. നിങ്ങൾക്ക് അതിനെ അതിജയിക്കാൻ കഴിഞ്ഞേക്കാം." (ഫുസ്സ്വിലത്: 26)

വിശുദ്ധ ഖുർആനിന്റെ ഈ വെല്ലുവിളിക്ക് മറുപടിയായി അറബികളോ അല്ലാത്തവരോ അർത്ഥമുള്ള യാതൊന്നും കൊണ്ടുവന്നില്ല; നിരീശ്വരവാദികൾക്ക് തൃപ്തി നൽകുന്നതോ മറ്റുള്ളവർക്ക് ആശ്വാസം നൽകുന്നതോ ആയ യാതൊന്നും കൊണ്ടുവരാൻ ആർക്കും കഴിഞ്ഞിട്ടില്ല.

മുസ്‌ലിം പണ്ഡിതനായ അലൂസി (റഹി) പറയുന്നു: "ഈ ദിവസം വരെ ഇസ്‌ലാമിന്റെ ശത്രുക്കളിലൊരാൾ പോലും ഈ വെല്ലുവിളിയെ നേരിടാൻ ഒരക്ഷരം പോലും ഉരിയാടിയിട്ടില്ല. (ഖുർആനിന് സമാനമായി) അവരിലൊരാൾ പോലും ഒരു വസ്തുവിനെ കുറിച്ചോ എന്തെങ്കിലുമൊരു വിശേഷണത്തെ കുറിച്ചോ ഒരു വാക്ക് മിണ്ടിയിട്ടുമില്ല."

ജുബൈർ ബ്നു മുത്ഇം എന്ന സ്വഹാബി അദ്ദേഹം മുസ്‌ലിമാകുന്നതിന് മുൻപുള്ള ചരിത്രം വിവരിച്ചു കൊണ്ട് പറയുന്നത് നോക്കൂ: "ഞാൻ നബി -ﷺ- മഗ്'രിബ് നമസ്കാരത്തിൽ സൂറതുത്ത്വൂർ പാരായണം ചെയ്യുന്നത് കേട്ടിട്ടുണ്ട്. അവിടുന്ന് അവസാനം ഈ ആയത്തുകൾ പാരായണം ചെയ്തു: "അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ? അതല്ല, അവരാണോ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നത്? അല്ല, അവർ ദൃഢമായി വിശ്വസിക്കുന്നില്ല. അതല്ല, അവരുടെ പക്കലാണോ നിന്റെ രക്ഷിതാവിന്റെ ഖജനാവുകൾ! അതല്ല, അവരാണോ അധികാരം നടത്തുന്നവർ?" (ത്വൂർ: 35-37)

അദ്ദേഹം പറയുന്നു: "ഇത് കേട്ടപ്പോൾ എന്റെ ഹൃദയം എന്നിൽ നിന്ന് പറന്നു പോകുമാറായി." [79]

[79] ബുഖാരി: 4854.

## ഹൈന്ദവ; ഒരു പഠനം

വിശുദ്ധ ഖുർആനിൽ മനുഷ്യ മനസ്സുകളിലേക്ക് ചെന്നെത്തുന്ന അനേകം അത്ഭുതകരമായ രഹസ്യങ്ങളുണ്ട്.

ബഹുദൈവാരാധകരുടെ സ്ത്രീകൾ അബൂബക്ര് സിദ്ദീഖിന്റെ വീടിനരികിൽ കൂടിനിൽക്കാറുണ്ടായിരുന്നു എന്ന് ചരിത്രത്തിൽ കാണാം; അബൂബക്റിന്റെ ഖുർആൻ പാരായണം കേൾക്കുന്നതിന് വേണ്ടിയായിരുന്നു അത്. വിശുദ്ധ ഖുർആൻ അവരെ അത്ര മേൽ ആകർഷിക്കുകയും, അവർ അതിന്റെ ഭംഗിയിൽ സ്വാധീനിക്കപ്പെടുകയും ചെയ്തു. ഖുറൈശികളിലെ പുരുഷന്മാർ ഈ കാഴ്ച കണ്ട് പരിഭ്രാന്തരായി എന്നാണ് ചരിത്രം! [80]

അറേബ്യയിൽ അക്കാലം വന്നെത്താറുണ്ടായിരുന്ന യാത്രാസംഘങ്ങൾ ഖുർആൻ തങ്ങൾ സ്വയം കേൾക്കില്ലെന്നും, തങ്ങളുടെ കുടുംബാംഗങ്ങളെ കേൾപ്പിക്കില്ലെന്നും തീരുമാനമെടുത്തു കൊണ്ടായിരുന്നു യാത്ര തിരിച്ചിരുന്നത്. കാരണം തങ്ങളുടെ നിഷേധത്തിൽ തുടരാൻ ഖുർആൻ കേൾക്കാതിരിക്കുക എന്നതല്ലാതെ മറ്റൊരു വഴിയില്ലെന്ന് അവർക്ക് ബോധ്യമുണ്ടായിരുന്നു.

വിശുദ്ധ ഖുർആനിന്റെ വിസ്മയങ്ങൾ ഒരിക്കലും അവസാനിക്കുന്നതല്ല. ഡോ. അബ്ദുല്ലാഹ് ദറാസ് (റഹി) പറഞ്ഞ ഒന്ന് അതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിശുദ്ധ ഖുർആനിലെ ആയത്തുകൾ വ്യത്യസ്ത സന്ദർഭങ്ങളിലാണ് അവതരിച്ചത്. ഓരോ സന്ദർഭത്തിലും അവതരിക്കുന്ന ആയത്തുകൾ വിശുദ്ധ ഖുർആനിലെ ഏതു അദ്ധ്യായത്തിൽ എത്രാമത്തെ വചനമായി രേഖപ്പെടുത്തണമെന്ന് അവിടുന്ന് അവർക്ക് പറഞ്ഞു കൊടുക്കുകയായിരുന്നു ചെയ്തിരുന്നത്. എന്നാൽ അവസാനമെത്തുമ്പോൾ ഓരോ അദ്ധ്യായവും വേറിട്ട ഒരു അദ്ധ്യായത്തിന്റെ എല്ലാ മനോഹാരിതയോടും കൂടെ നിലകൊള്ളുമായിരുന്നു.

അദ്ദേഹം പറയുന്നു: "വിശുദ്ധ ഖുർആനിന്റെ അവതരണകാലഘട്ടത്തിൽ ഖുർആനിലെ ചില ഭാഗങ്ങളിൽ മാത്രമായി ആയത്തുകൾ വർദ്ധിച്ചു കൊണ്ടിരിക്കുമായിരുന്നു. ഇങ്ങനെ ക്രമേണക്രമേണയായി ഓരോ ഭാഗങ്ങളിലേക്കും ആയത്തുകൾ

---

[80] ബുഖാരി: 3905.

ചേർത്തു വെക്കപ്പെടും. ചിലത് ഒരിടത്ത് ചേർത്തു വെക്കപ്പെടും; മറ്റു ചിലത് വേറെ ചില ആയത്തുകൾക്കിടയിൽ പ്രവേശിക്കും. ഇതെല്ലാം ജിബ്രീൽ നൽകുന്ന നിർദേശങ്ങൾക്ക് അനുസരിച്ച് നബി -ﷺ- തൻ്റെ അനുചരന്മാരെ പഠിപ്പിക്കുമായിരുന്നു.

വിശുദ്ധ ഖുർആനിൻ്റെ അവതരണ ചരിത്രം നാം പരിഗണിക്കുകയും, ഈ സന്ദേശം വ്യത്യസ്ത സാഹചര്യങ്ങളും സംഭവങ്ങളുമായി ബന്ധപ്പെട്ടായിരുന്നു അവതരിച്ചിരുന്നത് എന്ന കാര്യം നാം മനസ്സിലാക്കുകയും ചെയ്താൽ ഖുർആനിൻ്റെ ഈ അവതരണം -ഓരോ അദ്ധ്യായങ്ങളും വേറിട്ടു നിലകൊള്ളുന്ന വിധം- പൂർത്തീകരിക്കപ്പെട്ട സമയത്തെ കുറിച്ച് നാം ചോദിച്ചു പോകുന്ന ഒരു കാര്യമുണ്ട്.

അതായത്, വിശുദ്ധ ഖുർആൻ അതിലെ വചനങ്ങൾ കൃത്യമായി എണ്ണിത്തിട്ടപ്പെടുത്തിയ നിലയിൽ അതിൻ്റെ അവതരണത്തിന് മുൻപ് തന്നെ നിലകൊണ്ടിരുന്നു; എന്നാൽ നബി -ﷺ- ക്ക് ഖുർആൻ അവതരിക്കപ്പെട്ടപ്പോൾ ഈ പ്രാഥമിക രൂപത്തിലേക്ക് വീണ്ടും അതിലെ ഓരോ ആയത്തുകളും തിരിച്ചു വെക്കപ്പെട്ടത് പോലെയാണ് ഖുർആനിൻ്റെ അവതരണരീതി നമുക്ക് അനുഭവപ്പെടുന്നത്. അതല്ലെങ്കിൽ, എങ്ങനെയാണ് വിശുദ്ധ ഖുർആനിൻ്റെ ഈ സജീവമായ അവതരണക്രമത്തെയും അവതരണരീതിയെയും നമുക്ക് വിശദീകരിക്കാൻ കഴിയുക?! ഖുർആനാകട്ടെ, ധാരാളം അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്ന ബൃഹത്തായ ഒരു ഗ്രന്ഥവുമാണ്.

എന്നാൽ ഭാവിയിൽ നടക്കാനിരിക്കുന്ന ഓരോ കാര്യങ്ങളെ കുറിച്ചും കൃത്യമായ ഒരു പ്ലാൻ രൂപീകരിക്കാൻ എങ്ങനെയാണ് ഒരു മനുഷ്യന് കഴിയുക?! എങ്ങനെയാണ് ഇന്നയിന്ന വിധിവിലക്കുകൾ ഭാവിയിൽ ആവശ്യമായി വരുമെന്ന് ഒരാൾ മുൻകൂട്ടി തീരുമാനിക്കുക?! എങ്ങനെയാണ് ഈ വിഷയത്തിലെല്ലാം വ്യക്തമായ പരിഹാരം മുൻപേ രേഖപ്പെടുത്തുക?! ഇതിനെല്ലാം പുറമെ, ഈ വിഷയങ്ങൾ ഭാവിയിൽ സംസാരിക്കുമ്പോൾ ഖുർആനിലെ ഓരോ അദ്ധ്യായത്തിനും അനുയോജ്യമായ ഭാഷാരീതിയും പ്രയോഗവും എങ്ങനെ മുൻപ് തന്നെ തീരുമാനിക്കും?!

ഇതെല്ലാം കാണുന്ന ബുദ്ധിയുള്ള ഏതൊരാളും വിശുദ്ധ ഖുർആനിൻ്റെ ഈ ക്രമം മഹോന്നതനായ ഒരു സ്രഷ്ടാവിൻ്റെ പക്കൽ നിന്നുള്ളതാണെന്ന് മനസ്സിലാക്കേണ്ട

തല്ലേ?! ഈ രൂപത്തിൽ കൃതമായ ഒരു ക്രമം നിശ്ചയിക്കാൻ അവനല്ലാതെ മറ്റാർക്കാണ് സാധിക്കുക?! [81]

മുഹമ്മദ് നബി -ﷺ- യുടെ പ്രവാചകത്വം ബോധ്യപ്പെടുത്തുന്ന വേറിട്ട ഒരു തെളിവ് തന്നെയാണ് വിശുദ്ധ ഖുർആൻ.

ഇതിനെല്ലാം പുറമെ, നബി -ﷺ- യുടെ കയ്യിലൂടെ വെളിപ്പെട്ട ആയിരത്തിലധികം വരുന്ന അത്ഭുതസംഭവങ്ങൾ അനേകമുണ്ട്. ഇവയെല്ലാം ഈ അടുത്ത കാലത്ത് മാത്രം സംഭവിച്ചതാണെന്നതിന് പുറമെ, വിശ്വസ്തരും സത്യസന്ധരുമായ അനേകരിലൂടെയാണ് ഈ സംഭവങ്ങളെല്ലാം ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്.

നബി -ﷺ- യുടെ ജീവിതത്തിലെ അത്ഭുതകരമായ ഈ സംഭവങ്ങൾ നിവേദനം ചെയ്തവർ വളരെ ലളിതവും സൂക്ഷ്മവുമായ വിഷയങ്ങളിൽ വരെ കളവു പറയാൻ പാടില്ലെന്ന് വിശ്വസിച്ച ധർമ്മനിഷ്ഠരായിരുന്നു. അവരെങ്ങനെയാണ് മുഹമ്മദ് നബി -ﷺ- യുടെ മേൽ കളവുകൾ കെട്ടിച്ചമക്കുക?! മുഹമ്മദ് നബി -ﷺ- യുടെ മേൽ കളവു കെട്ടിച്ചമക്കുന്നവർ നരകത്തിൽ തന്റെ ഇരിപ്പിടം ഉറപ്പിച്ചു കൊള്ളട്ടെ എന്ന് വിശ്വസിച്ചിരുന്നവരാണ് അവരെല്ലാവരും.

നബി -ﷺ- യുടെ അത്ഭുതസംഭവങ്ങളിൽ ചിലത് ആയിരക്കണക്കിന് വരുന്ന സ്വഹാബികൾ നേരിൽ കണ്ടിട്ടുണ്ട്. മറ്റു ചിലത് പത്തും നൂറും വരുന്നവർ കണ്ടിട്ടുണ്ട്. ഇവരെല്ലാം ഒരു പോലെ കളവു പറയുക എന്നത് എങ്ങനെയാണ് ചിന്തനീയമാവുക?!

അനേകം ജനങ്ങൾ സാക്ഷിയായ, നബി -ﷺ- യുടെ അത്ഭുത സംഭവങ്ങളിൽ പെട്ടതാണ്: ഒരു മരത്തടി തേങ്ങിക്കരഞ്ഞ സംഭവം. നിഷേധിക്കാൻ സാധ്യമല്ലാത്ത വിധം അനേകം നിവേദകർ ഉദ്ധരിച്ച സംഭവമാണത്. നബി -ﷺ- ഒരു മരത്തടിയുടെ മേലെയാണ് തന്റെ പ്രഭാഷണങ്ങൾ നിർവ്വഹിച്ചിരുന്നത്. എന്നാൽ അവിടുത്തേക്ക് ചിലർ പ്രസംഗിക്കുമ്പോൾ നിൽക്കുന്നതിനായി ഒരു മിമ്പർ പണിതു നൽകി. അവിടുന്ന് മിമ്പറിന് മുകളിൽ നിന്നു കൊണ്ട് സംസാരിച്ചപ്പോൾ ഈ മരത്തടി

[81] മദ്ഖൽ ഇലൽ ഖുർആനിൽ കരീം.

കുഞ്ഞുങ്ങൾ തേങ്ങിക്കരയുന്നത് പോലെ കരയുകയും, നബി -ﷺ- അതിനെ ആശ്വസിപ്പിക്കുന്നതിനായി തന്നിലേക്ക് ചേർത്തു പിടിക്കുകയും ചെയ്തു. അപ്പോഴാണ് അതിന്റെ വിതുമ്പൽ അവസാനിച്ചത്.

അനസ് ബ്നു മാലിക്, ജാബിർ ബ്നു അബ്ദില്ലാഹ്, അബ്ദുല്ലാഹി ബ്നു അബ്ബാസ്, അബ്ദുല്ലാഹി ബ്നു ഉമർ, ഉബയ്യു ബ്നു കഅ്ബ്, അബൂ സഈദ്, സഹ്ല് ബ്നു സഅ്ദ്, ആഇശ ബിൻത് അബീബക്ർ, ഉമ്മു സലമഃ എന്നീ സ്വഹാബികൾ ഈ ഹദീഥ് നിവേദനം ചെയ്തിട്ടുണ്ട്.

ഇതു പോലുള്ള ഒരു സംഭവം ഇത്രയധികം സ്വഹാബികൾ ഒരുമിച്ച് കള്ളമായി പറഞ്ഞുണ്ടാക്കുക എന്നത് തീർത്തും അസംഭവ്യമാണ്.

നബി -ﷺ- യുടെ അത്ഭുതസംഭവങ്ങളിൽ മറ്റു ചിലതിന് ആയിരക്കണക്കിന് സ്വഹാബിമാർ സാക്ഷികളായിട്ടുണ്ട്. അവിടുത്തെ പരിശുദ്ധമായ വിരലുകൾക്കിടയിൽ നിന്ന് വെള്ളം പ്രവഹിച്ച സംഭവം അതിൽ പെട്ടതാണ്. ആയിരത്തി അഞ്ഞൂറോളം സ്വഹാബികൾ അവിടുത്തെ വിരലുകൾക്കിടയിൽ നിന്ന് പ്രവഹിച്ച വെള്ളം കൊണ്ട് അംഗശുദ്ധി (വുദു) വരുത്തുകയും, കുടിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംഭവം ബുഖാരിയും മുസ്ലിമും ഉദ്ധരിച്ച, നിരവധി പരമ്പരകളിലൂടെ അനിഷേധ്യമായി സ്ഥിരപ്പെട്ട ഹദീഥാണ്.

നബി -ﷺ- യുടെ അത്ഭുതസംഭവങ്ങളിലൊന്നായി, വലിയ ഒരു സൈന്യത്തിന് മതിയാകുന്ന വിധം ഭക്ഷണം അധികരിച്ച സംഭവവും സ്വഹാബികളിൽ അനേകം പേർ നിവേദനം ചെയ്തിട്ടുണ്ട്. സ്ഥിരപ്പെട്ട ഹദീഥുകൾ മാത്രം നിവേദനം ചെയ്യുന്ന ഇമാം ബുഖാരി നബി -ﷺ- ഭക്ഷണം അധികരിപ്പിച്ച സംഭവം തന്റെ ഗ്രന്ഥത്തിൽ അഞ്ചിടങ്ങളിൽ എടുത്തു നൽകിയിട്ടുണ്ട്. [82]

---

[82] ബുഖാരി: 1217, 2618, 3578, 4101, 6452. നബി -ﷺ- -അല്ലാഹുവിന്റെ അനുമതിയോടെ- ഭക്ഷണം അധികരിപ്പിച്ച സംഭവമാണ് ഈ ഹദീഥുകളിലെല്ലാം ഉള്ളത്. ഇവയെല്ലാം വ്യത്യസ്ത സന്ദർഭങ്ങളിൽ നടന്നതുമാണ്. ബുഖാരിയുടെ സ്വഹീഹിലെ

നബി -ﷺ- യുടെ സത്യസന്ധത ബോധ്യപ്പെടുത്തുന്ന തെളിവുകളും അവിടുത്തെ ജീവിതത്തിൽ ഉണ്ടായ അനേകം അത്ഭുതസംഭവങ്ങളും ഈ രൂപത്തിൽ സ്ഥിരപ്പെട്ടിരിക്കെ എങ്ങനെയാണ് ബുദ്ധിമാനായ ഒരാൾക്ക് ഇവയെല്ലാം നിഷേധിക്കാൻ കഴിയുക?!

നബി -ﷺ- യുടെ ജീവിതത്തിൽ സംഭവിച്ച മറ്റു ചില അത്ഭുതസംഭവങ്ങൾ കൂടിയിതാ.

അവിടുന്ന് ഒരു രാത്രിയിൽ ശക്തിയിൽ കാറ്റ് അടിച്ചു വീശുമെന്ന് അറിയിക്കുകയും, അന്ന് എഴുന്നേറ്റ് നിൽക്കരുത് എന്ന് അവരോട് കൽപ്പിക്കുകയും ചെയ്തു. എന്നാൽ ഒരു മനുഷ്യൻ കാറ്റ് വീശിയപ്പോൾ എഴുന്നേറ്റു നിൽക്കുകയും, അയാളെ കാറ്റ് വിദൂരമായ ഒരിടത്തേക്ക് എടുത്തു കൊണ്ടുപോവുകയും ചെയ്തു. [83]

നജാശി എന്ന രാജാവ് മരണപ്പെട്ട ദിവസം തന്നെ അദ്ദേഹത്തിൻറെ മരണത്തെ കുറിച്ച് നബി -ﷺ- സഹാബികളെ അറിയിച്ചു. നബി -ﷺ- അദ്ദേഹത്തിന് വേണ്ടി ജനാസ നിസ്കരിക്കുകയും ചെയ്തു. [84]

തന്റെ അനുചരന്മാരിൽ പെട്ട ഉമർ ബ്നുൽ ഖത്താബ്, ഉഥ്മാൻ ബ്നു അഫ്ഫാൻ, അലിയ്യു ബ്നു അബീ ത്വാലിബ്, ത്വൽഹതു ബ്നു സുബൈർ, സുബൈർ ബ്നുൽ അവ്വാം -رَضِيَ اللهُ عَنْهُ- എന്നീ സ്വഹാബിമാർ രക്തസാക്ഷികളാകുമെന്ന് അവിടുന്ന് പ്രവചിച്ചിരുന്നു. ഇവരാരും തങ്ങളുടെ വിരിപ്പുകളിൽ കിടന്നല്ല മരിച്ചത്; മറിച്ച് അവരെല്ലാം വധിക്കപ്പെടുകയാണ് ചെയ്തത്.

ഒരിക്കൽ നബി -ﷺ- ഉഹ്ദ് എന്ന മലമുകളിൽ കയറി. അവിടുത്തോടൊപ്പം അബൂബക്റും, ഉമറും, ഉഥ്മാനും, അലിയും, ത്വൽഹയും, സുബൈറും ഉണ്ടായിരുന്നു. അപ്പോൾ ആ പർവ്വതം ഒന്ന് കുലുങ്ങി. നബി -ﷺ- പർവ്വതത്തോടായി പറഞ്ഞു: "

---

ഹദീഥുകൾ മാത്രമാണ് ഈ അഞ്ച് ഹദീഥുകൾ. ഇതല്ലാതെയും ഇതേ കാര്യം പറയുന്ന ഹദീഥുകൾ വേറെ വന്നിട്ടുണ്ട്.

[83] സ്വഹീഹ് മുസ്‌ലിം: 3319.

[84] ബുഖാരി: 1333.

അടങ്ങുക! നിന്റെ മുകളിൽ നബിയോ സിദ്ദീഖോ രക്തസാക്ഷിയോ ആയിട്ടുള്ളവരല്ലാതെ മറ്റാരുമില്ല." [85]

താൻ നബിയാണെന്നും, അബൂബക്കർ "സിദ്ദീഖ്" (സത്യസന്ധൻ) എന്ന വിശേഷണം ലഭിച്ച വ്യക്തിയാണെന്നും ബാക്കിയുള്ളവരെല്ലാം രക്തസാക്ഷികളാകുമെന്നായിരുന്നു അവിടുത്തെ പ്രവചനം. അവരെല്ലാം രക്തസാക്ഷികളാവുകയും ചെയ്തു.

നബി -ﷺ- പ്രാർത്ഥിച്ച ഉടനെ -ജനങ്ങളുടെ മുൻപിൽ വെച്ച്- അവിടുത്തേക്ക് ഉത്തരം നൽകപ്പെട്ട 150 ഓളം സംഭവങ്ങൾ വ്യത്യസ്ത ഹദീഥുകളിലായി കാണാം. [86]

നബി -ﷺ- യോട് മക്കക്കാർ ഒരു ദൃഷ്ടാന്തം കാണിച്ചു തരാൻ ആവശ്യപ്പെട്ടപ്പോൾ അവിടുന്ന് ചന്ദ്രനെ രണ്ടായി അവർക്ക് പിളർത്തി കാണിച്ചു കൊടുത്തു. ഹിറാ ഗുഹ ചന്ദ്രന്റെ രണ്ട് കഷ്ണങ്ങൾക്കിടയിലായി അവർ വീക്ഷിച്ചു. ഈ ഹദീഥ് നിഷേധിക്കാൻ സാധിക്കാത്ത വിധം ഹദീഥ് നിവേദകർ ഉദ്ധരിച്ചിട്ടുണ്ട്. അതായത്, ഏറ്റവും പ്രബലമായ ഹദീഥുകളിലൊന്നാണ് ഇക്കാര്യം എന്ന് ചുരുക്കം.

ചന്ദ്രൻ പിളർന്ന സംഭവം വിവരിക്കുന്ന സൂറതുൽ ഖമർ എന്ന ഖുർആനിലെ അദ്ധ്യായം നബി -ﷺ- ധാരാളം മനുഷ്യർ തടിച്ചു കൂടുന്ന ജുമുഅകളിലും പെരുന്നാൾ നമസ്കാരങ്ങളിലും പാരായണം ചെയ്യാറുണ്ടായിരുന്നു. ആയത്തുകളിൽ പരാമർശിക്കപ്പെടുന്ന അത്ഭുത സംഭവങ്ങളെ കുറിച്ച് ജനങ്ങൾ കേൾക്കുകയും, നബി -ﷺ- യുടെ സത്യസന്ധത അതിലൂടെ അവർക്ക് ബോധ്യപ്പെടുകയും ചെയ്തിരുന്നു.

ആദം -عَلَيْهِ السَّلَامُ- നെ ജീവനുള്ള സർവ്വ സൃഷ്ടികളുടെയും സൃഷ്ടിപ്പിന് ശേഷം, അവസാനമാണ് അല്ലാഹു പടച്ചത് എന്ന നബി -ﷺ- യുടെ വിവരണവും അവിടുത്തെ സത്യസന്ധത ബോധ്യപ്പെടുത്തുന്നു. 'ആദമിനെ വെള്ളിയാഴ്ച ദിവസം അസ്വ്ർ ന

[85] സ്വഹീഹ് മുസ്ലിം: 2417.

[86] സഊദ് ബ്നു അബ്ദിൽ ഖാദിർ ബാശൻഫിർ എഴുതിയ 'ദലാഇലുന്നുബുവ്വഃ' എന്ന ഗ്രന്ഥത്തിൽ ഈ ഹദീഥുകൾ സമാഹരിക്കപ്പെട്ടിട്ടുണ്ട്.

മസ്കാരത്തിന്റെ സമയത്തിന് ശേഷമാണ് അല്ലാഹു സൃഷ്ടിച്ചത്; സൃഷ്ടികളിൽ അവസാനത്തേതായി." [87]

ഇക്കാര്യം ഇന്ന് ശാസ്ത്രീയമായി അംഗീകരിക്കപ്പെട്ട വസ്തുതയാണ്. ഭൂമിയിൽ പ്രകടമായ ജീവനുള്ള സൃഷ്ടികളിൽ അവസാനത്തെ കണ്ണിയാണ് മനുഷ്യൻ എന്ന് ശാസ്ത്രം അംഗീകരിക്കുന്നു. ചെടികളും ജീവികളുമെല്ലാം രൂപപ്പെട്ടു കഴിഞ്ഞതിന് ശേഷം അവസാനമാണ് മനുഷ്യ പിതാവായ ആദം ഭൂമിയിൽ പ്രത്യക്ഷപ്പെട്ടത് എന്ന് എങ്ങനെയാണ് നബി -ﷺ- ക്ക് മനസ്സിലായത്?!

അല്ലാഹു പറഞ്ഞതു നോക്കൂ: "രാത്രിയെയും പകലിനെയും നാം രണ്ട് ദൃഷ്ടാന്തങ്ങളാക്കിയിരിക്കുന്നു; രാത്രിയുടെ അടയാളത്തെ നാം മായ്ക്കുകയും, പകലിന്റെ അടയാളത്തെ നാം പ്രത്യക്ഷവുമാക്കിയിരിക്കുന്നു." (ഇസ്റാഅ്: 12)

രാത്രിയുടെ ദൃഷ്ടാന്തത്തെ മായ്ച്ചു എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ചന്ദ്രനെയാണ്. രാത്രിയിൽ അത് പ്രകാശിക്കുകയും, പിന്നീട് അതിന്റെ പ്രകാശം തുടച്ചു നീക്കപ്പെടുകയും ചെയ്യുന്നു.

ഇക്കാര്യം സ്വഹാബികൾ ഇതു പോലെത്തന്നെയാണ് വിശദീകരിച്ചത്. ഇബ്നു കഥീർ തന്റെ ഖുർആൻ വ്യാഖ്യാനത്തിൽ അബ്ദുല്ലാഹി ബ്നു അബ്ബാസ് -رَضِيَ اللَّهُ عَنْهُمَا- ഈ ആയത്തിന്റെ വിശദീകരണത്തിൽ പറഞ്ഞതായി രേഖപ്പെടുത്തുന്നു: "സൂര്യനെ പോലെ ചന്ദ്രനും പ്രകാശിച്ചു കൊണ്ടിരിക്കുകയായിരുന്നു; അതാണ് രാത്രിയുടെ അടയാളം എന്നത് കൊണ്ട് ഉദ്ദേശം; പിന്നീട് അത് മായ്ക്കപ്പെടുകയാണ് ചെയ്തത്."

എന്നാൽ അത്ഭുതകരമെന്ന് പറയട്ടെ, ആധുനിക ശാസ്ത്ര പഠനങ്ങൾ ഇതേ യാഥാർത്ഥ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. നാസയുടെ പഠനങ്ങൾ പ്രകാരം ച

[87] സ്വഹീഹുൽ ജാമിഅ്: 8188.

ന്ദ്രൻ അതിന്റെ ആദ്യഘട്ടങ്ങളിൽ സ്വയം പ്രകാശിച്ചിരുന്നു എന്നാണ് അവർ പറയുന്നത്. [88]

ഈ പറയപ്പെട്ട അത്ഭുതസംഭവങ്ങളും ദൃഷ്ടാന്തങ്ങളും ആകാശഭൂമികളുടെ രഹസ്യങ്ങളും എണ്ണമില്ലാത്ത മറ്റനേകം വിസ്മയങ്ങളുമെല്ലാം ഒരൊറ്റ വ്യക്തിയിലാണ് ചെന്നെത്തുന്നത്; നിഷേധിക്കാൻ സാധിക്കാത്ത പരമ്പരകളിലൂടെ ആ ചരിത്രം നമ്മിലേക്ക് വന്നെത്തിയിരിക്കുന്നു. അതേ വ്യക്തിയുടെ മേൽ തന്നെയാണ് വിശുദ്ധ ഖുർആൻ എന്ന മഹത്തരമായ ഗ്രന്ഥം അവതരിച്ചതും, അതേ വ്യക്തി തന്നെയാണ് മുൻകാല ദൈവദൂതന്മാർ കൊണ്ടുവന്ന ആദർശവുമായി വന്നെത്തിയതും. ലോകങ്ങളുടെ സ്രഷ്ടാവിൽ നിന്നുള്ള പിന്തുണയാൽ തനിക്ക് നൽകപ്പെട്ട മതനിയമങ്ങൾ പൂർണ്ണവും സമഗ്രവുമായി ലഭിക്കുന്നത് വരെ അദ്ദേഹം മരണപ്പെടുകയും ചെയ്തില്ല; മുഹമ്മദ് നബി -ﷺ- യാണ് ആ വ്യക്തി.

അവിടുന്ന് ലോകസ്രഷ്ടാവിന്റെ ദൂതനാണെന്ന് ഉറച്ചു വിശ്വസിക്കുന്നതാണ് യഥാർത്ഥ ബുദ്ധിയും നേർമാർഗവും.

അദൃശ്യകാര്യങ്ങൾ അവിടുന്ന് ജനങ്ങൾക്ക് അറിയിച്ചു കൊടുത്ത സംഭവങ്ങൾ ആയിരത്തിലധികം വന്നിട്ടുണ്ട്.

ഈ അത്ഭുത വിവരണങ്ങളെല്ലാം നമ്മിലേക്ക് വന്നെത്തിയത് മുഹമ്മദ് നബി -ﷺ- കഴിഞ്ഞാൽ സൃഷ്ടികളിൽ ഏറ്റവും സത്യസന്ധരും പുണ്യവാന്മാരുമായ സ്വഹാബികളിലൂടെയാണ്.

എന്നാൽ അത്ഭുതകരമായ കാര്യം, സ്വഹാബികളിലെ പല പ്രമുഖരും ഇസ്‌ലാം സ്വീകരിച്ചത് ഈ അത്ഭുതസംഭവങ്ങളിൽ എന്തെങ്കിലുമൊന്ന് കാണുന്നതിന് മുൻപായിരുന്നു. അവർ മുഹമ്മദ് നബി -ﷺ- യിൽ വിശ്വസിച്ചത് അവിടുന്ന് സത്യം മാത്രം

88 http://www.nasa.gov/mission_pages/LRO/news/vid-tour.html https://www.youtube.com/watch?v=UIKmSQqp8wY

പറയുന്നവരാണെന്ന അവരുടെ ഉറച്ച ബോധ്യം കൊണ്ടായിരുന്നു. ഒരിക്കൽ പോലും അവിടുന്ന് കളവു പറഞ്ഞത് അവരാരും കണ്ടിട്ടേയില്ലായിരുന്നു.

സ്വഹാബികളിലെ പ്രമുഖർ സ്വീകരിച്ച ഈ മാർഗം തന്നെയാണ് ബുദ്ധിപരവും യുക്തിപൂർണ്ണവും. മുഹമ്മദ് നബി -ﷺ- അല്ലാഹുവിൽ നിന്നുള്ള ദൂതനായിരുന്നു എന്നതിന് തെളിവായി അവിടുത്തെ പരിപൂർണ്ണമായ സത്യസന്ധത ഒന്നു മാത്രം മതി. കാരണം താൻ ദൈവത്തിൽ നിന്നുള്ള ദൂതനാണെന്ന് വാദിക്കുന്നവൻ ഒന്നല്ലെങ്കിൽ ജനങ്ങളിൽ ഏറ്റവും സത്യസന്ധനായിരിക്കും. മുഹമ്മദ് നബി -ﷺ- ജനങ്ങളിൽ ഏറ്റവും സത്യസന്ധതയുള്ളവരായിരുന്നു.

അതുമല്ലെങ്കിൽ, ജനങ്ങളിൽ ഏറ്റവും കള്ളനായ ഒരാൾ മാത്രമേ ഇക്കാര്യം അവകാശപ്പെടുകയുള്ളൂ. കാരണം ഇത്തരം വിഷയങ്ങളിൽ കളവു പറയാൻ അവർക്ക് മാത്രമേ സാധിക്കുകയുള്ളൂ.

ജനങ്ങളിൽ ഏറ്റവും സത്യസന്ധനായ ഒരാളെയും ഏറ്റവും കളവു പറയുന്ന ഒരാളെയും വേർതിരിച്ചറിയാൻ കഴിയുന്നില്ല എന്ന് ഏറ്റവും വലിയ വിഡ്ഢികൾ മാത്രമേ പറയുകയുമുള്ളൂ. [89]

എത്ര എളുപ്പമുള്ള കാര്യമാണത്; ജനങ്ങളിൽ ഏറ്റവും വലിയ കള്ളനെയും ഏറ്റവും വലിയ സത്യവാനെയും വേർതിരിച്ചറിയുക എന്നത്!

മുഹമ്മദ് നബി -ﷺ- യുടെ പ്രവാചകത്വത്തിന്റെ ആദ്യദിനങ്ങൾ മുതൽ മക്കയിലുണ്ടായിരുന്ന ബഹുദൈവാരാധകർ വരെ അവിടുത്തെ സത്യസന്ധത അംഗീകരിച്ചിരുന്നു. അവർ പറഞ്ഞു: "ഞങ്ങളൊരിക്കലും താങ്കളിൽ നിന്ന് ഒരു കളവ് പോലും അറിഞ്ഞിട്ടില്ല." [90]

നബി -ﷺ- യുടെ ആദ്യകാല ശത്രുവായിരുന്ന അബൂ സുഫ്യാനോട് (അദ്ദേഹം മുസ്ലിമാകുന്നതിന് മുൻപ്) ഹിർഖൽ എന്ന സേനാനായകൻ ചോദിക്കുകയുണ്ടായി:

---

[89] ഥുബൂതുന്നുബുവ്വഃ / ഇബ്നു തൈമിയ്യഃ: 573.

[90] ബുഖാരി: 4971.

"താൻ പ്രവാചകനാണെന്ന് അവകാശപ്പെടുന്നതിന് മുൻപ് അദ്ദേഹം കളവു പറയുന്ന വ്യക്തിയാണെന്ന് നിങ്ങൾ എന്നെങ്കിലും അദ്ദേഹത്തെ ആക്ഷേപിച്ചിട്ടുണ്ടോ?!"

അബൂ സുഫ്യാൻ പറഞ്ഞു: "ഇല്ല."

അപ്പോൾ ഹിർഖൽ പറഞ്ഞു: "ജനങ്ങളോട് കളവു പറയാത്ത ഒരു മനുഷ്യൻ അല്ലാഹുവിന്റെ മേൽ കളവു പറയുക എന്നത് ഒരിക്കലുമുണ്ടാവില്ല."

ഹിർഖൽ അവസാനം പറഞ്ഞതിപ്രകാരമാണ്: "ഞാൻ അദ്ദേഹത്തിന്റെ അരികിൽ ഉണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ രണ്ട് കാൽപാദങ്ങളും ഞാൻ കഴുകുമായിരുന്നു." [91]

നബി -ﷺ- യുടെ ജീവിതത്തിൽ അവിടുന്ന് ഏതെങ്കിലുമൊരു കളവ് പറഞ്ഞതായി തെളിയിക്കാൻ നിഷേധികൾക്ക് ഒരിക്കലും സാധിച്ചിട്ടില്ല. അതു കൊണ്ടാണ് നബി -ﷺ- പ്രവാചകനായി നിയോഗിക്കപ്പെടുന്നതിന് മുൻപുള്ള അവിടുത്തെ ജീവിതം തിരിച്ചറിഞ്ഞിട്ടും ഇസ്‌ലാമിനെ നിഷേധിക്കുന്നവരെ ഖുർആൻ ശക്തമായി ആക്ഷേപിച്ചത്: "അതല്ല അവരുടെ ദൂതനെ അവർക്ക് പരിചയമില്ലാഞ്ഞിട്ടാണോ അവർ അദ്ദേഹത്തെ നിഷേധിക്കുന്നത്?" (മുഅ്മിനൂൻ: 69)

ചുരുക്കത്തിൽ നബി -ﷺ- യുടെ ജീവചരിത്രം തന്നെ അവിടുന്ന് പ്രവാചകനാണെന്നതിനുള്ള വ്യക്തമായ തെളിവാണ്.

അവിടുത്തേക്ക് മേൽ അല്ലാഹുവിൻറെ രക്ഷയും സമാധാനവും ഉണ്ടാവട്ടെ.

നബി -ﷺ- യുടെ സത്യസന്ധത ബോധ്യപ്പെടുത്താനുള്ള പ്രേരണകൾ ഇത്രയധികമുണ്ടായിട്ടും, അവയെല്ലാം പരസ്പരം ശക്തി പകരുന്നു എന്ന് ബോധ്യപ്പെട്ടിട്ടും എങ്ങനെയാണ് ബുദ്ധിമാനായ ഒരു ഹിന്ദുവിന് ഇവയെല്ലാം നിഷേധിക്കാൻ കഴിയുക?!

[91] ബുഖാരി: 7.

## 21- ദൈവദൂതന്മാരിൽ വിശ്വസിക്കാതെ ദൈവത്തിൽ മാത്രം വിശ്വസിച്ചാൽ മതിയാവില്ലേ?! ഹിന്ദുക്കളിൽ ചിലർ അപ്രകാരം വിശ്വസിക്കുന്നുണ്ടല്ലോ?!

ഉത്തരം: അത് മതിയാവുകയില്ല.

ലോകങ്ങൾക്കൊരു സ്രഷ്ടാവുണ്ട് എന്ന് വിശ്വസിക്കുകയും, ശേഷം ദൈവദൂതന്മാരെ നിഷേധിക്കുകയും ചെയ്യുന്നത് കൊണ്ട് മതിയാവുകയില്ല. ഒരാൾ യഥാരൂപത്തിൽ ദൈവത്തിന് കീഴ്പ്പെട്ടവനാകണമെങ്കിൽ അതു മാത്രം പോരാ. സ്രഷ്ടാവും ഉപജീവനം നൽകുന്നവനും നിയന്ത്രാവുമായ നിന്റെ ദൈവത്തിൽ വിശ്വസിക്കുകയും, അവന്റെ സന്ദേശത്തെയും അവന്റെ ദൂതന്മാരെയും നിഷേധിക്കുകയും ചെയ്യുക എന്നത് എത്രമാത്രം നിരർത്ഥകമാണ്?!

യഥാർത്ഥത്തിൽ അതാണ് ഏറ്റവും വലിയ നിഷേധം.

അല്ല! ലോകസ്രഷ്ടാവായ അല്ലാഹുവിന്റെ സന്ദേശത്തെ തള്ളിക്കളയുക എന്നതിനേക്കാൾ വലിയ മറ്റൊരു പാപമില്ല. അല്ലാഹു പറയുന്നു: "അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അവിശ്വസിക്കുകയും, (വിശ്വാസകാര്യത്തിൽ) അല്ലാഹുവിനും അവന്റെ ദൂതന്മാർക്കുമിടയിൽ വിവേചനം കല്പിക്കാൻ ആഗ്രഹിക്കുകയും ഞങ്ങൾ ചിലരിൽ വിശ്വസിക്കുകയും, ചിലരെ നിഷേധിക്കുകയും ചെയ്യുന്നു എന്ന് പറയുകയും, അങ്ങനെ അതിന്നിടയിൽ (വിശ്വാസത്തിനും അവിശ്വാസത്തിനുമിടയിൽ) മറ്റൊരു മാർഗം സ്വീകരിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നവർ. അവർ തന്നെയാകുന്നു യഥാർത്ഥ നിഷേധികൾ. (അല്ലാഹുവിനെയും അവന്റെ ദൂതരെയും) നിഷേധിച്ചവർക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ട്." (നിസാഅ്: 150-151)

ആരെങ്കിലും അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ ദൂതന്മാരെ നിഷേധിക്കുകയും ചെയ്താൽ അവൻ തനിച്ച സത്യനിഷേധി തന്നെയാണ്.

അല്ലാഹുവിന്റെ ദൂതന്മാരിൽ പെട്ട ഏതെങ്കിലുമൊരു ദൂതനെ ഒരാൾ നിഷേധിച്ചാൽ അവൻ യഥാർത്ഥത്തിൽ അല്ലാഹുവിനെയാണ് നിഷേധിച്ചിരിക്കുന്നത്. കാരണം അതിലൂടെ അല്ലാഹുവിന്റെ സന്ദേശത്തെയാണ് അവൻ തള്ളിക്കളഞ്ഞിരി

ക്കുന്നത്. വേദം നൽകപ്പെട്ട യഹൂദരുടെയും നസ്വാറാക്കളുടെയും കാര്യം ഉദാഹരണം; അവർ നബി -ﷺ- യുടെ പ്രവാചകത്വത്തെ നിഷേധിച്ചു എന്ന കാരണത്താൽ സർവ്വ ദൂതന്മാരെയും നിഷേധിച്ചവരെ പോലെയായി.

" തീർച്ചയായും (യഹൂദരിലും നസ്വാറാക്കളിലും പെട്ട) വേദക്കാരിലും ബഹുദൈവവിശ്വാസികളിലും പെട്ട സത്യനിഷേധികൾ നരകാഗ്നിയിലാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും . അക്കൂട്ടർ തന്നെയാകുന്നു സൃഷ്ടികളിൽ മോശപ്പെട്ടവർ." (ബയ്യിനഃ: 6) അവർക്ക് നരകശിക്ഷ അല്ലാഹു താക്കീത് നൽകിയിരിക്കുന്നു. " അപ്പോൾ (അവരിൽ) എന്റെ താക്കീത് സത്യമായി പുലർന്നു." (ഖാഫ്: 14)

ലോകത്തെ സൃഷ്ടിക്കുകയും ഉപജീവനം നൽകുകയും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്ന ഒരു ദൈവം -അല്ലാഹു- ഉണ്ട് എന്ന് അംഗീകരിച്ചതു കൊണ്ട് മാത്രം ഒരാൾ ഇസ്‌ലാം സ്വീകരിച്ചവനോ പരലോകത്ത് രക്ഷപ്പെടുന്നവനോ ആവുകയില്ല. മറിച്ച്, അല്ലാഹുവിന്റെ ദൂതന്മാരിൽ വിശ്വസിച്ചിരിക്കണം എന്നത് അവരുടെ മേലുള്ള ബാധ്യതയാണ്.

അതിനാൽ അല്ലാഹുവിലുള്ള വിശ്വാസത്തോടൊപ്പം ദൈവദൂതന്മാരെ നിഷേധിക്കുന്നത് പരലോകരക്ഷക്ക് മതിയാവുകയില്ല. അതൊരിക്കലും അന്ത്യനാളിൽ അല്ലാഹുവിങ്കൽ അവന് ഉപകാരപ്പെടുകയുമില്ല. കാരണം അല്ലാഹുവിനെ ആരാധിക്കുക എന്നതിനൊപ്പം സർവ്വ നബിമാരിലും വിശ്വസിക്കുക എന്നത് നിർബന്ധമാണ്.

അല്ലാഹുവിൽ വിശ്വസിക്കുക എന്നത് മാത്രം മതിയായിരുന്നുവെങ്കിൽ അല്ലാഹു ഒരിക്കലും ദൂതന്മാരെ നിയോഗിക്കുകയോ വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കുകയോ ചെയ്യേണ്ടിയിരുന്നില്ല. കാരണം മനുഷ്യരെല്ലാം അവരുടെ ശുദ്ധപ്രകൃതിയുടെ തേട്ടം കൊണ്ട് തന്നെ ഈ പ്രപഞ്ചത്തിനൊരു സ്രഷ്ടാവുണ്ട് എന്ന് അംഗീകരിക്കുന്നവരാണ്.

അതിനാൽ നിന്നെ സൃഷ്ടിക്കുകയും നിനക്ക് മാർഗദർശനം നൽകുകയും നിനക്ക് ഉപജീവനം നൽകുകയും ചെയ്ത, സർവ്വ ആരാധനകൾക്കും അർഹതയുള്ള ഏകനായ ആരാധ്യൻ; അവൻ തന്റെ ദൂതന്മാരിലൂടെ അറിയിച്ചു തന്നതു പ്രകാരമാണ് നീ അവനെ ആരാധിക്കേണ്ടത്.

അതിനാൽ എല്ലാ നബിമാരിലും അവരിൽ അന്തിമനായ മുഹമ്മദ് നബി -ﷺ- യിലും വിശ്വസിക്കുക എന്നത് നിർബന്ധമാണ്.

## 22- എന്തിനാണ് അല്ലാഹു തിന്മകളെ സൃഷ്ടിച്ചത്?

ഉത്തരം: ഈ ചോദ്യം ഹൈന്ദവ തത്വശാസ്ത്രത്തിലെ ഏറ്റവും വലിയ ആശയക്കുഴപ്പങ്ങളുടെ ഭാഗമാണ്. മനുഷ്യൻ പ്രയാസങ്ങളിലൂടെ അവന്റെ ജീവിതം മുന്നോട്ടു നയിക്കുന്നത് എല്ലാ തിന്മകളിൽ നിന്നും മോക്ഷം ലഭിക്കാനാണെന്ന് ഹൈന്ദവത വിശ്വസിക്കുന്നു. മുൻജന്മങ്ങളിൽ ചെയ്ത തിന്മകൾ കാരണമാണ് മനുഷ്യർ പുനർജനിച്ചു കൊണ്ടേയിരിക്കുന്നതെന്നും അവർ വിശ്വസിക്കുന്നു.

ഇതെല്ലാം യഥാർത്ഥത്തിൽ അബദ്ധമാണ്. പ്രപഞ്ചത്തിൽ തിന്മയുണ്ടാകാനുള്ള കാരണം നമ്മൾ മനുഷ്യർ ദൈവകൽപ്പനകൾ അനുസരിക്കാൻ ബാധ്യസ്ഥരാണ് എന്നതു കൊണ്ടാണ്.

നാം ജീവിക്കുന്ന ഈ ലോകം പരീക്ഷണത്തിന്റെ ലോകമാണ്.

അല്ലാഹു പറയുന്നു: "നിങ്ങളെ നാം നന്മ കൊണ്ടും തിന്മ കൊണ്ടും പരീക്ഷിക്കും." (അമ്പിയാഅ്: 35)

നന്മയും തിന്മയുമെല്ലാം അല്ലാഹു നിന്നെ പരീക്ഷിക്കുന്നതിന്റെ ഭാഗമാണ്; നിന്റെ സൃഷ്ടിപ്പിന്റെ പിറകിലെ ലക്ഷ്യം തന്നെ ഈ പരീക്ഷണമാണ്.

അല്ലാഹു പറയുന്നു: ''നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി (സൽക്കർമ്മങ്ങൾ) പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ.'' (മുൽക്ക്: 2)

ഈ ജീവിതം നമ്മെ സംബന്ധിച്ചിടത്തോളം ഒരു പരീക്ഷണമാണ് എങ്കിൽ, സ്വാഭാവികമായും ഇവിടെ കുഴപ്പങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായിരിക്കണം. ഈ തിന്മകളെ നേരിടേണ്ടി വരുക എന്നതും സ്വാഭാവികം തന്നെ.

## ഹൈന്ദവ; ഒരു പഠനം

തിന്മകളും ചില വേദനകളും തെറ്റുകൾ ചെയ്യാനുള്ള ശേഷിയും പ്രകൃതിപരമായ തേട്ടത്തിന്റെ ഭാഗമാണ്. മനുഷ്യന് നൽകപ്പെട്ട തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യത്തിന്റെയും അല്ലാഹുവിൽ നിന്നുള്ള പരീക്ഷണത്തിന്റെയും ഫലമാണത്.

തിന്മകളും പ്രയാസങ്ങളും ദുരിതങ്ങളും ദേഹേഛകളും ഉണ്ടാകുന്നു എന്നത് നല്ല മനുഷ്യരിലെ ഏറ്റവും വലിയ നന്മകളെയും, ചീത്തവരിലെ ഏറ്റവും വലിയ തിന്മകളെയും പുറത്തു കൊണ്ടുവരുന്നു.

അതോടൊപ്പം മറക്കാൻ പാടില്ലാത്ത മറ്റൊരു കാര്യം കൂടിയുണ്ട്; ഈ തിന്മകളെല്ലാം ഉണ്ടെങ്കിലും എണ്ണിത്തിട്ടപ്പെടുത്താൻ സാധ്യമല്ലാത്ത നന്മകളുടെ ഓരത്താണ് നാമെല്ലാം ജീവിക്കുന്നത്.

അവസാനിക്കാത്ത അനുഗ്രഹങ്ങളും ഒരു വശത്തുണ്ട്.

നാം ജീവിക്കുന്ന പ്രപഞ്ചത്തിൽ കാണാവുന്ന കുറച്ചു തിന്മകളുടെ മറുഭാഗത്ത് വലിയൊരു പങ്ക് നന്മകൾ നിലനിൽക്കുന്നുണ്ട്.

പ്രപഞ്ചത്തിൽ ഒരു തിന്മയും പ്രയാസവും ഉണ്ടായിരുന്നില്ലെങ്കിൽ നീ ജനിച്ച സ്ഥലത്ത് നിന്ന് നീയൊരിക്കലും മുന്നോട്ട് ചലിക്കില്ലായിരുന്നു.

ഒരു നാഗരികതയും കെട്ടിയുയർത്തപ്പെടില്ലായിരുന്നു. പട്ടണങ്ങളും ഭവനങ്ങളും നിർമ്മിക്കപ്പെടുകയില്ലായിരുന്നു. ജനങ്ങൾ ഒരു പ്രവർത്തനത്തിനും ആവശ്യക്കാരുമാകില്ലായിരുന്നു. ഏതെങ്കിലും രോഗത്തിനുള്ള ചികിത്സക്ക് വേണ്ടിയോ, ഒരു പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടിയോ, ആസ്വാദനം നൽകുന്ന ഒരു കണ്ടുപിടുത്തത്തിന് വേണ്ടിയോ മനുഷ്യരിലൊരാളും ചിന്തിക്കുകയില്ലായിരുന്നു.

എന്തിന്! ജനിച്ചയിടത്ത് നിന്ന് മറ്റൊരിടത്തേക്ക് ഒരിഞ്ചു നീങ്ങാൻ പോലും മനുഷ്യൻ ആവശ്യക്കാരനാകുമായിരുന്നില്ല.

കാരണം ഒരു തിന്മയും പ്രയാസവും ബുദ്ധിമുട്ടും ക്ഷീണവും പ്രശ്നവുമില്ലെങ്കിൽ എന്തിന് വേണ്ടി അവക്കുള്ള പരിഹാരങ്ങൾ അന്വേഷിക്കണം?!

എന്തിന് കഷ്ടപ്പെടുകയും ഉറക്കം നഷ്ടപ്പെടുത്തുകയും ചിന്തിക്കുകയും പണിയെടുക്കുകയും വേണം?!

ഈ ലോകത്തിൽ ജീവിതം മുന്നോട്ടു പോകാൻ പ്രയാസങ്ങളും തിന്മകളും അനിവാര്യമാണ്.

അതിനാൽ ചിന്തിക്കുക!

ജനങ്ങളിൽ എത്രയോ പേർ; പ്രയാസങ്ങളും ദുരിതങ്ങളും വന്നെത്തുമ്പോഴാണ് അവർ അല്ലാഹുവിലേക്ക് മടങ്ങുകയും, സച്ചരിതരായ മനുഷ്യരിൽ ഉൾപ്പെടാൻ ശ്രമിക്കുകയും ചെയ്യുക. മഹോന്നതനായ അല്ലാഹു എത്ര പരിശുദ്ധനാണ്.

അതിനാൽ അറിയുക! അല്ലാഹുവിന്റെ എല്ലാ വിധിനിർണ്ണയങ്ങളിലും പരിപൂർണ്ണമായ യുക്തിയും നന്മയുമുണ്ട്. അവയിൽ ചിലതിൽ എന്തെങ്കിലും തിന്മകളോ പ്രയാസങ്ങളോ ഇടുക്കമോ പുറമേക്ക് കണ്ടാൽ പോലും അവയുടെ പര്യവസാനം മഹത്തരമായ നന്മകളിലും അല്ലാഹുവിന്റെ അപാരമായ യുക്തിയിലുമാണ് ചെന്നെത്തുക.

ചുരുക്കത്തിൽ, പ്രപഞ്ചത്തിൽ തിന്മകളുണ്ടായത് അല്ലാഹു നിന്നെ പരീക്ഷിക്കുന്നതിന്റെ ഭാഗം മാത്രമാണ്. അതല്ലാതെ മുൻജന്മത്തിലെന്നോ നീ ചെയ്തു വെച്ച തിന്മകളുടെ ഫലമല്ല അതൊന്നും.

## 23- അല്ലാഹുവിനുള്ള സമർപ്പണത്തിന്റെ പ്രത്യക്ഷരൂപങ്ങൾ എങ്ങനെയാണ്?! മറ്റൊരു വാക്കിൽ പറഞ്ഞാൽ; നീ ഒരു മുസ്‌ലിമാണെന്ന് -അല്ലാഹുവിന് പരിപൂർണ്ണമായി കീഴൊതുങ്ങിയവനാണെന്ന്- എങ്ങനെയാണ് മനസ്സിലാവുക?!

ഉത്തരം: അല്ലാഹുവിന് കീഴൊതുങ്ങുക എന്നതിന്റെ അടയാളങ്ങൾ നാലു കാര്യങ്ങളാണ്.

ഒന്ന്: നിന്റെ ജീവിതത്തിലെ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും അല്ലാഹുവിനോടുള്ള അടിമത്വം നീ അംഗീകരിക്കുക. അല്ലാഹു പറയുന്നു: " പറയുക: തീ

ർച്ചയായും എന്റെ പ്രാർത്ഥനയും എന്റെ ആരാധനാ കർമ്മങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അവന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. അവന്ന് കീഴ്പ്പെടുന്നതിൽ ഞാൻ ഒന്നാമനാണ്." (അൻആം: 162-163)

എന്റെ പ്രാർത്ഥനയും എന്റെ ആരാധനാ കർമ്മങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു: അതായത് ഞാൻ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹുവിനുള്ളതാകുന്നു. എല്ലാ പ്രവർത്തനങ്ങളിലും നീ അല്ലാഹുവിന്റെ മുൻപിലുള്ള അടിമത്വം അംഗീകരിക്കുക. അല്ലാഹുവിനുള്ള പരിപൂർണ്ണ സമർപ്പണത്തിന്റെ ഒന്നാമത്തെ അടയാളം ഇതു തന്നെയാണ്.

രണ്ട്: അല്ലാഹു കൽപ്പിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കുകയും, അവൻ വിലക്കിയ കാര്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുക. അല്ലാഹു പറയുന്നു: "(അല്ലാഹുവിലും അവന്റെ ദൂതനിലും) വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവെയും അവന്റെ റസൂലിനെയും അനുസരിക്കുക. (സത്യസന്ദേശം) കേട്ടുകൊണ്ടിരിക്കെ നിങ്ങൾ അദ്ദേഹത്തെ വിട്ട് തിരിഞ്ഞുകളയരുത്." (അൻഫാൽ: 20) അല്ലാഹു പറയുന്നു: '(അല്ലാഹുവിലും അവന്റെ ദൂതനിലും) വിശ്വസിച്ചവരേ! നിങ്ങൾ പരിപൂർണ്ണമായി ''സിൽ'മിൽ'' പ്രവേശിക്കുക.'' (ബഖറ: 208)

'സില്മ്' എന്നത് കൊണ്ട് ഉദ്ദേശം ഇസ്ലാമാണ്.

ഇസ്ലാമിൽ പരിപൂർണ്ണമായി പ്രവേശിക്കുക എന്നാൽ അല്ലാഹു കൽപ്പിച്ച എല്ലാ കാര്യങ്ങളും മുറുകെ പിടിക്കുകയും, അവൻ വിലക്കിയ എല്ലാ കാര്യങ്ങളും ഉപേക്ഷിക്കുകയും ചെയ്യുക എന്നാണർത്ഥം.

അല്ലാഹു അവന്റെ ഖുർആനിലോ, മുഹമ്മദ് നബി -ﷺ- അവിടുത്തെ ഹദീഥുകളിലോ എന്നോട് ഒരു കാര്യം കൽപ്പിച്ചുവെങ്കിൽ ഞാനത് പ്രവർത്തിക്കണം. അവർ എന്നോട് ഒരു കാര്യം വിലക്കിയെങ്കിൽ ഞാനത് ഉപേക്ഷിക്കണം. ഇതാണ് അല്ലാഹുവിനുള്ള സമർപ്പണത്തിന്റെയും കീഴൊതുക്കത്തിന്റെയും പൂർണ്ണത.

മൂന്ന്: അല്ലാഹുവിന്റെ മതനിയമങ്ങളിലേക്ക് വിധി തേടിച്ചെല്ലുകയും, അവന്റെ വിധികളിൽ തൃപ്തിപ്പെടുകയും അവ സ്വീകരിക്കുകയും ചെയ്യണം.

അല്ലാഹുവിന്റെ ഖുർആനിലും മുഹമ്മദ് നബി -ﷺ- യുടെ ഹദീഥുകളിലും (അവിടുത്തെ വാക്കുകൾക്കും പ്രവർത്തികൾക്കുമാണ് ഹദീഥ് എന്ന് പറയുക) വന്ന എല്ലാ ദൈവീകമായ വിധിവിലക്കുകളും നാം സ്വീകരിക്കും. കാരണം തന്റെ സൃഷ്ടികൾക്ക് അനുയോജ്യമായത് എന്താണെന്ന് അല്ലാഹുവിനാണ് അറിയുക. "സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയില്ലേ? അവൻ നിഗൂഢരഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു." (മുൽക്ക്: 14) അല്ലാഹു പറയുന്നു: "അല്ലാഹുവിനേക്കാൾ നല്ല വിധി പറയുന്നവൻ ആരുണ്ട്?" (മാഇദഃ: 50)

മനുഷ്യർക്ക് അവരുടെ ഭൗതികവും മതപരവുമായ ജീവിതത്തിൽ ഏറ്റവും അനുയോജ്യമാവുക എന്താണെന്ന് അല്ലാഹുവിനേ അറിയുകയുള്ളൂ.

അല്ലാഹുവിന്റെ മതനിയമങ്ങൾ പിൻപറ്റുമ്പോഴാണ് മനുഷ്യർ പരിശുദ്ധരാവുകയും, അവർക്ക് സമാധാനപൂർണ്ണമായ ജീവിതം നയിക്കാൻ സാധിക്കുകയും ചെയ്യുക.

അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ അനുമതിയോടു കൂടെ അനുസരിക്കപ്പെടാൻ വേണ്ടിയല്ലാതെ ഒരു ദൂതനേയും നാം നിയോഗിച്ചിട്ടില്ല." (നിസാഅ്: 64)

അല്ലാഹു ദൂതന്മാരെ നിയോഗിച്ചത് നാം അവരുടെ മതനിയമങ്ങൾ ഉപേക്ഷിക്കുകയും, മറ്റു നിയമസംഹിതകൾ സ്വീകരിക്കുകയും ചെയ്യുന്നതിന് വേണ്ടിയല്ല.

അല്ലാഹു പറയുന്നു: "ഇല്ല, നിന്റെ റബ്ബ് (അല്ലാഹു) തന്നെയാണ് സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ താങ്കളെ വിധികർത്താവാക്കുകയും, താങ്കൾ വിധികല്പിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല.'' (നിസാഅ്: 65) അതിനാൽ അല്ലാഹുവിന്റെ മതനിയമങ്ങൾക്ക് പരിപൂർണ്ണമായി കീഴ്പ്പെടുക എന്നത് നിർബന്ധമാണ്.

ഒരാൾ ഇസ്‌ലാമിന് കീഴൊതുങ്ങിയിരിക്കുന്നു എന്നതിന്റെ അടയാളത്തിൽ പെട്ട താണത്.

നാല്: അല്ലാഹുവിന്റെ വിധിനിർണ്ണയങ്ങൾക്ക് അവൻ കീഴൊതുങ്ങണം. അല്ലാഹു ഈ പ്രപഞ്ചത്തിൽ വിധിച്ച എല്ലാ കാര്യത്തിന് പിന്നിലും അവന് മഹത്തരമായ യുക്തിയുണ്ട്. അതിനാൽ ഓരോ മുസ്‌ലിമും അല്ലാഹുവിന്റെ വിധിക്ക് കീഴൊതുങ്ങേണ്ടതുണ്ട്; നന്മയിലും തിന്മയിലും അത് അപ്രകാരം മാത്രമായിരിക്കണം.

ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം അവനൊരു സന്തോഷം ബാധിച്ചാൽ അല്ലാഹുവിനോട് അവൻ നന്ദി കാണിക്കും. അവനൊരു പ്രയാസം ബാധിച്ചാൽ അതിലവൻ ക്ഷമിക്കുകയും ചെയ്യും.

എല്ലാ പ്രയാസങ്ങളും അല്ലാഹുവിന്റെ മഹത്തരമായ യുക്തിയുടെ ഭാഗമാണ്; നിനക്കുള്ള പരീക്ഷണവും അതിലുണ്ട്.

ആരോഗ്യവും രോഗാവസ്ഥയും സമ്പന്നതയും ദാരിദ്ര്യവുമെല്ലാം അല്ലാഹുവിന്റെ വിധിനിർണ്ണയത്തിന്റെ ഭാഗമാണ്. അവനാണ് അവയെല്ലാം വിധിച്ചതും അവന്റെ യുക്തിപ്രകാരം നിശ്ചയിച്ചതും. അല്ലാഹുവിന്റെ വിധിയിൽ വിശ്വസിക്കുന്ന ഓരോ മുസ്‌ലിമും തന്റെ രക്ഷിതാവിന്റെ വിധിയിൽ തൃപ്തിയുള്ളവനായിരിക്കണം.

അല്ലാഹു പറയുന്നു: "തീർച്ചയായും ഏതു വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥപ്രകാരമാകുന്നു." (ഖമർ: 49) അല്ലാഹു പറയുന്നു: "പറയുക! അല്ലാഹു രേഖപ്പെടുത്തിയതല്ലാതെ മറ്റൊന്നും നമ്മെ ബാധിക്കുന്നതല്ല." (തൗബ: 51)

അതെ! അല്ലാഹു വിധിച്ചതല്ലാതെ മറ്റൊന്നും നമ്മെ ബാധിക്കുന്നതല്ല.

അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ അനുമതിയില്ലാതെ ഒരു ആത്മാവിനും മരിക്കുക സാധ്യമല്ല." (ആലു ഇംറാൻ: 145)

സർവ്വരുടെയും ആയുസ്സ് അല്ലാഹുവാണ് നിർണ്ണയിച്ചിരിക്കുന്നത്.

## ഹൈന്ദവ; ഒരു പഠനം

പ്രപഞ്ചത്തിൽ സംഭവിക്കുന്ന ഓരോ കാര്യവും, ലോകത്തിൽ സഞ്ചരിക്കുന്ന ഓരോ അണുവും, ഉണ്ടായിക്കൊണ്ടേയിരിക്കുന്ന സംഭവങ്ങളുമെല്ലാം അല്ലാഹുവിന്റെ അറിവോടെയും അവന്റെ ഉദ്ദേശത്തോടെയും തീരുമാനത്തോടെയും യുക്തിയോടെയും ശക്തിയോടെയും മാത്രമാണ് സംഭവിക്കുന്നത്.

അല്ലാഹു പറയുന്നു: "അല്ലാഹു എല്ലാ വസ്തുവിനെയും സൃഷ്ടിക്കുകയും, അവയെ കൃത്യമായി നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു." (ഫുർഖാൻ: 2)

അല്ലാഹുവാണ് സർവ്വതിനെയും സൃഷ്ടിച്ചതും, സർവ്വതിന്റെയും വിധി നിർണ്ണയിച്ചതും. അവൻ ഉദ്ദേശിച്ചതേ സംഭവിക്കൂ; അവൻ ഉദ്ദേശിക്കാത്തതൊന്നും സംഭവിക്കുകയില്ല.

ഒരു മുസ്‌ലിം എന്ന നിലക്ക് അല്ലാഹുവിന്റെ എല്ലാ വിധിനിർണ്ണയങ്ങൾക്കും കീഴൊതുങ്ങാൻ ഞാൻ ബാധ്യസ്ഥനാണ്.

ഇതിലൂടെയാണ് ഒരാൾ മുസ്‌ലിമായി മാറുക.

### അവസാനമായി ഒരു ചോദ്യം കൂടെ! എങ്ങനെയാണ് എനിക്ക് ഇസ്‌ലാമിൽ പ്രവേശിക്കാൻ സാധിക്കുക?!

സർവ്വ മനുഷ്യർക്കുമുള്ള അല്ലാഹുവിന്റെ മതമാണ് ഇസ്‌ലാം. അല്ലാഹു പറയുന്നു: "തീർച്ചയായും അല്ലാഹുവിങ്കൽ മതമെന്നാൽ ഇസ്‌ലാം മാത്രമാകുന്നു." (ആലു ഇംറാൻ: 19)

ഇസ്‌ലാമല്ലാത്ത മറ്റൊരു മതവും അല്ലാഹു ഒരാളിൽ നിന്നും സ്വീകരിക്കുന്നതല്ല . "ഇസ്‌ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും." (ആലു ഇംറാൻ: 85)

അതിനാൽ ഹിന്ദുവോ അല്ലാത്തവനോ ആകട്ടെ, എല്ലാ മനുഷ്യരും ഇസ്‌ലാം സ്വീകരിക്കുക എന്നത് നിർബന്ധമാണ്.

# ഹൈന്ദവ; ഒരു പഠനം

നരകത്തിൽ നിന്നുള്ള രക്ഷയും, അല്ലാഹുവിന്റെ തൃപ്തി ലഭിച്ചു കൊണ്ട് സ്വർഗത്തിലേക്കുള്ള പ്രവേശനവും സാധ്യമാകണമെങ്കിൽ ഇസ്‌ലാം സ്വീകരിക്കുക എന്നത് മാത്രമേ വഴിയുള്ളൂ.

ഇസ്‌ലാമിൽ പ്രവേശിക്കുക എന്നത് അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്തിൽ പെട്ടതാണ്. അല്ല! അതാണ് നിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും ഗൗരവപ്പെട്ടതുമായ വിഷയം.

ഇസ്‌ലാം എന്നാൽ യഥാർത്ഥത്തിൽ നിന്റെ ശുദ്ധപ്രകൃതിയിലേക്കും നിന്റെ നേരായ ബുദ്ധിയിലേക്കും വേദഗ്രന്ഥങ്ങളിലേക്കുമുള്ള മടക്കം മാത്രമാണ്.

ഇസ്‌ലാമിൽ പ്രവേശിക്കുക എന്നതാകട്ടെ, വളരെ എളുപ്പമുള്ള കാര്യമാണ്. എന്തെങ്കിലും പ്രത്യേക അനുഷ്ഠാനങ്ങളോ ഔദ്യോഗിക കാര്യങ്ങളോ നിനക്കതിനായി ആവശ്യമില്ല. രണ്ട് സാക്ഷ്യവചനങ്ങൾ ഉച്ചരിക്കുക എന്ന ലളിതമായ ഒരു കാര്യം നിർവ്വഹിക്കുന്നതോടെ നിനക്ക് മുസ്‌ലിമായിത്തീരാം. 'അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹ്, വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്' എന്നതാണ് ആ സാക്ഷ്യവചനം. (അർത്ഥം: അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും, മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു).

ഈയൊരു കാര്യം പറയുന്നതിലൂടെ ഒരാൾ മുസ്‌ലിമായിത്തീരും.

അതിന് ശേഷം ഇസ്‌ലാമിക ജീവിതം അവന് നയിച്ചു തുടങ്ങാം.

ഇസ്‌ലാം ഹൗസ് islamhouse.com എന്ന വെബ്സൈറ്റ് ഉപയോഗപ്പെടുത്തണമെന്ന് കൂടി അവസാനമായി ഓർമ്മപ്പെടുത്തട്ടെ. നിരവധി ഭാഷകളിലുള്ള ഗ്രന്ഥങ്ങൾ അവിടെ നിങ്ങൾക്ക് ലഭ്യമാണ്. ഇസ്‌ലാമിക ജീവിതം നയിക്കേണ്ടത് എങ്ങനെയാണ് എന്ന് വിവരിക്കുന്ന അനേകം പുസ്തകങ്ങൾ നിങ്ങൾക്ക് ഈ വെബ്സൈറ്റിൽ ലഭ്യമാണ്. വെബ്സൈറ്റ് ലിങ്ക്: islamhouse.com

# ഉള്ളടക്കം

**ആമുഖം ........ 3**

**1- എന്താണ് ഹൈന്ദവത? ........ 13**

**2- ഹൈന്ദവതയുടെ വളർച്ച എപ്രകാരമായിരുന്നു? ........ 14**

**3- എന്താണ് ഹിന്ദു മത വിശ്വാസം? ........ 14**

**4- ഏകനായ സ്രഷ്ടാവിനെ വ്യത്യസ്തങ്ങളായ വിഗ്രഹങ്ങളിലൂടെ രൂപപ്പെടുത്തുക എന്ന ചിന്താഗതി എങ്ങനെയാണ് ഹിന്ദുമതത്തിൽ ഉടലെടുത്തത്?! ........ 18**

**5- സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തെ ഹൈന്ദവർ എങ്ങനെയാണ് നോക്കിക്കാണുന്നത്? ........ 21**

**6- ഹൈന്ദവത ജീവിതത്തെയും മരണത്തെയും എങ്ങനെയാണ് നോക്കിക്കാണുന്നത്? ........ 28**

**7- ഹിന്ദുക്കളിലെ പുനർജന്മ സിദ്ധാന്തത്തിന്റെ ഉത്ഭവം എവിടെ നിന്നാണ്? ........ 33**

**8- ഹിന്ദു മതം പ്രപഞ്ചത്തെ വീക്ഷിക്കുന്നത് എങ്ങനെയാണ്? 36**

**9- ഹൈന്ദവ വിശ്വാസപ്രകാരം മനുഷ്യന്റെ ശരീരം എന്തിൽ നിന്നാണ് രൂപം കൊണ്ടിരിക്കുന്നത്? ........ 37**

**10- ഹിന്ദു മതത്തിലെ സാമൂഹിക ജീവിതത്തിന്റെ ചിത്രം എന്താണ്? ........ 42**

**11- ഹിന്ദുക്കൾ പശുവിനെ പുണ്യമൃഗമായി കാണുന്നവരാണോ? ........ 48**

12- ഹിന്ദുക്കളിൽ തിന്മകളിൽ നിന്ന് അകന്നു നിൽക്കാനും ജീവിത വിശുദ്ധി കാത്തുസൂക്ഷിക്കാനുമുള്ള വലിയ പരിശ്രമം തന്നെ കാണാറുണ്ട്. ഇതെല്ലാം എടുത്തു പറയേണ്ട നന്മകളല്ലേ?! ........... 49

13- ഹിന്ദുമതം പഠിപ്പിക്കുന്ന തരത്തിലുള്ള യോഗാനിഷ്ഠകളും ധ്യാനങ്ങളുമെല്ലാം നല്ല കാര്യമല്ലേ? ........................................ 50

14- ആധുനിക ഹൈന്ദവതയിൽ മഠങ്ങളിൽ ഭജനമിരിക്കുക എന്ന രീതിയുണ്ട്; അതിലെന്തെങ്കിലും തെറ്റുണ്ടോ?! ............................ 53

15- ദേഹേഛകളെ ശരിപ്പെടുത്താനും തിന്മകളിൽ നിന്ന് രക്ഷപ്പെടാനുമുള്ള ഏറ്റവും ശരിയായ മാർഗം ഏതാണ്? .......... 56

16- എന്തു കൊണ്ടാണ് ഇസ്‌ലാം ഹൈന്ദവതയെ തീർത്തും നിരാകരിക്കുന്നത്? ................................................................ 58

17- എന്തു കൊണ്ട് ഓരോ മതവിശ്വാസിയും ഇസ്‌ലാം സ്വീകരിക്കുക എന്നത് നിർബന്ധമാണ്? ........................................ 62

8- എന്താണ് ഇസ്‌ലാം? .................................................................. 76

19- മനുഷ്യരുടെ ചിന്തയെ പരിഭ്രാന്തമാക്കിയ അനേകം ചോദ്യങ്ങളുണ്ട്; നാം എവിടെ നിന്ന് വന്നു? എന്തിനാണ് ഈ പ്രപഞ്ചത്തിൽ നാം വന്നെത്തിയത്? എവിടേക്കാണ് നമ്മുടെ ഈ യാത്ര നീങ്ങിക്കൊണ്ടിരിക്കുന്നത്? ഈ ചോദ്യങ്ങൾക്ക് ഇസ്‌ലാമിൽ ഉത്തരമുണ്ടോ?! ................................................................ 78

20- മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ ദൂതനാണെന്ന് നിനക്ക് എങ്ങനെയാണ് ബോധ്യപ്പെട്ടത്? .................................................... 79

21- ദൈവദൂതന്മാരിൽ വിശ്വസിക്കാതെ ദൈവത്തിൽ മാത്രം വിശ്വസിച്ചാൽ മതിയാവില്ലേ?! ഹിന്ദുക്കളിൽ ചിലർ അപ്രകാരം വിശ്വസിക്കുന്നുണ്ടല്ലോ?! ................................................................ 94

## ഹൈന്ദവ; ഒരു പഠനം


22- എന്തിനാണ് അല്ലാഹു തിന്മകളെ സൃഷ്ടിച്ചത്? ......................... 96

23- അല്ലാഹുവിനുള്ള സമർപ്പണത്തിന്റെ പ്രത്യക്ഷരൂപങ്ങൾ എങ്ങനെയാണ്?! മറ്റൊരു വാക്കിൽ പറഞ്ഞാൽ; നീ ഒരു മുസ്‌ലിമാണെന്ന് -അല്ലാഹുവിന് പരിപൂർണ്ണമായി കീഴൊതുങ്ങിയവനാണെന്ന്- എങ്ങനെയാണ് മനസ്സിലാവുക?! 98

അവസാനമായി ഒരു ചോദ്യം കൂടെ! എങ്ങനെയാണ് എനിക്ക് ഇസ്‌ലാമിൽ പ്രവേശിക്കാൻ സാധിക്കുക?! .................................. 102